# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 – ലക്കം 10 ഒക്ടോബർ 2009 Rs. 7.00



**അതുല്യനായ ക്രിസ്തു**
സ്റ്റാൻലി ജോൺസ്

**അന്ത്യകാലസഭയ്ക്കുള്ള മുന്നറിയിപ്പ്**
സാക് പുന്നൻ

**കുരിശും കഠാരയും**
ഡേവിഡ് വിൽക്കേഴ്സൺ

**മാതാപിതാക്കളും മക്കളും**
ജോസ് മാത്യു

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 7 ഒക്ടോബർ 2009 ലക്കം 10

## എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**

**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)


'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്
9495234087/9249516234

### വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള- 686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.


## വിദേശപ്രതിനിധികൾ

U.S.A
**Binoy James**
Ph. 512990-2808(R)
512826-5028(O)
Email: benoyjames@hotmail.com

DUBAI
**Shabu Kuruvilla**
Ph. 050-7970839
E-mail: skuruvi@gmail.com


## മൊഴി മുത്ത്




ഭാവി ഒരു ഇരുണ്ട രാത്രി പോലെയാണ് തോന്നുന്നതെങ്കിൽ അതിനു നടുവിലും ക്രിസ്ത്യാനിക്ക് പ്രഭ ചൊരിയുന്ന ഒരു നക്ഷത്രം കാണാൻ കഴിയും. പിതാവായ ദൈവത്തിന്റെ നന്മയാണ് ആ നക്ഷത്രത്തിളക്കം. ഭയപ്പെടുത്തുന്ന ഒരു കാലഘട്ടത്തിലും ക്രിസ്ത്യാനിക്ക് ആ സാഹചര്യത്തോടു ചേർന്നുപോകുന്നതായി തോന്നാത്ത ഒരു വചനം കൂട്ടിനുണ്ട്- കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ. അതേ ഇവിടെ ഇപ്പോൾ നമുക്കു സന്തോഷിക്കാൻ കഴിയും. കാരണം നാം വിശ്വസിക്കുന്നത് ജീവനുള്ള ഒരു ദൈവത്തിലാണ്. ആ ദൈവം യേശുക്രിസ്തുവിലൂടെ നമ്മുടെ പിതാവും ആയിത്തീർന്നിരിക്കുന്നു. നാം ആവശ്യത്തിന്റെ മദ്ധ്യത്തിൽ തന്നിൽ വിശ്വസിച്ച് അവിടുത്തെ സഹായത്തെ മാത്രം നമ്പി പ്രാർത്ഥിക്കുമെങ്കിൽ നമ്മുടെ സ്വർഗ്ഗീയപിതാവ് നമ്മെ സഹായിക്കും. അവിടുത്തെ അത്ഭുതങ്ങൾ നമ്മെ കാണിക്കും. തന്റെ സ്നേഹത്തിൽ വിശ്വസിക്കുകയും തന്റെ സർവ്വശക്തിയിൽ ആശ്രയിക്കുകയും ചെയ്യുന്നവർക്കായി അവിടുന്ന് ഇന്നും പ്രവർത്തിക്കും. ദുരന്തങ്ങൾക്കു നടുവിൽ അവിടുന്നു നമ്മെ സൂക്ഷിക്കും. സർവ്വശക്തനായ ദൈവത്തെ, സ്നേഹവാനായ പിതാവിനെ, നാം വാസ്തവത്തിൽ വിശ്വാസത്തോടെ ആശ്രയിച്ചാൽ നമ്മുടെ ഉള്ളിൽ ശക്തിയും കൃപയും നിറയുന്നത് അനുഭവപ്പെടും.

എം. ബസീലിയ ഷ്ളിങ്ക്

## എഡിറ്റോറിയൽ

# അതുല്യനായ ക്രിസ്തുവിനെ സമീപിക്കാനുള്ള തടസ്സം



'യഥാർത്ഥത്തിൽ ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം മനുഷ്യനായി ഭൂമിയിൽ വന്നാൽ ആ ദൈവത്തിന് യേശുവിനെപ്പോലെയേ പെരുമാറുവാൻ കഴിയൂ':വിവിധ മതങ്ങളിലെ അവതാരങ്ങളെക്കുറിച്ചു പഠിച്ച ശേഷം ഒരു ചിന്തകന്റെ വിലയിരുത്തൽ.

അദ്ദേഹം ഉദ്ദേശിച്ചത് ഇതാണ്: മനുഷ്യന്റെ പ്രശ്നങ്ങളിൽ താത്പര്യമുള്ള ദൈവം ഭൂമിയിൽ മനുഷ്യനായി വന്നാൽ യേശു ജീവിച്ചതുപോലെയാകും ജീവിക്കുക. എത്ര ശരി! പുൽക്കൂടു മുതൽ കാൽവറി വരെയുള്ള യേശുവിന്റെ ജീവിതം പരിശോധിച്ചാൽ കവി പാടിയതുപോലെ 'ഇത്ര മഹാനായ് ഉത്തമനാകുമൊരുത്തനെ ഉലകിൽ കാണുമോ?' ഇല്ല. മറ്റാരും ഇതുപോലെയില്ല. ഇതാണ് യേശുവിന്റെ അതുല്യത.

എന്നാൽ യേശുവിന്റെ അതുല്യത കണ്ട് തന്നെ അനുഗമിക്കുന്നതിൽ നിന്ന് ആളുകളെ തടയുന്നത് എന്താണ്? ഇന്ത്യയെ സ്നേഹിച്ച് ഇവിടെ വന്നു ജീവിച്ചു മരിച്ച ക്രിസ്തീയമിഷനറി സ്റ്റാൻലി ജോൺസ് ഈ ചോദ്യം ഉറക്കെ ചോദിച്ചിട്ടുണ്ട്.( ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള ശ്രമമാണു സത്യത്തിൽ അദ്ദേഹത്തിന്റെ പ്രശസ്തഗ്രന്ഥം 'ഭരതീയ പാതകളിലെ ക്രിസ്തു.') എന്നാൽ ഭാരതീയ പശ്ചാത്തലത്തിൽ ഈ ചോദ്യം ഉന്നയിച്ച അദ്ദേഹം കണ്ടെത്തിയ മറുപടി ഇതാണ്: ക്രിസ്തു ഭാരതീയർക്കു സ്വീകാര്യനാണ്. എന്നാൽ ക്രിസ്തുമതമാണ് ഭാരതീയർക്കു ക്രിസ്തുവിനെ അംഗീകരിക്കുവാൻ തടസ്സമായി നിൽക്കുന്നത്.

യേശുവിനെ ഒന്നു കാണുവാൻ ശ്രമിച്ച സക്കായിയെക്കുറിച്ചു നാം സുവിശേഷങ്ങളിൽ വായിക്കുന്നു. അദ്ദേഹത്തിന് യേശുവിനെ കാണുവാനുള്ള തടസ്സം യേശുവിനെ ചൂഴ്ന്നു നിന്ന അനുയായിവൃന്ദം ആയിരുന്നു. ഒടുവിൽ സക്കായിക്ക് യേശു പോകുന്ന വഴിയിൽ മുന്നോട്ടോടി ഒരു മരത്തിൽ കയറേണ്ടിവന്നു -യേശുവിനെ ഒരു നോക്കു കാണുവാൻ. മറ്റുള്ളവരുടെ കാഴ്ചയിൽ നിന്നു യേശുവിനെ മറച്ചത് യേശുവിനു ചുറ്റും നിന്ന ആളുകൾ തന്നെയായിരുന്നു. അല്ലെങ്കിൽ ഇങ്ങനെ പറയാം: ആറടി പൊക്കമുള്ള യേശുവിനെ മറച്ചത് ചുറ്റും നിന്ന ആളുകളുടെ ഏഴടി പൊക്കമായിരുന്നു!

ചരിത്രം ആവർത്തിക്കുകയാണ്. ഇന്നും ക്രിസ്തുവിനെ കാണുന്നതിൽ നിന്നു ജനങ്ങളെ തടയുന്നത് ക്രിസ്തുവിനോടു അടുത്തു നിൽക്കുന്നു എന്നവകാശപ്പെടുന്ന ക്രിസ്തുമതത്തിന്റെ 'പൊക്ക'മാണ്! അംബരചുംബികളായ പള്ളികളും യേശുവിന്റെ പേരിൽ പടുത്തുയർത്തിയിരിക്കുന്ന സ്ഥാപനങ്ങളും പശുത്തൊട്ടിയിൽ കീറ്റുശീലയിൽ കിടന്ന യേശുവിനെയും കുരിശിലെ അർദ്ധനഗ്നനായ രക്ഷകനെയും സാധാരണക്കാരുടെ ദൃഷ്ടിക്കു മറച്ചിരിക്കുന്നു! യഥാർത്ഥ യേശുവിനെ കാണാൻ കഴിയാതെവണ്ണം യേശുവിനു ചുറ്റും ക്രിസ്തുമതം കെട്ടിപ്പൊക്കിയിരിക്കുന്നത് ഇരുമ്പുമറയാണ്. ഇതാകട്ടെ, യേശുവിനെ സമീപിക്കുന്നതിൽനിന്ന് ആളുകളെ അകറ്റി നിർത്തുന്നു. ഈ പള്ളിമതത്തിന്റെ തടവറ

യിൽ നിന്ന് യേശുവിനെ മോചിപ്പിച്ചു പുറത്തുകൊണ്ടുവന്നാൽ ആ യേശു ഭാരതീയർക്കു സ്വീകാര്യനായിരിക്കുമെന്നാണു സ്റ്റാൻലി ജോൺസ് വിവക്ഷിച്ചത്.

ഇന്നും പള്ളിമതത്തിനു സംരക്ഷിക്കുവാൻ അതിന്റേതായ സ്ഥാപിത താത്പര്യങ്ങളുണ്ട്. യേശുവിന്റെ പേരിൽ പണിതുയർത്തിയ കെട്ടിടങ്ങൾ, പടുത്തുയർത്തിയ പ്രസ്ഥാനങ്ങൾ....ഇവയെല്ലാം കെട്ടിപ്പടുത്തും നിലനിർത്തിയും മുന്നോട്ടുപോകാൻ പണം ആവശ്യമായതിനാൽ താത്പര്യങ്ങൾ വാണിജ്യവൽക്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. സമാനമായ സ്വകാര്യലക്ഷ്യങ്ങൾ ഉള്ളതിനാൽ ഈ മതത്തിനു ഇന്നു രാഷ്ട്രീയത്തോടും കൈ കോർക്കുവാനും മടിയില്ല. അതേസമയം ക്രിസ്തുമതം എപ്പോഴും ആണയിടുന്നത് യേശുവിനെച്ചൊല്ലിയാണു താനും.

എന്നാൽ യേശു തീർത്തും വ്യത്യസ്തനാണ്. അവിടുത്തേക്കു സ്ഥാപിത താത്പര്യങ്ങളില്ല; രഹസ്യഅജണ്ടകളും. പ്രത്യേകിച്ച് ഒന്നും സംരക്ഷിക്കാനില്ല. അതുകൊണ്ട് ആരേയും പ്രീണിപ്പിക്കേണ്ടതുമില്ല. ഈ യേശു വാസ്തവത്തിൽ പള്ളിമതത്തിന്റെ ചട്ടക്കൂട്ടിൽ ഇന്നുണ്ടായിരിക്കുമോ? ഇല്ല. യഥാർത്ഥയേശുവിനെ പുറത്താക്കി അവർ വാതിൽ കൊട്ടിയടച്ചിരിക്കുന്നു. അതുകൊണ്ടാണ് അവിടുത്തേക്ക് ഇന്നു വാതിൽക്കൽ നിന്നു മുട്ടേണ്ടിവരുന്നത്.(വെളി.3:20)

യഥാർത്ഥയേശുവിനെ മതത്തിന് ഉൾക്കൊള്ളാൻ കഴിയുകയില്ല. പ്രശസ്ത റഷ്യൻ സാഹിത്യകാരൻ ദസ്തയോവ്സ്കി തന്റെ എക്കാലത്തേയും മികച്ച ക്ലാസിക്കായ 'കാരമസോവ് സഹോദരന്മാരി'ൽ ഒരു അന്യാപദേശകഥയിലൂടെ ഇതു വ്യക്തമായി വരച്ചു കാട്ടിയിരിക്കുന്നതിങ്ങനെ: കഥ നടക്കുമ്പോൾ യേശു ജനിച്ചു മരിച്ചിട്ടു നൂറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. പള്ളിമതം രാജകീയപ്രൗഢിയോടെ വാഴുന്ന കാലം. അങ്ങനെയിരിക്കെ യേശു ഒരു ദിവസം വീണ്ടും തെരുവിലൂടെ നടന്നുവന്നു. സാധാരണക്കാരിലൊരുവനായി; സഹജമായ ലാളിത്യത്തോടെ. ആരും അവനെ തിരിച്ചറിയുമായിരുന്നില്ല. എന്നാൽ മതമേധാവിയായ കർദ്ദിനാൾ ദൈന്യമായ ആ രൂപത്തെ തിരിച്ചറിഞ്ഞു. തെളിഞ്ഞ നീലാകാശം പോലെ നിഷ്ക്കളങ്കമായ ആ കണ്ണുകളിൽ നിന്ന് യേശുവാണത് എന്നയാൾ വായിച്ചെടുത്തു. യേശുവിന്റെ പേരിൽ കെട്ടിപ്പടുത്ത മതത്തിനു പലതും സംരക്ഷിക്കാനുള്ളപ്പോൾ യേശു സ്വതന്ത്രനായി തെരുവിലൂടെ സഞ്ചരിച്ചാലുള്ള അപകടം മനസ്സിലാക്കിയ കർദ്ദിനാൾ യേശുവിനെ തുറുങ്കിലടച്ചു.പിന്നീടയാൾ യേശുവിനെ വിചാരണ ചെയ്യുന്നു. കർദ്ദിനാളിന്റെ നോട്ടത്തിൽ യേശു മൂന്നു തെറ്റുകൾ ചെയ്തു. യേശു പരസ്യശുശ്രൂഷയ്ക്ക് ഇറങ്ങുന്നതിനു തൊട്ടുമുൻപ് മരുഭൂമിയിൽ പിശാച് യേശുവിനെ പരീക്ഷിക്കുമ്പോൾ മൂന്നു പ്രലോഭനങ്ങളാണല്ലോ മുന്നോട്ടു വച്ചത്. കല്ലിനെ അപ്പമാക്കിത്തീർത്ത് ആളുകളുടെ അംഗീകാരവും ആദരവും നേടാൻ പിശാച് ആവശ്യപ്പെട്ടു. യേശു അത് നിരസിച്ചു. രണ്ടാമത് തന്നെ നമസ്കരിച്ച് ഈ ലോകത്തിന്റെ മുഴുവൻ അധികാരവും മഹത്വവും കൈയാളാൻ യേശുവിനെ പ്രലോഭിപ്പിച്ചു. യേശു അതിനും വിസമ്മതിച്ചു. അടുത്തതായി വലിയ ഒരു ഗോപുരത്തിന്റെ അഗ്രത്തിൽ നിന്നു താഴോട്ടു ചാടി ഒരപകടവും പറ്റാതെ നിന്ന് ആളുകളുടെ അത്ഭുതാദരങ്ങൾക്കു പാത്രമാകാൻ പിശാച് യേശുവിനെ ഉപദേശിച്ചു. യേശു അതും നിഷേധിച്ചു.

എന്നാൽ കർദ്ദിനാളിന്റെ അഭിപ്രായത്തിൽ ഈ മൂന്നു വാഗ്ദാനങ്ങളും യേശു സ്വീകരിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ രഹസ്യം, അധികാരം, അത്ഭുതം

(ശേഷംപേജ്27)



സന്ദേശം

# അതുല്യനായ ക്രിസ്തു

സ്റ്റാൻലി ജോൺസ്



*കുഞ്ഞുങ്ങൾക്കു സമൂഹത്തിലുള്ള വിലയെക്കുറിച്ച് യേശു ഉപദേശം ഒന്നും നൽകിയില്ല. പകരം അവരിൽ ഒരുവനെ അവരുടെ നടുവിൽ നിർത്തി ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാണെന്നു പ്രഖ്യാപിച്ചു.*

**കാ**ണാവുന്ന കാര്യങ്ങൾക്ക് അതീതമായ ഒരു തലത്തിൽ ജീവിക്കുന്ന മിസ്റ്റിക്കുകളുടെ നാടാണു ഭാരതം. ഭാരതത്തിന്റെ അന്തരീക്ഷത്തിൽത്തന്നെ നിങ്ങൾക്കത് അനുഭവപ്പെടും. യേശുവും സത്യത്തിൽ ഏറ്റവും വലിയ മിസ്റ്റിക്ക് ആയിരുന്നു. കാണാത്ത കാര്യങ്ങളായിരുന്നു യേശുവിനെ സംബന്ധിച്ചിടത്തോളം യഥാർത്ഥം. രാത്രി മുഴുവൻ അവിടുന്നു മലയിൽ പിതാവിനോടുള്ള സംസർഗ്ഗത്തിൽ, പ്രാർത്ഥനയിൽ, സമയം ചെലവഴിച്ചു. അവിടുന്നു ദൈവത്തിലും ദൈവം തന്നിലും വസിച്ചു. "ഞാനും പിതാവും ഒന്നാണ്" എന്ന് യേശു പറയുമ്പോൾ നിങ്ങൾക്ക് അങ്ങനെതന്നെ തോന്നും.

മിസ്റ്റിക്കായ യേശുവിനു മിസ്റ്റിസിസത്തിന്റെ നാടായ ഭാരതത്തോട് ഒന്നായി സംവദിക്കാൻ കഴിയും. എന്നാൽ യേശു മിസ്റ്റിക്കായിരുന്നപ്പോൾ തന്നെ വളരെ യാധാർത്ഥ്യബോധവും പ്രായോഗികതയും ഉള്ള ആളായിരുന്നു. ഊഹാപോഹങ്ങളും തോന്നലുകളും അരങ്ങുവാണിരുന്ന ഒരു കാലഘട്ടത്തിൽ പ്രായോഗികയാഥാർത്ഥ്യത്തിന്റെ പുതുക്കവുമായാണ് അവിടുന്നു വന്നത്. അവിടുന്നു വ്യക്തമായി പഠിപ്പിച്ചു. ഊഹാപോഹമൊന്നും നടത്തിയില്ല. 'ഒരു പക്ഷേ','ചിലപ്പോൾ,' 'ഞാൻ വിചാരിക്കുന്നത്' എന്നിങ്ങനെയുള്ള പദങ്ങളൊന്നും യേശു ഉപയോഗിച്ചില്ല. അവിടുത്തെ വാക്കുകൾ വളരെ വ്യക്തമായിരുന്നു. അത് ആളുകളുടെ മനസ്സിൽ അധികാരത്തോടും കൃത്യതയോടുമായിരുന്നു ചെന്നു പതിച്ചത്.

മാതൃത്വത്തിന്റെ പവിത്രതയെക്കുറിച്ച് യേശു ചർച്ച ഒന്നും നടത്തിയില്ല.-പകരം ഒരു ശിശുവായി

അമ്മയുടെ വക്ഷസ്സോടു ചേർന്നിരുന്നു. ആ രംഗം എന്നും മാതൃത്വത്തിനായി സമർപ്പിതമായ ഒന്നാണ്.

ജീവിതമെന്നു പറയുന്നത് വളർച്ചയോടും സ്വഭാവരൂപീകരണത്തോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ള വാദഗതിയൊന്നും യേശു ഉന്നയിച്ചില്ല-പകരം അവിടുന്ന് 'ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു'.

എന്തുകൊണ്ടാണ് ഈ ലോകത്തിൽ പ്രലോഭനങ്ങളും പരീക്ഷകളും ഉള്ളത് എന്നതിനെപ്പറ്റി അഭ്യൂഹമൊന്നും നടത്താൻ യേശു മുതിർന്നില്ല.-പകരം അവിടുന്ന് അതിനെ നേരിട്ടു. മരുഭൂമിയിൽ നാല്പതു ദിവസം പ്രലോഭനങ്ങളോടു പോരാടിയശേഷം അവിടുന്നു വിജയിയായി'ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്കു മടങ്ങിവന്നു.'

അധ്വാനത്തിന്റെ മഹത്വത്തെക്കുറിച്ച് യേശു പ്രസ്താവനയൊന്നും നടത്തിയില്ല.-പകരം അവിടുന്ന് ഒരു തച്ചന്റെ പണിശാലയിൽ പകലന്തിയോളം ജോലിചെയ്തു. നുകവും കലപ്പയുമുണ്ടാക്കുന്ന കഠിനാധ്വാനം മൂലം അവിടുത്തെ കൈവെള്ളയിൽ തഴമ്പു വീണു. അങ്ങനെ കരങ്ങളുടെ അധ്വാനത്തെ അവിടുന്നു ബഹുമാന്യമാക്കി.

ഭവനത്തിൽ ഒരുവന്റെ വെളിച്ചം സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ഇടയിൽ പ്രകാശിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യേശു സംഭാഷിക്കുന്നതായി നാം കാണുന്നില്ല.-പകരം സ്വന്തനാട്ടിൽ, നസറേത്തിൽ, നന്മയുടെയും രോഗശാന്തിയുടെയുമായ തന്റെ പദ്ധതികൾ അവിടുന്നു പ്രഖ്യാപിക്കുന്നു. അതു കേട്ടവരാകട്ടെ, 'അവിടുത്തെ വായിൽനിന്നു പുറപ്പെട്ട ലാവണ്യവാക്കുകളെക്കുറിച്ച് ആശ്ചര്യപ്പെട്ടു.

യേശു മനുഷ്യരുടെ ഇടയിൽ വന്നപ്പോൾ ദൈവത്തിന്റെ അസ്തിത്വത്തെ തെളിയിക്കാൻ അവിടുന്നു മിനക്കെട്ടില്ല.-പകരം അവിടുന്നു ദൈവത്തെ ഭൂമിയിലേക്കു കൊണ്ടുവന്നു. അവിടുന്നു ദൈവത്തിൽ വസിച്ചു. അതുകൊണ്ടുതന്നെ അവിടുത്തെ മുഖത്തേക്കു നോക്കിയവർക്ക് ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അശേഷം സംശയം ഉണ്ടായിരുന്നില്ല.

സോക്രട്ടീസിനെപ്പോലെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് യേശു വാദപ്രതിവാദം നടത്തിയില്ല. പകരം അവിടുന്നു മരിച്ചവരെ ഉയിർപ്പിച്ചു.

ദൈവം എങ്ങനെയാണ് ഒരു ത്രിത്വമായിരിക്കുന്നത് എന്നതിനെക്കുറിച്ച് യേശു ഊഹാപോഹമൊന്നും നടത്തിയില്ല. പകരം അവിടുന്നു പ്രഖ്യാപിച്ചു "ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം."ഇവിടെ ത്രിത്വം('ഞാൻ,' 'ദൈവാത്മാവ്', 'ദൈവം')എന്തെങ്കിലും അഭ്യൂഹം നടത്തേണ്ട ഒന്നല്ല. മറിച്ച് അത് വീണ്ടെടുക്കുന്ന(ഭൂതങ്ങളെ പുറത്താക്കുകയും ദൈവരാജ്യത്തെ ആനയിക്കുകയും ചെയ്യുന്ന) ഒരു പ്രവർത്തനശക്തിയാണ്.

കുഞ്ഞുങ്ങൾക്കു സമൂഹത്തിലുള്ള വിലയെക്കുറിച്ച് യേശു ഉപദേശം ഒന്നും നൽകിയില്ല. പകരം അവരുടെ തലമേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു. അവരിൽ ഒരു ശിശുവിനെ അവരുടെ നടുവിൽ നിർത്തി ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാണെന്നു പ്രഖ്യാപിച്ചു. ഒരു കുട്ടിയെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചു.

ദൈവം പ്രാർത്ഥന കേൾക്കും എന്ന് യേശു സിദ്ധാന്തിച്ചില്ല. പകരം അവിടുന്നു പ്രാർത്ഥിച്ചു; ചിലപ്പോൾ





രാത്രി മുഴുവൻ. രാവിലെ ഇറങ്ങിവന്നപ്പോൾ സൗഖ്യമാക്കാനുള്ള ദൈവത്തിന്റെ ശക്തി അവന്റെ മേൽ ഉണ്ടായിരുന്നു.

സൗഹൃദത്തിന്റെ മനോഹാരിതയെക്കുറിച്ചോ മാനുഷികസഹതാപത്തിന്റെ ആവശ്യകതയെക്കുറിച്ചോ യേശു വാങ്മയചിത്രങ്ങളൊന്നും വരച്ചു കാട്ടിയില്ല.-പകരം അവിടുന്നു തന്റെ സുഹൃത്തിന്റെ കല്ലറയ്ക്കൽ കണ്ണുനീർ വാർത്തു.

സ്ത്രീത്വത്തിന്റെ മഹനീയതയെക്കുറിച്ചോ സ്ത്രീയ്ക്കു തുല്യപദവി നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ യേശു വാദിച്ചില്ല. പകരം അവിടുന്ന് അങ്ങേയറ്റം ബഹുമാനത്തോടെ അവരോട് ഇടപെട്ടു. തന്റെ ഉദാത്തമായ ഉപദേശങ്ങൾ അവർക്കു നൽകി; അവിടുന്നു മരണത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റപ്പോൾ അവരിൽ ഒരാൾക്ക് ആദ്യം പ്രത്യക്ഷനായി.

താഴ്മയുടെ ആവശ്യകതയെപ്പറ്റി ഒരു ക്ലാസ്സുമുറിയിലെന്നപോലെ യേശു പഠിപ്പിച്ചില്ല.-പകരം ഒരു തോർത്തെടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുടക്കുവാനും തുടങ്ങി.

വ്യക്തികളുടെ തുല്യപദവിയെക്കുറിച്ച് നാം ഇന്നു ചെയ്യുന്നതുപോലെ യേശു ചർച്ചയൊന്നും നടത്തിയില്ല.-പകരം അവിടുന്നു പാവപ്പെട്ടവരുടെയും പുറംതള്ളപ്പെട്ടവരുടെയും അടുക്കൽ പോയി അവരോടൊപ്പം ഭക്ഷണം കഴിച്ചു.

ഈ പ്രപഞ്ചത്തിലെ വേദനയും മനുഷ്യരാശിയുടെ കണ്ണുനീരും ദൈവസ്നേഹവുമായി താരതമ്യം ചെയ്തു യേശു എന്തെങ്കിലും തെളിയിക്കാൻ ശ്രമിച്ചില്ല.-പകരം ദൈവസ്നേഹത്തിന് എതിരായി പറഞ്ഞതെല്ലാം അവിടുന്നു കാൽവറിയിൽ സ്വയം ഏറ്റെടുക്കു

**താഴ്മയുടെ ആവശ്യകതയെപ്പറ്റി ഒരു ക്ലാസ്സുമുറിയിലെന്നപോലെ യേശു പഠിപ്പിച്ചില്ല.-പകരം ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും തുണികൊണ്ട് തുവർത്തുവാനും തുടങ്ങി. വ്യക്തികളുടെ തുല്യപദവിയെക്കുറിച്ച് നാം ഇന്നു ചെയ്യുന്നതുപോലെ യേശു ചർച്ചയൊന്നും നടത്തിയില്ല.-പകരം അവിടുന്നു പാവപ്പെട്ടവരുടെയും പുറംതള്ളപ്പെട്ടവരുടെയും അടുത്തേക്കു പോയി അവരോടൊപ്പം ഭക്ഷണം കഴിച്ചു.**

കയും ആ വേദനയിലൂടെയും ദുരന്തത്തിലൂടെയും ദൈവസ്നേഹം വെളിപ്പെടുത്തുകയും ചെയ്തു.

എങ്ങനെയാണ് ഏറ്റവും ദുർബലരായ മനുഷ്യരെ രൂപാന്തരപ്പെടുത്തി ലോകനന്മയ്ക്ക് ഉപയുക്തരാക്കുന്നത് എന്നതിനെപ്പറ്റി യേശു സംവാദം ഒന്നും നടത്തിയില്ല.-പകരം അവിടുന്ന് ദുർബലരായ ഒരു പറ്റം മനുഷ്യരെ, ഗലീലക്കാരായ മുക്കുവരെ, വിളിച്ചു രൂപാന്തരപ്പെടുത്തി ലോകത്തിന്റെ ഉന്നമനത്തിനും വീണ്ടെടുപ്പിനുമായുള്ള ഏറ്റവും ശക്തമായ പ്രസ്ഥാനം ആരംഭിക്കാനുള്ള ദൗത്യം ഏല്പിച്ചു പറഞ്ഞയച്ചു.

യേശു പുസ്തകം ഒന്നും എഴുതിയില്ല-ഒരിക്കൽ മാത്രമാണ് അവിടുന്ന് എഴുതിയതായിപ്പറയുന്നത്; അതു മണലിലായിരുന്നു.-പക്ഷേ അവിടുന്നു ആളുകളുടെ ഹൃദയത്തിലും മനസ്സാക്ഷിയിലും തന്നെക്കുറിച്ച് എഴുതി. അത് ലോകത്തിലെ ഏറ്റവും വിലപ്പെട്ട എഴുത്തായി മാറുകയും ചെയ്തു.

ഒരു അപ്രായോഗികമായ ആശയ

ത്തെക്കുറിച്ചല്ല യേശു സംസാരിച്ചത്- പകരം ദൈവരാജ്യം നമ്മുടെ ഉള്ളിലാണെന്നും അത് സമീപത്തു വന്നെത്തിയെന്നും ഇവിടെ ഇപ്പോൾത്തന്നെ അതു മനസ്സിലാക്കുവാൻ കഴിയുമെന്നും അവിടുന്ന് പ്രഖ്യാപിച്ചു.

യോഹന്നാൻ കാരാഗൃഹത്തിൽനിന്നു ശിഷ്യന്മാരെ യേശുവിന്റെ അടുക്കലേക്കയച്ച് 'വരുവാനുള്ളവൻ നീയോ അതോ ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ?' എന്നു ചോദിച്ചു. യോഹന്നാന്റെ ശിഷ്യന്മാരുമായി യേശു അതു സംബന്ധിച്ച് ഒരു വാദപ്രതിവാദത്തിന് ഒരുമ്പെട്ടില്ല.-പകരം അവിടുന്നു ശാന്തമായി ലളിതമായി ഇങ്ങനെ പറഞ്ഞു:"കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു. കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു.ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നതു യോഹന്നാനെ ചെന്നറിയിപ്പിൻ." എല്ലാവർക്കും കാണാവുന്ന ഈ വസ്തുതകളായിരുന്നു അവിടുത്തേക്കുള്ള മറുപടി.

സ്നേഹത്തിന്റെ സൗന്ദര്യത്തെ യേശു വർണ്ണിച്ചില്ല.-പകരം അവിടുന്നു സ്നേഹിച്ചു.

ആത്മീയജീവിതത്തിനു ഭൗതികവസ്തുക്കളെ കീഴടക്കാൻ സാധിക്കുമെന്നു യേശു വാദിക്കുന്നതായി നാം കാണുന്നില്ല.-പകരം അവിടുന്നു വെള്ളത്തിന്മീതേ നടന്നു.

ചുറ്റുപാടുമുള്ള ആളുകളുടെ ഭൗതികാവശ്യങ്ങളെക്കുറിച്ച് അവിടുന്നു ബോധവാനായിരുന്നു. പക്ഷേ അവരുടെ ഒരു വക്താവായി യേശു സംസാരിച്ചില്ല.-പകരം അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചു.

രണ്ടു ദുരിതങ്ങളാൽ വേട്ടയാടപ്പെട്ട ഒരു മനുഷ്യനെ അവർ യേശുവിന്റെ അടുത്തു കൊണ്ടുവന്നു. അവൻ ശരീരത്തിൽ രോഗി ആയിരുന്നു. അതിനും ആഴത്തിൽ പാപംമൂലം അവന്റെ മനസ്സാക്ഷിയും രോഗാതുരമായിരുന്നു. യേശു ആദ്യം ആഴത്തിലുള്ള പ്രശ്നത്തെ കൈകാര്യം ചെയ്തു. "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു." ആളുകൾ ഇതിനെതിരേ പ്രതിഷേധിച്ചപ്പോൾ അവിടുന്നു ചോദിച്ചു "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറയുന്നതോ പക്ഷവാതക്കാരനോടു കിടക്ക എടുത്തു നടക്കുക എന്നു പറയുന്നതോ ഏതാണ് എളുപ്പം?" എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട് എന്ന് അവർ അറിയേണ്ടതിനു അവിടുന്നു പക്ഷവാതക്കാരനോട് "എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക" എന്നു പറഞ്ഞു. പുറമേ കണ്ട ആ വ്യക്തമായ അത്ഭുതം ആന്തരികമായി സംഭവിച്ച ഒന്നിന്റെ ബഹിർപ്രകടനമായിരുന്നു.

'മനുഷ്യപുത്രൻ' എന്നു പറയുന്നതുപോലെ യേശുവിനെ 'വസ്തുതകളുടെ(യാഥാർത്ഥ്യത്തിന്റെ) പുത്രൻ' എന്നും വിളിക്കാം. അവിടുത്തെ വസ്തുനിഷ്ഠമായ വിലയിരുത്തലിന്റെ, യാഥാർത്ഥ്യബോധത്തിന്റെവ്യക്തമായ ഉദാഹരണം മനുഷ്യപുത്രൻ സിംഹാസനത്തിലിരുന്നു ന്യായം വിധിക്കുന്ന രംഗത്തു കാണാൻ കഴിയും. വലതുവശത്തുള്ളവരോടു "നിങ്ങൾ എന്നിലും എന്റെ ഉപദേശത്തിലും വിശ്വസിച്ചു; അതുകൊണ്ടു വരിക, എന്റെ രാജ്യത്തിലേക്കു നിങ്ങൾക്കു സ്വാഗതം" എന്നല്ല അവിടുന്നു പറയുന്നത്. മറിച്ച് "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു. ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു. ഞാൻ അതിഥി ആയിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു. നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. രോഗിയായിരുന്നു, നിങ്ങൾ





എന്നെ കാണ്മാൻ വന്നു. തടവിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു." എന്നാണ് അവിടുന്നു പറയുന്നത്. ഇതു കേട്ട അവിടുത്തെ യഥാർത്ഥ ശിഷ്യരായിരുന്ന 'വസ്തുതകളുടെ പുത്രന്മാരും' തങ്ങൾക്കു സ്വർഗ്ഗം തെറ്റായവിധം ലഭിക്കരുതെന്നു നിർബന്ധമുള്ളവരായിരുന്നതിനാൽ ഇങ്ങനെ വ്യക്തമായി ചോദിച്ചു. "കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചുകണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കുകയോ ചെയ്തു.? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ട് ഞങ്ങൾ നിന്റെ അടുക്കൽ വന്നു?" അപ്പോൾ കർത്താവിന്റെ മറുപടി ഇങ്ങനെയായിരുന്നു: "എന്റെ ഈ എറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു." യേശു സ്വയം യാഥാർത്ഥ്യബോധമുള്ള ഒരുവനായിരുന്നു. അവിടുന്നു വ്യക്തതയും കൃത്യതയുമുള്ളഒരു ജീവിതം തന്റെ ശിഷ്യന്മാരിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഒരു മനുഷ്യാത്മാവിന്റെ വില സർവ്വലോകത്തേക്കാളും വലുതാണെന്ന് അവിടുന്നു നമ്മോടു പറഞ്ഞു. അതുകൊണ്ടു ഭൂതബാധിതനായ ഒരുവനെ സൗഖ്യമാക്കുവാൻ കൊടുങ്കാറ്റിനാൽ ഇളകിമറിയുന്ന ഒരു തടാകം മറികടന്ന് യേശു അക്കരെക്കു പോയി. മാത്രമല്ല, നഷ്ടപ്പെട്ട ഈ മനുഷ്യനെ രക്ഷിക്കുവാൻ രണ്ടായിരം പന്നികളെ നഷ്ടപ്പെടുത്തുവാനും അവിടുന്നു മടിച്ചില്ല.

പാപരഹിതനായി ജീവിക്കുവാനുള്ള ഒരു സാദ്ധ്യതയെക്കുറിച്ച് യേശു തർക്കത്തിനൊന്നും നിന്നില്ല-പകരം അവിടുന്നു തന്നെത്തന്നെ മറ്റുള്ളവരുടെ മുൻപാകെ വച്ചിട്ട് വെല്ലു വിളിച്ചു: "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധ്യം വരുത്തും?" എന്ന്.

**സ്നേഹത്തിന്റെ സൗന്ദര്യത്തെ യേശു വർണ്ണിച്ചില്ല.-പകരം അവിടുന്നു സ്നേഹിച്ചു. ആത്മീയജീവിതത്തിനു ഭൗതികവസ്തുക്കളെ കീഴടക്കാൻ സാധിക്കുമെന്നു യേശു വാദിക്കുന്നതായി നാം കാണുന്നില്ല.-പകരം അവിടുന്നു വെള്ളത്തിന്മീതേ നടന്നു. ചുറ്റുപാടുമുള്ള ആളുകളുടെ ഭൗതികാവശ്യങ്ങളെക്കുറിച്ച് അവിടുന്നു ബോധവാനായിരുന്നു. പക്ഷേ അവരുടെ ഒരു വക്താവായി യേശു സംസാരിച്ചില്ല.-പകരം അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചു.**

ഒരു ചെകിട്ടത്തടിച്ചാൽ മറ്റേതു കാണിച്ചുകൊടുക്കുക, ഒരു മൈൽ കൂടെ വരാൻ നിർബന്ധിച്ചാൽ രണ്ടു മൈൽ കൂടെപ്പോകുക, ഉടുപ്പ് എടുക്കുന്നവന് പുതപ്പു കൂടി വിട്ടുകൊടുക്കുക, ശത്രുക്കളെ സ്നേഹിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യുക' എന്നീ കാര്യങ്ങൾ അവിടുന്നു വെറുതെ പറയുകയല്ല ചെയ്തത്. യേശു സ്വയം അതു ചെയ്തു. ചേവകർ ഒരു ചെകിട്ടത്ത് അടിച്ചപ്പോൾ മറ്റേത് അദ്ദേഹം കാണിച്ചുകൊടുത്തു. പടയാളികൾ അവിടെയും അടിച്ചു. അവർ ഒരു മൈൽ ഗത്സമെനെ മുതൽ വിചാരണസ്ഥലം വരെ കൂടെവരാൻ നിർബന്ധിച്ചപ്പോൾ അവരോടൊപ്പം അദ്ദേഹം രണ്ടു മൈൽ-കാൽവറി- വരെ പോയി. വിചാരണസ്ഥലത്തുവച്ച് അവർ തന്റെ വസ്ത്രം എടുത്തു. ക്രൂശിൽവ ച്ച് അവിടുന്നു തന്റെ അങ്കിയും അവർക്കു നൽകി.ക്രൂശിലെ

ക്രൂരമായ വേദനയിൽ അവിടുന്നു ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ."

മരണം നമ്മെ ഭയപ്പെടുത്തേണ്ട ഒന്നല്ല എന്ന് അവിടുന്നു വെറുതെ പറയുക മാത്രമല്ല ചെയ്തത്-യേശു സ്വയം മരണത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റു. കണ്ടാലും ഇപ്പോൾ കല്ലറ പ്രകാശിതമായിരിക്കുന്നു.

മിക്ക ഗുരുക്കന്മാരും എല്ലാം വിശദീകരിക്കാൻ ശ്രമിച്ചു- എന്നാൽ അവർ വളരെ കുറച്ചേ വ്യത്യാസപ്പെടുത്തിയുള്ളു. മിക്കപ്പോഴും ഒരു വ്യത്യാസവും വരുത്താൻ കഴിഞ്ഞതുമില്ല. എന്നാൽ യേശു വളരെ കുറച്ചേ വിശദീകരിച്ചുള്ളു; അവിടുന്ന് എല്ലാം വ്യത്യാസപ്പെടുത്തി.

പല ഗുരുക്കന്മാരും മനുഷ്യരാശിയുടെ രോഗം എന്തെന്നു നിർണ്ണയിച്ചു എന്നാൽ യേശു അതിനെ സുഖപ്പെടുത്തി.

ആചാര്യന്മാർ പലരും എന്തുകൊണ്ടാണ് രോഗി കഷ്ടപ്പെടുന്നതെന്നും സഹനശക്തിയുടെ ആവശ്യകതയെന്തെന്നും പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ യേശു അവരോടു കിടക്ക എടുത്തു നടക്കുവാൻ പറഞ്ഞു.

പല തത്വജ്ഞാനികളും എങ്ങനെയാണ് പാപം ലോകത്തിൽ കടന്നത് എന്നതിനെപ്പറ്റി അഭ്യൂഹങ്ങൾ നടത്തി. എന്നാൽ പാപത്തിനു വിട്ടു പോകാനുള്ള വഴിയായി യേശു തന്നെത്തന്നെ സമർപ്പിച്ചു.

ദൈവത്തിങ്കലേക്കുള്ള പാതയെക്കുറിച്ചും ദൈവത്തെ കണ്ടെത്താനുള്ള മാർഗ്ഗത്തെക്കുറിച്ചും യേശു സുദീർഘമായ പ്രഭാഷണങ്ങൾ നടത്തിയില്ല. പകരം അവിടുന്നു ശാന്തമായി പ്രഖ്യാപിച്ചു "ഞാൻ തന്നെ വഴി."

പീലാത്തോസിനോടൊപ്പം പലരും ചോദിച്ചു ''എന്താണു സത്യം?" യേശു തന്നെത്തന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു "ഞാനാണു സത്യം"

ശാരീരികമായ ജീവൻ എന്തെന്നു സ്പെൻസർ നിർവചിച്ചു-എന്നാൽ യേശു തന്നെത്തന്നെ ലോകത്തിനു മുമ്പിൽ വച്ചുകൊണ്ട് സാക്ഷാൽ ജീവനെ ഇങ്ങനെ നിർവചിച്ചു "ഞാൻതന്നെ ജീവൻ." യേശുവിനെ യഥാർത്ഥമായി ശ്രദ്ധിച്ചുനോക്കുന്ന ഒരുവനു താൻ സാക്ഷാൽ ജീവനെയാണ് ദർശിക്കുന്നതെന്നു അവന്റെ ആത്മാവിന്റെ അടിത്തട്ടിൽ ബോധ്യം ലഭിക്കും.

ജീവിതത്തിന്റെ പ്രശ്നങ്ങൾ സഹിക്കാൻ യേശു കാഴ്ച വച്ച ഈ പ്രായോഗികമിസ്റ്റിസിസം ഇന്നു ഭാരതത്തിനും ലോകത്തിനും ഏറെ ആവശ്യമാണ്. താൻ പ്രതിനിധാനം ചെയ്യുന്നതിന്റെ ഒരു ആന്റി തീസീസ് ഉള്ളിൽ വഹിക്കാത്ത ഒരുവനും ശക്തനായിരിക്കുകയില്ലല്ലോ. വെറും മിസ്റ്റിക്കായ മനുഷ്യനും ദുർബലനാണ്. വെറും പ്രായോഗികവാദിയായ മനുഷ്യനും ദുർബലനാണ്. പക്ഷേ യേശു, യാഥാർത്ഥ്യബോധമുള്ള ആ മിസ്റ്റിക്ക്, ദൈവത്താൽപ്രകാശിതനായിരിക്കുമ്പോൾത്തന്നെ മനുഷ്യരുടെ സ്നേഹശുശ്രൂഷയ്ക്കായി സ്വയം കുനിഞ്ഞ അവിടുന്ന്, ശക്തിയുടെ അവതാരമാണ്.

ഊഹാപോഹങ്ങൾ കണ്ടും കേട്ടും തളർന്ന ഭാരതം എല്ലാവരുടെയും ശുശ്രൂഷകനായ ഈ അതുല്യമിസ്റ്റിക്കിലേക്ക് ഇന്നു ചായുന്നെങ്കിൽ അതിലെന്താണ് അത്ഭുതം?

(കടപ്പാട്: ഭാരതീയപാതയിലെ ക്രിസ്തു.) ○





മൂകസന്ദേശം-22

# പ്യൂപ്പയും ശലഭവും

സന്ദീപ് പുന്നൻ

മുട്ട, പുഴു, പ്യൂപ്പ, ശലഭം എന്നിങ്ങനെ നാല് പരിണാമഘട്ടങ്ങൾ ചിത്രശലഭങ്ങൾക്ക് ഉണ്ടെന്ന് ഏകദേശം പത്തുവയസ്സുള്ളപ്പോഴാണ് ഞാൻ പഠിച്ചത്. നമ്മുടെ ആത്മീയമായ രൂപാന്തരപ്രക്രിയ മനസ്സിലാക്കാൻ, പുഴുക്കളായ നാം ചിത്രശലഭങ്ങളായി രൂപാന്തരപ്പെടുന്ന ചിത്രം പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ഇഴഞ്ഞുനീങ്ങുന്ന സൗന്ദര്യമില്ലാത്ത പുഴുവിന്റെ അവസ്ഥ ജഡത്തിലേ മോഹങ്ങളാൽ വലയുന്ന എനിക്ക് ഗ്രഹിക്കാൻ എളുപ്പമായിരുന്നു. യേശുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന എനിക്ക് ലഭ്യമാകുന്ന അവിടുത്തെ സൗന്ദര്യം ചിത്രശലഭത്തിന്റെ സൗന്ദര്യംപോലെയാണെന്നും ദൈവം ഗ്രഹിപ്പിച്ചു.

എന്നാൽ ചിത്രശലഭത്തിന്റെ പരിണാമപ്രക്രിയയിലെ ഒടുവിലത്തെ രണ്ടു ഘട്ടങ്ങളിൽ നിന്നും എനിക്ക് അല്പം വ്യത്യസ്തമായ ഒരു പാഠം പഠിക്കാൻ കഴിഞ്ഞു. അതുകൊണ്ട് പ്യൂപ്പയേയും ശലഭത്തെയും പറ്റി പറയാം.

ശലഭത്തിന്റെ പ്യൂപ്പാ ഘട്ടം (സമാധി എന്ന് അറിയപ്പെടുന്നു) പുഴു ധാരാളം പച്ചിലയും മറ്റു ഭക്ഷണവും കഴിച്ച് ആവശ്യത്തിന് പോഷണം ലഭിച്ചശേഷം ഉണ്ടാകുന്നതാണത്. ചിത്രശലഭത്തിന്റെ 'വളർച്ച' എല്ലാം മിക്കവാറും പുഴു ആയിരിക്കുന്ന ഘട്ടത്തിലാണ്. ഈ ഭക്ഷണം ചിത്രശലഭത്തിന്റെ ശരീരരൂപീകരണത്തിനുവേണ്ടി ഉപയോഗിക്കാനുള്ളതാണ്. ആവശ്യത്തിന് ഭക്ഷണം ശേഖരിച്ചു കഴിഞ്ഞാൽ പുഴു എന്ന ഘട്ടത്തിന് വിരാമമായി. പുഴു ഒരു കൊക്കൂണിനുള്ളിൽ സമാധിയാകുന്നു. ഇതത്രേ പ്യൂപ്പാഘട്ടം. പ്യൂപ്പയ്ക്ക് ചലനശേഷി ഇല്ലാത്തതിനാൽ ഒരു ഇലയുടെ അടിഭാഗത്തോ മറ്റ് ശല്യമില്ലാത്ത ഏതെങ്കിലും ഇടത്തോ അത് പറ്റിക്കൂടുന്നു. പുറമേനോക്കുമ്പോൾ പ്യൂപ്പാ പൂർണവിശ്രമത്തിലാണെന്നു തോന്നിയാലും അകമേ പുഴുവിന്റെ ഓരോഭാഗങ്ങളും അലിഞ്ഞ് പിറക്കാൻ പോകുന്ന ചിത്രശലഭത്തിന്റെ കോശങ്ങളും അവയവങ്ങളും ചിറകുകളും ഒക്കെ ആയിത്തീരുകയാണ്. പ്യൂപ്പായുടെ അകത്തെ രൂപാന്തരപ്രക്രിയ പൂർത്തിയാകുമ്പോൾ വളർച്ചയെത്തിയ ഒരു ചിത്രശലഭം പിറക്കുകയായി.

ഇതിൽ നിന്നുള്ള ആത്മീയപാഠം എന്താണ്? പ്യൂപ്പാദശയിലാണ് എനിക്ക് രൂപാന്തരത്തിന്റെ മാർഗ്ഗം നഷ്ടമായതെന്ന് ഞാൻ കണ്ടെത്തി. രൂപാന്തരം ആവശ്യമുള്ള മേഖലകളിൽ കഠിനാദ്ധ്വാനം ആവശ്യമാണെന്നാണ് ഞാൻകരുതിയിരിക്കുന്നത്. ഞാൻ കൂടുതൽ പ്രസംഗങ്ങൾ കേൾക്കാൻ ശ്രമിച്ചു. കൂടുതൽ ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വിവിധ ധ്യാനയോഗങ്ങളിൽ സംബന്ധിക്കുകയും പ്രത്യേകമായ പ്രാർത്ഥന ആവശ്യപ്പെടുകയും ചെയ്തു.

ഇതെല്ലാം നല്ല കാര്യങ്ങൾ തന്നെ ആയിരുന്നു. പിന്നീടുള്ള എന്റെ ക്രിസ്തീയ നടപ്പിന് ഇതെല്ലാം എന്നേ സജ്ജമാക്കാൻ ഉദ്ദേശിക്കപ്പെട്ടതായിരുന്നു. എന്നാൽ ഈ പഠനങ്ങളും കഠിന

പരിശ്രമങ്ങളും എന്റെ സൗന്ദര്യമില്ലായ്മയ്ക്ക് പരിഹാരം ആയിരുന്നില്ല!.

ചിത്രശലഭത്തിന്റെ പ്രാരംഭഘട്ടങ്ങൾ ശ്രദ്ധിച്ചപ്പോൾ ഞാൻ ചെയ്തുകൊണ്ടിരുന്ന മിക്കവാറും എല്ലാ കാര്യങ്ങളും പുഴുവിന്റെ തീറ്റപോലെ തോന്നി. എന്നെങ്കിലും ഒരിക്കൽ നിർണ്ണായകമാകുന്ന പോഷണം ഞാൻ സ്വരൂപിക്കയായിരുന്നു, പക്ഷേ ആ പോഷണം രൂപാന്തരത്തിന്റെ ഉറവിടം അല്ലായിരുന്നു എന്നു മാത്രം. രൂപാന്തരം സംഭവിക്കാൻ ഞാൻ ഒരു പ്യൂപ്പയായി സമാധിയിൽ ആകേണ്ടിയിരുന്നു. എന്നെ കാണുന്നവരൊക്കെ ഞാൻ വിശ്രമിക്കുകയാണെന്ന് ചിന്തിക്കും. പ്യൂപ്പയെപ്പോലെ ഞാൻ മുമ്പത്തെക്കാളും വളരെ കുറച്ച് പ്രവർത്തനനിരതനാകുന്നു. എന്നാൽ അകത്ത് കൊക്കൂണിനുള്ളിൽ ശരീരഭാഗങ്ങൾ രൂപപ്പെട്ടു വരികയായിരുന്നു എന്നതാണ് സത്യം. പ്രകൃതിയുടെ സ്രഷ്ടാവായ ദൈവത്തിന് എന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതിൽ പരിമിതികളില്ല എന്ന് ഞാൻ ഗ്രഹിച്ചു, യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന് എന്റെ തകർച്ചയിൽ ജീവൻ നൽകാൻ നിഷ്പ്രയാസം കഴിയും.

പക്ഷേ ഞാൻ ഒരു പ്യൂപ്പയായി സ്വസ്ഥമായി കാത്തിരിക്കണം. കൊക്കൂണിനുള്ളിൽ വിശ്രമിക്കുന്ന ഞാൻ എന്നെ രൂപാന്തരപ്പെടുത്താൻ പ്രവർത്തിക്കേണ്ട കാര്യമില്ല. പ്രകൃതിതന്നെ പ്യൂപ്പയിൽ ഒരു പ്രവൃത്തി ചെയ്യുന്നു. ഞാനും വിശ്രമിക്കയും വിശ്വസിക്കുകയും ചെയ്യുമ്പോൾ ദൈവം അവിടുത്തെ പ്രവൃത്തി എന്നിൽ ചെയ്യും. എന്നെ സംബന്ധിച്ചിടത്തോളം കൊക്കൂണിന്റെ പരിമിതി ദുസ്സഹമായിരുന്നു. സ്വസ്ഥമായിരിക്കാനും അവിടുത്തെ മുമ്പാകെ മിണ്ടാതെയിരിക്കാനും പറയുമ്പോൾ ഞാൻ കർത്താവിനായി കുറച്ച് പ്രവർത്തിക്കയും കൂടുതൽ അവനോടൊപ്പം ആയിരിക്കയും ആണ് വേണ്ടത്.

**നമ്മെ രൂപാന്തരപ്പെടുത്തുന്ന കൈക്കീഴെ സ്വസ്ഥമായി താണിരിക്കാൻ നാം തയാറാവുമോ? എങ്കിൽ ഒരു ദിവസം അവിടുത്തെ പ്രവൃത്തിയാൽ വർണ്ണശബളമായ ഒരു ശലഭത്തെപ്പോലെ, നമ്മെ ലോകത്തിന്റെ മുമ്പാകെ ദൈവം വെളിപ്പെടുത്തും. ആയാസ രഹിതമായി പറക്കുന്ന ആ മനോഹര ശലഭങ്ങൾ സൗന്ദര്യം എന്ന പദത്തിന് ഒരു പുതിയ നിർവചനം ആയിരിക്കും നൽകുന്നത്.**

പ്യൂപ്പയ്ക്ക് ചില ഭാഗങ്ങളിൽ രൂപാന്തരം സംഭവിക്കുന്നതായി തോന്നുകയും അത് ചിത്രശലഭം ആയിക്കഴിഞ്ഞു എന്ന് വിചാരിക്കയും ചെയ്യാം. പ്രകൃതിയാണ് പ്യൂപ്പയെ നിയന്ത്രിക്കുന്നത് എന്നതാണ് സത്യം; മറിച്ചല്ല. അതിനാൽ ദൈവത്തിനായി വലിയ കാര്യങ്ങൾ ചെയ്യാനുള്ള മോഹം ഉപേക്ഷിക്കുന്നു. നശിച്ചുപോകുന്ന ഈ ലോകത്തെ രക്ഷിക്കാനായി സമയത്തിനു മുൻപേ എന്റെ കൊക്കൂണിൽ നിന്നും എങ്ങനെയും പുറത്തുചാടാൻ ഉള്ള ചിന്ത വിട്ടുകളയുകയും ചെയ്യണം. ഉള്ളിലെ രൂപാന്തരപ്രക്രിയ പുറത്തുള്ള നല്ല കാര്യങ്ങൾക്കായി നഷ്ടപ്പെടുത്തുവാൻ ഇടയാകരുത്. ദൈവമുമ്പാകെ ഞാൻ സ്വസ്ഥനായിരിക്കണം. തങ്ങളുടെ പരിമിതികൾക്കുള്ളിൽ ദൈവമുമ്പാകെ സ്വസ്ഥമായിരിക്കുക മിക്ക ചെറുപ്പക്കാർക്കും ബുദ്ധിമുട്ടാണ്. പ്യൂപ്പായുടെ സമാധിയിൽ എന്ന

(ശേഷം പേജ് 16 ൽ)






വിശുദ്ധരുടെ കാലൊച്ച

# ഓസ്വാൾഡ് ചേംബേഴ്സ്: പരമാവധി മുന്നോട്ട്

**ആ**ത്മപരിശോധന! മിക്ക ആത്മീയഗുരുക്കന്മാരും ആത്മീയപക്വതയിലേക്കുള്ള പാതയിലെ ചുഴിമണലായി ഇതിനെ കാണുന്നുണ്ട്. ആത്മപരിശോധന ഒരു അപകടസ്ഥലമാണ്, ക്രിസ്തീയജീവിതത്തെ സംബന്ധിച്ചിടത്തോളം. പരിശുദ്ധാത്മാവിൽ നിന്നുള്ള യഥാർത്ഥ അവബോധവും, നമ്മുടെ കുഴഞ്ഞുമറിഞ്ഞ ചിന്തകളും തമ്മിലുള്ള അതിർവരമ്പ് നന്നേ ലോലമാണ് എന്നതുതന്നെ കാരണം. പല ആത്മീയഗുരുക്കളും പറയുന്നത് ക്രിസ്തുശിഷ്യനെ സംബന്ധിച്ചിടത്തോളം സ്വയംശോധന പൂർണ്ണമായും ഒഴിവാക്കുന്നതുതന്നെയാണ് ഉത്തമം എന്നാണ്. "ശരിയായ കാര്യം ചെയ്തശേഷം ഉദ്ദേശ്യശുദ്ധിയെപ്പറ്റിയുള്ള കാര്യങ്ങൾ ദൈവത്തിനു വിടുക" എന്നവർ പറയും.



ഏതെങ്കിലും വിധത്തിലുള്ള ക്രിസ്തീയവേലയിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം വിശ്വാസികളും മറ്റൊരു പാത തെരഞ്ഞെടുത്തിട്ടുണ്ട്. ആത്മശോധന ആവശ്യമായി വരുന്ന സന്ദർഭങ്ങളെ കൈകാര്യം ചെയ്യാൻ അവർ പഠിച്ചവരാണ്. ഓസ്വാൾഡ് ചേംബേഴ്സ് ആണ് അങ്ങനെയുള്ളവരുടെ വഴികാട്ടി എന്നു പറയാം.

സ്ക്കോട്ട്ലണ്ടിൽ നിന്നുള്ള പ്രഗല്ഭനായ ഒരു ആത്മീയഗുരു ആയിരുന്നു ചേംബേഴ്സ്. അബർഡീനിലെ ഒരു ബാപ്റ്റിസ്റ്റ്ശുശ്രൂഷകന്റെ മകനായിട്ടാണ് 1874ൽ അദ്ദേഹം ജനിച്ചത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനനാളുകളിൽ ഇംഗ്ലണ്ടിലെ ഏറ്റവും പ്രഗല്ഭനായ ക്രിസ്തീയപ്രസംഗകനായിരുന്ന സി.എച്ച് സ്പർജന്റെ ശുശ്രൂഷയുടെ ഫലമായി ഓസ്വാൾഡ് ചേംബേഴ്സ് മാനസാന്തരപ്പെടുവാനിടയായി. പ്രാരംഭവിദ്യാഭ്യാസം ലണ്ടനിലും എഡിൻബറോയിലും ആയിരുന്നു. ബാപ്റ്റിസ്റ്റ് സഭയിലെ ശുശ്രൂഷയ്ക്കായി വേദശാസ്ത്രപഠനത്തിന് 1897ൽ സൂനൂൻ കോളജിൽ ചേർന്നു. ഈ കാലഘട്ടത്തിൽ സ്ക്കോട്ലണ്ടിന്റെ അനാഥാലയങ്ങളുടെ തുടക്കക്കാരനായ വില്യം ക്വയറിനെ കണ്ടുമുട്ടാനിടയായത് ചേംബേഴ്സിന്റെ ജീവിതത്തിലെ വഴിത്തിരിവായി. പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ഒരു പുത്തൻലോകത്തിലേക്ക് അതുവഴി അദ്ദേഹം

പ്രവേശിക്കുകയായിരുന്നു. റീഡർ ഹാരിസ് എന്ന ദൈവദാസൻ സ്ഥാപിച്ച 'പെന്തക്കോസ്തു പ്രാർത്ഥനാക്കൂട്ടത്തിൽ' ചേരാൻ ഓസ്‌വാൾഡ് ചേംബേഴ്സ് തീരുമാനിച്ചു. ഒരു സുവിശേഷകനായി ചുറ്റിനടന്ന ചേംബേഴ്സ് 1911 മുതൽ നാലു വർഷക്കാലം ലണ്ടനിലുള്ള ഒരു ബൈബിൾട്രെയിനിംഗ് കോളജിൽ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു. തന്റെ ഒടുവിലത്തെ ശുശ്രൂഷ ഒന്നാം ലോകമഹായുദ്ധകാലത്തായിരുന്നു. 'വൈ.എം.സി.ഏ ഹട്ട്സ്' എന്ന പ്രസ്ഥാനത്തിന്റെ മേൽനോട്ടം വഹിച്ച അദ്ദേഹം ഈജിപ്റ്റിലെ സീട്ടൗൺ എന്ന സ്ഥലത്ത് മരുഭൂമിയിൽ തമ്പടിച്ചിരുന്ന പട്ടാളക്കാരോട് ദൈവവചനം പ്രസംഗിച്ചിരുന്നു. മഹത്തായ ഒരു ശുശ്രൂഷ ആയിരുന്നു ഇത്.

രണ്ടു തലമുറകളായി ആയിരങ്ങൾ പതിനായിരങ്ങൾ ഓസ്‌വാൾഡ് ചേംബേഴ്സിന്റെ ബൈബിൾസ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള ലഘുപ്രസംഗങ്ങളും ഈജിപ്റ്റിലെ മണലാരണ്യത്തിൽ പട്ടാളക്കാർക്കു നൽകിയ സന്ദേശങ്ങളും മൂലം അനുഗ്രഹിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ തീക്ഷ്ണമായ അദ്ദേഹത്തിന്റെ ആത്മീയദർശനങ്ങൾ നമുക്ക് ലഭ്യമാകുന്നത് പ്രസിദ്ധമായ അദ്ദേഹത്തിന്റെ ധ്യാനഗ്രന്ഥത്തിൽ നിന്നാണ്. 'അവിടുത്തെ ഉയരങ്ങൾക്കായി എന്റെ പരമാവധി'(My utmost for His highest) എന്ന പ്രസ്തുത ഗ്രന്ഥത്തിൽ നിന്നുള്ള രണ്ട് ഉദ്ധരണികൾ താഴെ ചേർക്കുന്നു. ക്രിസ്തീയഉദ്ദേശ്യശുദ്ധിയെപ്പറ്റിയുള്ള ചേംബേഴ്സിന്റെ ഉൾക്കാഴ്ച ഇവിടെ നമുക്ക് ലഭ്യമാകുന്നു. നാൽപത്തിമൂന്നാം വയസ്സിൽ, 1917ൽ ധന്യമായ ആ ജീവിതത്തിനു തിരശ്ശീല വീണു.

# സ്വഭാവാനുസാരിയായ ക്രിസ്തീയത

**നി**ങ്ങളുടെ അതിവിശുദ്ധവിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മീയവർദ്ധന വരുത്തിയും......(യൂദാ.20)

കർത്താവായ യേശു അതിരുകടന്ന ആവേശമുള്ള വ്യക്തിയോ, യാതൊരു വികാരവുമില്ലാത്ത തണുപ്പനോ ആയിരുന്നില്ല. ഒരിക്കലും പരിഭ്രാന്തനാകാത്ത ശാന്തമായ ഒരു ശക്തി യേശുവിൽ സദാ പ്രകടമായിരുന്നു. നമ്മിൽ മിക്കവരും ദൈവികമാർഗ്ഗത്തിലല്ല, നമ്മുടെ പ്രത്യേകസ്വഭാവത്തിന് അനുസാരമായാണ് നമ്മുടെ ക്രിസ്തീയത വളർത്തിക്കൊണ്ടുവരുന്നത്. ആവേശം സ്വാഭാവികജീവന്റെ ഒരു ലക്ഷണമാണ്; ശിഷ്യന്റെ ജീവിതവളർച്ചയ്ക്ക് ഒരു തടസ്സമായിരുന്നതിനാൽ യേശുകർത്താവ് എപ്പോഴും ആവേശത്തെ അവഗണിച്ചിരുന്നു. ദൈവാത്മാവ് ആവേശത്തിനു തടയിടുന്നതു ശ്രദ്ധിക്കുക. ആത്മാവിന്റെ വിലക്കാണത്. ഉടൻ പ്രതികരിക്കാനും നമ്മെ ന്യായീകരിക്കുവാനും ഉള്ള ബുദ്ധിഹീനമായ ഒരു ചിന്ത നമ്മിൽ ഉളവായേക്കാം. ഒരുശിശുവിൽ ആവേശം ഉണ്ടാകുന്നതിൽ തെറ്റില്ലെങ്കിലും ഒരു പുരുഷനോ സ്ത്രീയ്ക്കോ ആവേശം അപകടകാരിയാണ്. ആവേശക്കാരനായ ഒരുത്തൻ അമിതലാളന ലഭിച്ച വ്യക്തിയാണ്. ക്രമമായ ശിക്ഷണത്തിലൂടെ ആവേശത്തെ ആന്തരികജ്ഞാനത്തിലേക്ക് നയിക്കണം.

ദൈവത്തിന്റെ അത്ഭുതകരമായ കൃപയാലത്രേ ശിഷ്യത്വജീവിതത്തിൽ നാം വളരുന്നത്. വെള്ളത്തിന്മീതേ നടക്കുന്നത് പത്രോസിനെപ്പോലെ ആവേശക്കാരനായ ഒരുവന് താരതമ്യേന എളുപ്പമാണ്; പക്ഷേ യേശുക്രിസ്തുവിന്റെ ശിഷ്യനായി കരയിൽ നടക്കു





ന്നത് തികച്ചും വ്യത്യസ്തമായ കാര്യമാണ്. യേശുവിന്റെ അടുത്തെത്താൻ പത്രോസ് വെള്ളത്തിന്മീതേ നടന്നു. എങ്കിലും കരയിൽ നിർണ്ണായകസന്ദർഭത്തിൽ ദൂരം വിട്ടാണ് അവൻ ഗുരുവിനെ അനുഗമിച്ചത്. വാസ്തവത്തിൽ പ്രതികൂലങ്ങളിൽ നിൽക്കാൻ നമുക്കു ദൈവകൃപ അത്യാവശ്യമില്ല; സ്വാഭാവികധൈര്യവും ആത്മാഭിമാനവും ഒക്കെയുണ്ടെങ്കിൽ നമുക്കു പിടിച്ചുനിൽക്കുവാൻ കഴിയും. എന്നാൽ ദിവസത്തിന്റെ 24 മണിക്കൂറും ഒരു വിശുദ്ധനായി ജീവിക്കുവാൻ, ശിഷ്യത്വജീവിതത്തിന്റെ ബുദ്ധിമുട്ടുകൾ തരണം ചെയ്യാൻ, തികച്ചും സാധാരണമായ, ശ്രദ്ധിക്കപ്പെടാത്ത, അവഗണിക്കപ്പെടുന്ന ഒരു ജീവിതത്തിന് ദൈവത്തിന്റെ അത്ഭുതകരമായ കൃപ കൂടിയേ തീരൂ. ദൈവത്തിനായി അസാധാരണ കാര്യങ്ങൾ ചെയ്യേണ്ടതാണെന്ന ഒരു ചിന്ത എങ്ങനെയോ നമ്മുടെ ഉള്ളിൽ കടന്നിട്ടുണ്ട്. അതു ശരിയല്ല. നാം സാധാരണ കാര്യങ്ങൾ അസാധാരണമായ വിധത്തിൽ ചെയ്യേണ്ടതുണ്ട്. സങ്കുചിതമനോഭാവം ഉള്ളവരുടെ മദ്ധ്യത്തിൽ ഇടുങ്ങിയ പാതകളിൽ നാം വിശുദ്ധരായിരിക്കേണ്ടതുണ്ട്. ഇത് കേവലം അഞ്ചു മിനിട്ടു കൊണ്ട് പഠിക്കാവുന്ന കാര്യമേയല്ല.

# വിശുദ്ധജീവിതം

"**ഇ**പ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു"(കൊലോ1:24)

ക്രിസ്തീയശുശ്രൂഷക്കാരൻ തന്റെ കർത്താവിനോടു പൂർണ്ണമായും താദാത്മ്യം പ്രാപിച്ചവനായി ത്യാഗപൂർണ്ണനായ ഒരു 'ഇടനിലക്കാരൻ' ആയിരിക്കേണ്ടതാണ്. യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പ് എന്ന യാഥാർത്ഥ്യം മൂലം തുടർമാനമായി തന്റെ ജീവിതത്തിലൂടെ ക്രിസ്തുവിന്റെ പുനരുദ്ധാരണശക്തി വെളിപ്പെടുത്തുവാൻ അവനു കഴിയണം. ഒരു മനുഷ്യന്റെ വ്യക്തിപ്രഭാവം മറ്റൊരാളുടെ മേൽ പതിപ്പിക്കുകയല്ല, ക്രിസ്തുവിന്റെ യഥാർത്ഥസാന്നിധ്യം ശുശ്രൂഷക്കാരന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തുകയാണ് ആവശ്യം. പുതിയനിയമത്തിൽ കാണുന്ന യേശുവിന്റെ ജീവിതത്തെയും മരണത്തെയും സംബന്ധിച്ച ചരിത്രവസ്തുതകൾ നാം പ്രസംഗിക്കുമ്പോൾ, നമ്മുടെ വാക്കുകൾ ദിവ്യമായ ഒരു പ്രവൃത്തി ചെയ്യുന്നു. കേഴ്‌വിക്കാരിൽ മറ്റൊരുവിധത്തിലും സാധ്യമാകാത്ത ഒരു സൃഷ്ടിപ്പിന്റെ പ്രവൃത്തി ദൈവം തന്റെ വീണ്ടെടുപ്പിന്റെ അടിസ്ഥാനത്തിൽ ചെയ്യാൻ നമ്മുടെ വാക്കുകളെ ആണ് ഉപയോഗിക്കുന്നത്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടിന്റെ സ്ഥാനത്തു മനുഷ്യജീവിതത്തിൽ വീണ്ടെടുപ്പിന്റെ ഫലത്തെപ്പറ്റി നാം പ്രസംഗിച്ചാൽ കേഴ്‌വിക്കാരിൽ പുതുജനനം നടക്കുകയില്ല. മറിച്ച് മെച്ചപ്പെട്ട ഒരു ആത്മീയസംസ്കാരം അവരിൽ ഉളവാക്കുവാൻ നമ്മുടെ വാക്കുകൾക്കു കഴിഞ്ഞേക്കും. പക്ഷേ അത്തരം പ്രസംഗങ്ങൾ മറ്റൊരു തലത്തിൽ ഉള്ളവയാകയാൽ ദൈവാത്മാവിന് ആ വാക്കുകൾക്കു സാക്ഷ്യം പറയുവാൻ കഴിയുകയില്ല. ആഴമായ ദൈവികകൂട്ടായ്മയിൽ ജീവിക്കുവാൻ നമുക്കു കഴിയുമ്പോൾ മാത്രമേ ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന സൃഷ്ടിപ്പിന്റെ പ്രവൃത്തി മനുഷ്യഹൃദയങ്ങളിൽ നമ്മുടെ വചനപ്രഘോഷണത്താൽ ഉളവാക്കുവാൻ കഴിയുകയുള്ളു.

എത്ര അത്ഭുതകരമായ വ്യക്തിത്വ

മുള്ള മനുഷ്യൻ!'എത്ര വശ്യതയുള്ള മനുഷ്യൻ'! 'അത്ഭുതകരമായ ഉൾക്കാഴ്ച'! ദൈവത്തിന്റെ സുവിശേഷത്തിനു മേൽപ്പറഞ്ഞ വിധത്തിലുള്ള മനുഷ്യരിലൂടെ എന്തു സാദ്ധ്യതയാണുള്ളത്? സുവിശേഷത്തിനു കേഴ്വിക്കാരിൽ എത്താൻ കഴിയുന്നില്ല. കാരണം സ്വാഭാവികമനസ്സിന് ആകർഷകമായ കാര്യങ്ങളാണ് വ്യക്തിപ്രഭാവത്തിലൂടെ വിളംബരം ചെയ്യപ്പെടുന്നത്. തന്റെ വ്യക്തിപ്രഭാവം കൊണ്ട് ഒരുവൻ കേൾവിക്കാരെ ആകർഷിക്കുന്നെങ്കിൽ ആ വ്യക്തിപ്രഭാവം ആയിരിക്കും സുവിശേഷത്തേക്കാൾ തെളിഞ്ഞു നിൽക്കുന്നത്. എന്നാൽ സുവിശേഷകൻ യേശുക്രിസ്തുവിന്റെ വ്യക്തിത്വവുമായി താദാത്മ്യം പ്രാപിച്ചവനാണെങ്കിൽ യേശുക്രിസ്തുവിന് എന്തു ചെയ്യാൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ശ്രോതാവിൽ ആകർഷണം ഉണ്ടാകുന്നത്. മനുഷ്യരിൽ പ്രശംസിക്കുന്ന അപകടം നമ്മുടെ മുമ്പിൽ ഉണ്ട്. നാം യേശുവിനെ ഉയർത്തണം എന്നത്രേ അവിടുന്നു പറഞ്ഞത്.

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:-**മാത്യു ജോർജ്**

## പ്യൂപ്പയും ചിത്രശലഭവും (പേജ് 12 ൽ നിന്നു തുടർച്ച)

പോലെ ഓരോ കോശങ്ങളും ദൈവ പ്രവൃത്തിക്കായി ഏൽപ്പിച്ചുകൊടുക്കുന്നവരെ കണ്ടെത്തുക പ്രയാസം. അൽപം രൂപാന്തരം അനുഭവിച്ച വ്യക്തി എന്ന നിലയിൽ ഞാൻ പറയട്ടെ, ഇതാണ് രൂപാന്തരത്തിന്റെ വഴി. സ്വയത്തിൽ ആശ്രയിച്ചുള്ള നൈമിഷികജയങ്ങൾ എന്നെ ചിറകുകളുള്ള ചിത്രശലഭമാണ് ഞാനെന്നു തെറ്റിദ്ധരിപ്പിച്ചു. പറക്കാൻ ശ്രമിച്ചപ്പോൾ മുഖം പൊത്തി നിലം പതിക്കുകയായിരുന്നു! പല പരാജയങ്ങളിലൂടെ ദൈവത്തോട് എതിർത്തു നിൽക്കാതിരിക്കാൻ ഞാൻ പഠിച്ചുവരുന്നു. എന്നെ രൂപാന്തരപ്പെടുത്താനുള്ള ദൈവത്തിന്റെ ശക്തിയിൽ ഞാൻ വിശ്വസിച്ച് വിശ്രമിച്ചപ്പോൾ ആ പ്രവൃത്തി നടന്നിട്ടുമുണ്ട്.

എന്നാൽ ഇപ്പോഴും തകർന്നു കിടക്കുന്ന ഒട്ടനവധി മേഖലകളുണ്ട്. അവയെപ്പറ്റിയും ഇതാണ് ആവശ്യപ്പെടുന്നത്. നിരന്തരമായി ഒരു പ്യൂപ്പാ മനോഭാവത്തോടെ കഴിയുക. ചിറകുകൾ എന്ന് നിനക്ക് തോന്നുന്നവയുമായി പറക്കാം എന്ന് ചിന്തിക്കാതിരിക്കുക. എന്റെ സൃഷ്ടിവൈഭവം വെളിപ്പെടുത്തുന്ന ഒരു മനോഹര ശലഭമായിരിക്കാൻ എന്റെ രൂപാന്തര പാഠശാലയുടെ കൊക്കൂൺ പൊളിച്ച് പുറത്തിറങ്ങാൻ തയാറായി എന്ന് പറയാതിരിക്കുക. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്തെന്ന് ഞാൻ അറിയുന്നു; അത് പൂർത്തിയാകുമ്പോൾ എന്റെ സൗന്ദര്യം അവാച്യമായിരിക്കും.

നമ്മെ രൂപാന്തരപ്പെടുത്തുന്ന കൈക്കീഴെ സ്വസ്ഥമായി താണിരിക്കാൻ നാം തയാറാവുമോ? എങ്കിൽ ഒരു ദിവസം (ദൈവത്തിന്റെ സമയത്ത്) നമ്മുടെ യാതൊരു പ്രവൃത്തിയാലുമല്ല, അവിടുത്തെ പ്രവൃത്തിയാൽ വർണ്ണശബളമായ ഒരു ശലഭത്തെപ്പോലെ, നമ്മെ ലോകത്തിന്റെ മുമ്പാകെ ദൈവം വെളിപ്പെടുത്തും. ആയാസരഹിതമായി പറക്കുന്ന ആ മനോഹര ശലഭങ്ങൾ സൗന്ദര്യം എന്ന പദത്തിന് ഒരു പുതിയ നിർവചനം ആയിരിക്കും നൽകുന്നത്.

ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു (എബ്രാ 4:9).





മാതാപിതാക്കളും മക്കളും 15

# പരിശീലിപ്പിച്ച് വിട്ടയയ്ക്കുക

ജോസ് മാത്യു, തിരുവനന്തപുരം

**മ**ക്കളെ സംബന്ധിച്ച് മാതാപിതാക്കൾക്ക് അതിഗൗരവമായ ഉത്തരവാദിത്വമാണ് ദൈവം നൽകിയിരിക്കുന്നത്. സ്നേഹം നൽകുക, മാതൃകകാട്ടുക, അഭ്യസിപ്പിക്കുക, ശിക്ഷണം നൽകുക എന്നീ നാലുവിധ ഉത്തരവാദിത്വങ്ങളെ പ്പറ്റി നാം വിശദമായി ചിന്തിക്കുകയുണ്ടായല്ലോ.

എന്നാൽ മക്കളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നത് ലക്ഷ്യമില്ലാതെ ആയിരിക്കരുത്. നാം മക്കളെ പരിശീലിപ്പിക്കേണ്ടത്. ആദ്യത്തെ പതിനഞ്ചോ ഇരുപതോ അല്ലെങ്കിൽ ഇരുപത്തഞ്ചോ വർഷങ്ങൾ അഭ്യസനം നൽകിയശേഷം നാമവരെ സ്വതന്ത്രരായി വിട്ടയയ്ക്കേണ്ടതുണ്ട്. 'ഞാനും എന്റെ കുടുംബവും' എന്ന ആശയവുമായി ഏറെക്കാലം മക്കളെ സ്വന്തനിയന്ത്രണത്തിൽ മുമ്പോട്ടു കൊണ്ടു പോകുകയല്ല ദൈവികപദ്ധതി. മക്കൾ പ്രായപൂർത്തിയായിക്കഴിഞ്ഞാൽ നിയന്ത്രണമൊഴിഞ്ഞ് അവരെ വിട്ടയയ്ക്കാനുള്ള ദീർഘവീക്ഷണമാണ് മാതാപിതാക്കൾക്ക് ആവശ്യമായിരിക്കുന്നത്.

പക്ഷിമൃഗാദികളെ നോക്കിയാൽ സഹജവാസനയെന്നോണം ഈയൊരറിവ് അവയ്ക്കുള്ളതായിക്കാണാം. മുട്ട വിരിഞ്ഞിറങ്ങിയ പത്തു പതിനഞ്ച് കുഞ്ഞുങ്ങളുമായി പുരയിടത്തിലൂടെ ചികഞ്ഞുനടക്കുന്ന തള്ളക്കോഴിയെ ശ്രദ്ധിച്ചിട്ടില്ലേ? 'കിയോ കിയോ'സംഗീതവുമായി ചിതലുകളേയും ചെറുപ്രാണികളേയും മറ്റും കൊത്തിപ്പെറുക്കി തള്ളക്കോഴിക്കു ചുറ്റും നടക്കുന്ന കോഴിക്കുഞ്ഞുങ്ങളെ നോക്കിയിരിക്കാൻ എന്തൊരു ചേലാണ്!. എന്നാൽ നമുക്കറിയാം സന്തോഷകരമായ ഈ കുടുംബം ഏറെക്കാലം ഇങ്ങനെ മുമ്പോട്ടു പോകില്ല; ഒന്നോ രണ്ടോ മാസങ്ങൾകൊണ്ട് കുഞ്ഞുങ്ങൾ വളർന്നു വലുതാകും; അവ സ്വന്തമായി ഇരതേടാൻ അഭ്യസിക്കും. പിന്നെ കുഞ്ഞുങ്ങൾ തന്റെ ചുറ്റും കൂടി നടക്കാൻ അനുവദിക്കാതെ തള്ളക്കോഴി അവയെയെല്ലാം കൊത്തിയോടിക്കും. ഇതൊരു പ്രകൃതിനിയമമാണ്. എന്നാൽ വിശേഷബുദ്ധിയുള്ള മനുഷ്യർ പലരും ഈ നിയമം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

**ശരിയായ അഭ്യസനം** : മക്കളെ വളർത്തിയെടുത്ത് പ്രായപൂർത്തിയാക്കി സ്വതന്ത്രരായി വിട്ടയയ്ക്കാൻ കഴിയുമാറ് അവർക്ക് ആവശ്യമായ പരിശീലനം നൽകാൻ മാതാപിതാക്കൾ ശ്രദ്ധ കാട്ടണം. സദൃശവാക്യങ്ങൾ 22:6 നോക്കുക: "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും (മുതിർന്ന ശേഷവും) അതു വിട്ടുമാറുകയില്ല". ഈ വചനത്തിന്റെ ഒന്നാംഭാഗം മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെങ്കിൽ രണ്ടാം ഭാഗം ദൈവം ചെയ്യാമെന്നേറ്റിട്ടുള്ള കാര്യമാണ്. പന്ത്രണ്ടോ പതിനഞ്ചോ വയസ്സുവരെ കുട്ടികൾക്ക് ശരിയായ അഭ്യസനവും ശിക്ഷണവും നൽകി അവരെ പരിശീലിപ്പിക്കുകയേ നിങ്ങൾ ചെയ്യേണ്ടു; അതിനുശേഷം ഭാവിയിൽ അവർ തെറ്റിയേക്കുമോ എന്ന് നിങ്ങൾ ഭയപ്പെടേതില്ല. മുതിർന്ന ശേഷവും അവർ ശരിയായ പാതയിൽത്തന്നെ നടന്നുകൊള്ളുമെന്ന് ദൈവം ഉറപ്പു നൽകിയിരിക്കുകയാണ്.

ഫലപ്രദമായ പ്രായോഗികമായ, മൂല്യാധിഷ്ഠിതമായ പരിശീലനം ലഭിച്ചെങ്കിൽ മാത്രമേ സ്വതന്ത്രമായി വിട്ടയയ്ക്കപ്പെടാൻ മക്കൾ സജ്ജരാകൂ. ആവർത്തനം ആറാമദ്ധ്യായം 5 മുതൽ 7 വരെ വാക്യങ്ങൾ നോക്കുക; “നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം. ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ശുഷ്കാന്തിയോടെ ഉത്സാഹപൂർവ്വം ഉപദേശിച്ചുകൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം.”

ഇനി ശ്രദ്ധിക്കുക. മക്കളെ ദൈവിക നിയമങ്ങൾ അഭ്യസിപ്പിക്കുന്നതുസംബന്ധിച്ച് എന്തുകൊണ്ടാണ് ദൈവം ഇത്ര കർശനമായ ആജ്ഞ നൽകിയത്? അത് മനസ്സിലാകണമെങ്കിൽ ആറാമധ്യായത്തിന്റെ പശ്ചാത്തലം കൂടി അറിയേണ്ടതുണ്ട്.

മിസ്രീമിലെ അടിമത്തത്തിൽ നിന്ന് വിടുവിക്കപ്പെട്ട യിസ്രായേൽജനം നാല്പതു വർഷം മരുഭൂമിയിൽ അലഞ്ഞുനടന്നു; ഇപ്പോൾ ഇതാ അവർ വാഗ്ദത്ത നാടായ കനാൻ ദേശത്തിന്റെ അതിർത്തിയിൽ വന്നു നിൽക്കുകയാണ്. ആ ദേശത്ത് ദുഷ്ടതയും വഷളത്തവും നിറഞ്ഞ വിഗ്രഹാരാധികളായ ഏഴു മഹാജാതികൾ പാർത്തിരുന്നു. (ആവ. 7:1–6,9:4–5) ഈ ഏഴുജാതികളേയും അവരുടെ സകല വിഗ്രഹങ്ങളെയും നശിപ്പിച്ച് അവിടെ അവകാശം സ്ഥാപിക്കാനാണ് ദൈവം യിസ്രായേൽ ജനതയോട് ആവശ്യപ്പെട്ടത്. എന്നാൽ അവരെ ഒറ്റ ദിവസം കൊണ്ടല്ല, കുറെശ്ശെയായി. ചില വർഷങ്ങൾ കൊണ്ടേ നീക്കിക്കളയൂ എന്നും ദൈവം അറിയിച്ചിരുന്നു (7:22).

ബഹുലക്ഷക്കണക്കായ യിസ്രായേൽജനം, ദുഷ്ടതയും സകലവിധപാപങ്ങളും നിറഞ്ഞ വിഗ്രഹാരാധികളായ കനാന്യജനതയുടെ ഇടയിലേക്കാണ് കയറിച്ചെന്ന് പാർക്കേണ്ടിയിരുന്നത്. അവരുടെ പാപകരമായ സംസ്കാരവുമായി ഇഴുകിച്ചേർന്നു പോകാതവണ്ണം യിസ്രായേൽജനത തികഞ്ഞ വേർപാടും വ്യത്യസ്തതയും പുലർത്തിക്കൊണ്ട് ദൈവത്തിന്റെ വിശുദ്ധജനമായി അവിടെ നിലകൊള്ളണം (ആവ: 7:3–6). ധാർമ്മികനിലവാരം കൈമോശം വന്ന അവരുടെ കുത്തഴിഞ്ഞ ജീവിതശൈലി ദൈവജനം ഒരിക്കലും അനുകരിക്കാൻ പാടില്ല. ഇപ്രകാരമുള്ള ഒരു വേർപെട്ട ജീവിതം കനാൻദേശത്ത് സാധ്യമാകണമെങ്കിൽ യിസ്രായേല്യർ തങ്ങളുടെ മക്കളെ ദൈവികനിയമങ്ങളും അവ അനുസരിക്കേണ്ടതിന്റെ പ്രാധാന്യവും ഏറ്റവും ഗൗരവത്തോടെ അഭ്യസിപ്പിച്ചേ മതിയാകൂ.

<u>**നമ്മുടെ ഈ കാലഘട്ടം**</u> : ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നാം ചുറ്റുമൊന്നു കണ്ണോടിക്കുക; എല്ലാ ദേശങ്ങളിലും നഗരവൽക്കരണം ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഒപ്പം എല്ലാവിധ ദോഷങ്ങളും ദുഷ്ടതകളും പെരുകിവരുന്നു. മദ്യപാനം, ലഹരിമരുന്നുകൾ, അശ്ലീലസിനിമകൾ, പുസ്തകങ്ങൾ, പത്രമാസികകൾ, ഇന്റർനെറ്റ് അശ്ലീലങ്ങൾ, വിവാഹപൂർവ/വിവാഹേതര ശാരീരിക ബന്ധങ്ങൾ, സ്കൂൾ–കോളേജ് പ്രണയങ്ങൾ, ഗർഭഛിദ്രങ്ങൾ, സ്വവർഗ്ഗരതി, അധോലോകമാഫിയകൾ, തട്ടിപ്പുകൾ, അഴിമതിക്കേസുകൽ, ഭീകരവാദം എന്നിങ്ങനെ എണ്ണമറ്റ തിന്മകൾ. ക്രിസ്തീയമാതാപിതാക്കളേ! ജാഗ്രതയായിരിക്കാം നമ്മുടെ ചുറ്റുമുള്ള ലോകത്ത് തിന്മയുടെ ഭയാ





**ക്രിസ്തീയമാതാപിതാക്കളേ! ജാഗ്രതയായിരിക്കാം നമ്മുടെ ചുറ്റുമുള്ള ലോകത്ത് തിന്മയുടെ ഭയാനകമായ കറുത്ത വ്യവസ്ഥകൾ ഉയർന്നു വരുകയാണ്. ഈ ദുഷ്ടകാലഘട്ടത്തിൽ നമ്മുടെ മക്കൾ സംരക്ഷിതരായിരിക്കേണ്ടതിന് മുഴുഹൃദയത്തോടും കൂടെ ദൈവിക മൂല്യങ്ങൾ നാമവരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ പ്രായപൂർത്തിയാകുമ്പോൾ ധൈര്യപൂർവ്വം നമുക്കവരെ സ്വതന്ത്രമായി വിട്ടയയ്ക്കാൻ സാധിക്കൂ**

നകമായ കറുത്ത വ്യവസ്ഥകൾ ഉയർന്നുവരുകയാണ്. ഈ ദുഷ്ടകാലഘട്ടത്തിൽ നമ്മുടെ മക്കൾ സംരക്ഷിതരായിരിക്കേണ്ടതിന് മുഴുഹൃദയത്തോടും കൂടെ ദൈവിക മൂല്യങ്ങൾ നാമവരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ പ്രായപൂർത്തിയാകുമ്പോൾ ധൈര്യപൂർവ്വം നമുക്കവരെ സ്വതന്ത്രമായി വിട്ടയയ്ക്കാൻ സാധിക്കൂ.

ആവർത്തനം 6:5–7–ൽ വായിച്ച ദൈവകല്പനയുടെ അടിസ്ഥാനത്തിൽ മാതാപിതാക്കൾ നാലുകാര്യങ്ങൾ കുറിക്കൊള്ളേണ്ടതാവശ്യമാണ്.

1. <u>ശുഷ്കാന്തിയോടെ അഭ്യസിപ്പിക്കുക</u> : ചുറ്റുമുള്ള ദുഷിച്ച ലോകവ്യവസ്ഥിതി നിങ്ങളുടെ കുട്ടികളെ അതിലേക്കു വലിച്ചെടുക്കാൻ ആവുന്നതും ശ്രമിക്കുകയാണ്. ഓർക്കുക. പാപത്തിന്റെ പ്രലോഭനം എല്ലായ്പ്പോഴും ആകർഷകമായിരിക്കും. പാതിമനസ്സോടെ ആർക്കാനുംവേണ്ടി എന്നവിധമല്ല മക്കളെ പരിശീലിപ്പിക്കേണ്ടത്. അഗ്നിക്കിരയായ വീട്ടിൽനിന്ന് വിലപിടിപ്പുള്ള വസ്തുക്കൾ എങ്ങനെയെങ്കിലും വെളിയിലെത്തിക്കാൻ ശ്രമിക്കുന്നയാളെപ്പോലെ പ്രവർത്തിക്കുക. കഠിനാധ്വാനം, സമർപ്പണബോധം, ഉത്സാഹം ഇവയെല്ലാം നിങ്ങൾക്കാവശ്യമുണ്ട്.

2. <u>സ്വന്ത ജീവിതത്തിൽ നിന്ന്</u> : ദൈവഭക്തിയും ആത്മീയമൂല്യങ്ങളുമെല്ലാം മാതാപിതാക്കളിൽ നിന്നാണ് മക്കൾ അഭ്യസിക്കേണ്ടത്. ആദ്യം തന്നെ നാം മുഴുഹൃദയത്തോടും കൂടെ ദൈവത്തെ സ്നേഹിക്കുകയും ഈ ലോകത്തെ തള്ളിപ്പറയുകയും ചെയ്യണം; ദൈവികമൂല്യങ്ങൾ നമ്മുടെ ഹൃദയത്തിൽ ഉറപ്പിക്കുകയും ചെയ്യണം. പിന്നെ സ്വന്തജീവിതത്തിൽ നിന്ന് മക്കൾക്ക് പകർന്നുകൊടുക്കാൻ സാധിക്കും. അപ്പനുമമ്മയും പ്രസംഗിക്കുന്നതുപോലെ പ്രവർത്തിക്കുന്ന നല്ല മാതൃകകൾ ആണെങ്കിൽ കുഞ്ഞുങ്ങൾ അഭിമാനത്തോടും ആദരവോടും കൂടെ അവരെ അനുകരിക്കും; മക്കൾക്ക് അവരോട് വാസ്തവമായും ബഹുമാനം തോന്നും. അപ്പൊസ്തലനായ പൗലോസിന്റെ വാക്കുകൾ “എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളതു പ്രവർത്തിക്കുവിൻ. എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും” (ഫിലി 4:9)

3. <u>വീട്ടിൽ സ്വാഭാവികമായി പരിശീലിപ്പിക്കുക</u>: കുഞ്ഞുങ്ങൾക്ക് അഭ്യസനം ലഭിക്കേണ്ടത് പ്രാഥമികമായും വീട്ടിലെ അന്തരീക്ഷത്തിൽത്തന്നെയാണ്, കനാൻദേശത്ത് എത്തിക്കഴിയുമ്പോൾ അവിടത്തെ തിന്മയും ദുഷ്ടതയും നിറഞ്ഞ സാഹചര്യങ്ങളെ എപ്രകാരം അതിജീവിക്കാനാവുമെന്ന് അമ്മയപ്പന്മാർ ദിനംപ്രതി വീട്ടിൽ പരിശീലനം നൽകേണ്ടതാവശ്യമായിരുന്നു. “വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും”. എന്നത് സ്വാഭാവികരീതിയിൽ അഭ്യസിപ്പിക്കുന്നതിനെ

സൂചിപ്പിക്കുന്നു. ഇടയ്ക്കിടെ മക്കളോട് പ്രസംഗം നടത്തുകയോ, സണ്ടേസ്കൂളിലോ ത്രിദിന ഓണം ക്യാമ്പിലോ മറ്റോ അയയ്ക്കുകയോ ചെയ്യുകയല്ല മാർഗ്ഗം (ഇവയെല്ലാം നല്ലതു തന്നെ) അതേ, വീട്ടിലാണ് കാതലായ അഭ്യസനം നടക്കേണ്ടത്. ഭക്ഷണമേശയിൽ, കുടുംബപ്രാർത്ഥനയിൽ, രോഗങ്ങൾ വരുമ്പോൾ, പ്രിയപ്പെട്ടവരുടെ വേർപാടിൽ, കുടുംബത്തിന് നഷ്ടമോ അപമാനമോ നേരിടുമ്പോൾ. ക്രിസ്തീയപ്രമാണങ്ങൾ കുറേശ്ശെയായി സ്വജീവിതത്തിലൂടെ അവരെ പഠിപ്പിക്കുക. ഭാവിയിൽ ഒരു നാൾ നിങ്ങളവരെ സ്വതന്ത്രരായി വിട്ടയയ്ക്കുമ്പോൾ നിശ്ചയമായും അവർക്ക് പിടിച്ചു നിൽക്കാൻ കഴിയും.

**4. കുട്ടികൾ സ്വയം ചിന്തിച്ചു വളരട്ടെ:** കുഞ്ഞുങ്ങൾ വളർന്നു വരുമ്പോൾ അവരുടെ പ്രായം, ബുദ്ധിവികാസം എന്നിവയ്ക്കനുസൃതമായി ഓരോ സംഗതികളും മാതാപിതാക്കൾ കാര്യകാരണസഹിതം അവർക്കു ബോധ്യപ്പെടുത്തിക്കൊടുക്കണം. നന്നേ ചെറുപ്പത്തിൽ ഇന്നതൊക്കെ ചെയ്യണം, ചെയ്തുകൂടാ എന്ന നിർദ്ദേശങ്ങൾ (does and don'ts) മതിയാകും. എന്നാലവർ മുതിർന്നു വരുന്ന മുറയ്ക്ക് എന്തുകൊണ്ട് ഇന്ന കാര്യം ചെയ്തുകൂടാ അഥവാ ചെയ്യണം എന്നിങ്ങനെ അവരെ പഠിപ്പിക്കേണ്ടതാവശ്യമാണ്. ചില മാതാപിതാക്കൾ മക്കൾക്ക് അമിതസംരക്ഷണം നൽകുന്നവരാണ്; (Over protective) വളരെ അരക്ഷിതബോധം(insecure) നിറഞ്ഞവരുമുണ്ട്. ഇത്തരക്കാരുടെയെല്ലാം പ്രശ്നം കൂട്ടുകാർ തനിയെ സ്വന്തമായി എന്തെങ്കിലും ചെയ്യാനോ എവിടെയെങ്കിലും പോകാനോ ഒരു പരീക്ഷണം ചെയ്യാനോ അവർ ഒരിക്കലും അനുവദം നൽകുകയില്ല എന്നതാണ്. തൽഫലമായി കുട്ടികൾ മുരടിച്ചു പോകുന്നു.

**കൗമാരപ്രായക്കാർ, യുവാക്കൾ മുതിർന്നവർ ഇവരുടെയെല്ലാ മനസ്സിനെ ദുഷിപ്പിക്കുന്ന അശ്ലീല സിനിമകൾ, പുസ്തകങ്ങൾ, പത്രമാസികകൾ, ഇന്റർനെറ്റ് സൈറ്റുകൾ ഇത്യാദികൾ ഇക്കാലത്ത് വളരെ പ്രചാരത്തിലുണ്ട്. ഇവയുടെദോഷവശങ്ങൾ, ആപൽസാധ്യതകൾ, ഇവയെല്ലാം സംബന്ധിച്ച് യഥാസമയം മക്കളെ നാം ബുദ്ധിയുപദേശിക്കേണ്ടതാകുന്നു. ക്രിസ്തുവിന്റെ കർത്തൃത്വം സ്വീകരിച്ച ഒരു ക്രിസ്ത്യാനി എന്തുകൊണ്ട് ഇവയിൽനിന്ന് അകന്നുനിൽക്കണം എന്നതും നാമവരെ പഠിപ്പിച്ചിരിക്കണം.**

ഇത്തരക്കാർക്ക് ഭാവിയിൽ പ്രതിസന്ധികളെ സമചിത്തതയോടെ അഭിമുഖീകരിക്കാൻ കഴിവുണ്ടാവില്ല; സ്വയം ചിന്തിച്ച് ഒരു പരിഹാരം കണ്ടെത്താനോ സധൈര്യം ഒരു നിലപാടെടുക്കാനോ കഴിയാതെ അവർ പകച്ചു നിന്നുപോകും. ചിലപ്പോൾ സഹായത്തിനായിദൈവമുഖം അന്വേഷിക്കാൻപോലും കഴിയാതെ അവർ മാനസിക പിരിമുറുക്കങ്ങൾക്ക് അടിമയായെന്നു വരാം.

വളരെ അപകടം പിടിച്ചതത്രേ ഈ സ്ഥിതിവിശേഷം. ചെയ്യേണ്ടവ ചെയ്തുകൂടാത്തവ എന്നിവയുടെ ഒരു നീണ്ട ലിസ്റ്റ് നിങ്ങളുടെ കുട്ടികൾ മനഃപാഠം പഠിക്കുകയല്ല വേണ്ടത്, പ്രത്യുത ജീവിക്കാനാവശ്യമായ ആരോഗ്യകരമായ പ്രമാണങ്ങളും തത്വങ്ങളുമാണ് (life principles) അവർക്കാവശ്യം. ഭാവിയിൽ ഏതൊരു സാഹചര്യത്തിലും അവ ഫലപ്രദമായി പ്രയോഗിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ അവർക്കു സാധിക്കും.

ഒരു ദൃഷ്ടാന്തം: കൗമാരപ്രായ





ക്കാർ, യുവാക്കൾ മുതിർന്നവർ ഇവരുടെയെല്ലാം മനസ്സിനെ ദുഷിപ്പിക്കുന്ന അശ്ലീലസിനിമകൾ, പുസ്തകങ്ങൾ, പത്രമാസികകൾ, ഇന്റർനെറ്റ് സൈറ്റുകൾ ഇത്യാദികൾ ഇക്കാലത്ത് വളരെ പ്രചാത്തിലുണ്ട്. ഇവയുടെ ദോഷവശങ്ങൾ, ആപൽസാധ്യതകൾ, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഇവയെല്ലാം സംബന്ധിച്ച് യഥാസമയം മക്കളെ നാം ബുദ്ധിയുപദേശിക്കേണ്ടതാകുന്നു. ക്രിസ്തുവിന്റെ കർത്തൃത്വം സ്വീകരിച്ച ഒരു ക്രിസ്ത്യാനി എന്തുകൊണ്ട് ഇവയിൽനിന്ന് അകന്നു നിൽക്കണം എന്നതും നാമവരെ പഠിപ്പിച്ചിരിക്കണം. മറ്റാരിലെങ്കിലും നിന്ന് അവർ ഈ വസ്തുതകൾ ശരിയായി പഠിച്ചുകൊള്ളുമെന്ന് നാം സങ്കൽപിക്കാൻ പാടില്ല.

ഇനി, ഇക്കാര്യങ്ങളിൽ ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലാത്ത കുട്ടികളുടെ കാര്യമോ? അക്കൂട്ടർക്കാണ് പലപ്പോഴും തെറ്റായ പ്രണയബന്ധങ്ങളിലും വിവാഹപൂർവ ലൈംഗികബന്ധങ്ങളിലും പിന്നെ നിവൃത്തികെട്ട് ഇളംപ്രായത്തിൽത്തന്നെ അവിശ്വാസികളുമായി വിവാഹബന്ധത്തിലും ഏർപ്പെടേണ്ടി വരുന്നത്. കാരണമെന്ത്? കൺമോഹം, അതിർവിട്ട ലൈംഗികാസക്തികൾ എന്നിവയുടെ ദോഷവശങ്ങളെക്കുറിച്ച് മാതാപിതാക്കൾ അവർക്ക് യഥാസമയം ഉപദേശം നൽകിയില്ല എന്നതുതന്നെ.

**വിട്ടയയ്ക്കാൻ ഒരുങ്ങുക** : കുട്ടികൾ വളർന്ന് പ്രായപൂർത്തിയാകുമ്പോൾ സ്വന്തം കാലിൽ നിൽക്കത്തക്കവിധം അവരെ സ്വതന്ത്രരായി വിട്ടയയ്ക്കുക(release)യെന്നത് മാതാപിതാക്കളുടെ കടമയും ഉത്തരവാദിത്വവുമാകുന്നു. അവർ തങ്ങളുടെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റുകയും ക്രിസ്തുവിന്റെ സത്യസാക്ഷികളായി നിൽക്കുകയും ചെയ്യുമാറ് നിങ്ങൾ അവരെ സ്വതന്ത്രരാക്കണം. അഥവാ നിങ്ങളുടെ നിയന്ത്രണം ഒഴിഞ്ഞ് അവരെ സ്വന്തമായി ജീവിക്കാനായി വിട്ടയയ്ക്കണം.

വ്യത്യസ്തസമയങ്ങളിൽ വിവിധ ഉദ്ദേശ്യങ്ങൾക്കായി മക്കളെ ഭവനത്തിൽ നിന്നും വിട്ടയയ്ക്കേണ്ടതായി വരും. ഉന്നതവിദ്യാഭ്യാസം നേടുന്നതിനോ തൊഴിൽസംബന്ധമായോ മക്കളെ ദൂരേക്ക് അയയ്ക്കേണ്ടിവരും. ഇത് താൽക്കാലികമാണ്. വിവാഹം ചെയ്ത് പുതിയൊരു കുടുംബം സ്ഥാപിക്കാനായി വിട്ടയയ്ക്കുന്നതാണ് പ്രധാനപ്പെട്ടത്. ഇനി ഉടയവനായ ദൈവം തിരികെ ആവശ്യപ്പെടുമ്പോഴും തടസ്സം പറയാതെ മക്കളെ വിട്ടയയ്ക്കാനുള്ള ഒരുക്കം നമുക്കാവശ്യമാണ്. തങ്ങളുടെ കടമകൾ യഥാസമയം നിറവേറ്റിയിട്ടുള്ളവർക്കു മാത്രമേ വിഷമവും വേദനയും കുറ്റബോധവും കൂടാതെ തൃപ്തിയോടും സന്തോഷത്തോടും കൂടെ മക്കളെ വിട്ടയയ്ക്കാൻ കഴിയൂ.

മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചശേഷം ദൈവം അവരെ അനുഗ്രഹിച്ചു. "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ്.. അതിനെ അടക്കിവാഴുവിൻ". (ഉല്പ 1.28) ആദം, ഹവ്വ എന്ന രണ്ടു വ്യക്തികൾക്ക് ഭൂമിയെ നിറയ്ക്കാൻ കഴിയുകയില്ലല്ലോ. അവരും അവരുടെ മക്കളും മക്കളുടെ മക്കളുമായ സന്തതിപരമ്പരയാണ് ഭൂമിയെ നിറയ്ക്കാൻ പോകുന്നത്.

ഇവിടെ ഒരു കാര്യം വ്യക്തമാണ് ദൈവം ആദ്യമായി മനുഷ്യനു നൽകിയ അനുഗ്രഹപ്രകാരം അവൻ സന്താനപുഷ്ടിയുള്ളവനായി പെരുകണമെങ്കിൽ ആദ്യം അവൻ തന്റെ മാതാപിതാക്കളിൽ നിന്നു വിടുതൽ

(ശേഷം പേജ് 39ൽ)

വചനം

# അന്ത്യകാലസഭയ്ക്കുള്ള മുന്നറിയിപ്പുകൾ

സാക് പുന്നൻ



**അർഹിക്കുന്ന ബഹുമാനം നിങ്ങൾക്ക് ഒരാൾ നൽകാതെ വരുമ്പോൾ നിങ്ങൾ നീരസപ്പെടുന്നപക്ഷം ജീവിതത്തിൽ നിരന്തര ഹോമയാഗം നിന്നുപോയി എന്നതിന് അതൊരു നല്ല തെളിവാണ്**

"**അ**വൻ (എതിർക്രിസ്തു) അയച്ച സൈന്യങ്ങൾ വിശുദ്ധസ്ഥലത്തെ മലിനമാക്കുകയും നിരന്തര ഹോമയാഗം നിർത്തലാക്കുകയും ചെയ്യും.... ദൈവത്തിന്റെ ഉടമ്പടി ഗണ്യമാക്കാത്തവരെ അവൻ മുഖസ്തുതിയാൽ വശീകരിച്ചു സ്വന്തപക്ഷത്തു ചേർക്കും.

എന്നാൽ തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ശക്തരായി നിന്നു വൻകാര്യങ്ങൾ പ്രവർത്തിക്കും. ആത്മാവിൽ വിവേകശാലികളായവർക്ക് ആ കാലത്തു വിപുലമായ ഒരു പ്രബോധനശുശ്രൂഷ ഉണ്ടായിരിക്കും. എങ്കിലും അവർ നിരന്തരം ആപത്തിനെ നേരിടും അവരിൽ പലരും തീകൊണ്ടോ വാൾ കൊണ്ടോ കൊല്ലപ്പെടും, തടവിലാകും അഥവാ കൊള്ളയടിക്കപ്പെടും.

അവസാനത്തിൽ ഈ സമ്മർദ്ദങ്ങൾ നീങ്ങിപ്പോകും. അതോടെ ഒരു സഹായഹസ്തം നൽകുവാനെന്ന ഭാവത്തിൽ അഭക്തരായ ചിലർ വന്നു ചേരും. അവർ ആ സന്ദർഭത്തിൽ മുതലെടുക്കും. ദൈവികകാര്യങ്ങളിൽ ഏറ്റവും അനുഗൃഹീതരും വരം ലഭിച്ചവരുമായ ചിലർ ആ കാലത്ത് ഇടറി വീണു വിശ്വാസം ത്യജിക്കും." (ദാനിയേൽ 11:31-35, ലിവിംഗ് ബൈബിൾ)

അന്ത്യകാലത്തെപ്പറ്റി പരാമർശിക്കുന്ന ഒരു വേദഭാഗമാണിത്. സഭയ്ക്കുള്ള ഒട്ടേറെ മുന്നറിയിപ്പുകൾ നമുക്കിവിടെ കാണാൻ കഴിയും. അന്ത്യകാലത്ത് എതിർക്രിസ്തുവിന്റെ ആത്മാവ് സഭയ്ക്കുള്ളിൽത്തന്നെ വ്യാപരിക്കും (1യോഹ 2:18,19)

### സഭയിൽ ദൈവത്തിന്റെ ഉന്നത നിലവാരം സൂക്ഷിക്കുക

എതിർക്രിസ്തുവിന്റെ ആത്മാവ് വിശുദ്ധസ്ഥലത്തെ അശുദ്ധമാക്കും





എന്നു ദാനിയേൽ 11:31 വാക്യം ശ്രദ്ധിക്കുക. വിശുദ്ധിയുടെയും നീതിയുടെയും സന്ദേശത്തിനു സാത്താനിൽനിന്നും കഠിനമായ എതിർപ്പാണ് ഇന്നു നേരിട്ടുകൊണ്ടിരിക്കുന്നത്. പുതിയ ഉടമ്പടിയുടെ ജീവിതത്തെ അവഗണിച്ചുകളയാനും എതിർക്രിസ്തു പ്രേരണ നൽകുന്നുണ്ട് (11:32). പുതിയ ഉടമ്പടിയുടെ ജീവിതം പാപത്തിന്റെ മേൽ വിജയമുള്ള ഒരു ജീവിതമാണ്. എന്നാൽ അപ്രകാരമുള്ള ജീവിതം അസാധ്യമാണെന്നാണ് എതിർക്രിസ്തു ഇന്നു ജനങ്ങളോടു പറഞ്ഞുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി ഒരു സഭയെന്ന നിലയിലുള്ള ഞങ്ങളുടെ ശുശ്രൂഷ ഇന്ത്യയിലെല്ലായിടത്തും എതിർക്കപ്പെട്ടിട്ടുള്ളതു ഞങ്ങൾ വിശുദ്ധിയും നീതിയും പ്രസംഗിച്ചതു മൂലമാണ്. പാപം ഇനിമേൽ നമ്മുടെ മേൽ കർത്തൃത്വം നടത്തേണ്ട ആവശ്യമില്ലെന്നു ഞങ്ങൾ പ്രഖ്യാപിച്ചു(റോമ.6:14). പണത്തെ സ്നേഹിക്കുന്നവർക്കു ദൈവത്തെ സ്നേഹിക്കുവാൻ സാധ്യമല്ലെന്ന സത്യം ഞങ്ങൾ ഉദ്ഘോഷിച്ചിട്ടുണ്ട്. (ലൂക്കോസ് 16:13) മറ്റുള്ളവരോടു കോപിക്കയും അവരെ നിന്ദിക്കയും ചെയ്യുന്നവർ നരകാർഹരായ പാപികളാണെന്നും സ്ത്രീയെമോഹദൃഷ്ടിയോടെ നോക്കുന്നവർ നരകത്തിൽ പതിക്കുമെന്നും ഊന്നിപ്പറഞ്ഞു (മത്താ 5:22,28,29). വിശ്വാസികളിൽ ബഹുഭൂരിപക്ഷത്തിനും ഈ വാക്കുകൾ അരോചകമാണ്. തന്മൂലം അവർ ഇത്തരം സന്ദേശത്തെ എതിർക്കുന്നു.

ക്രിസ്തീയപ്രവർത്തകർ ശമ്പളം പറ്റുന്ന സമ്പ്രദായത്തെയും (ഒന്നാം നൂറ്റാണ്ടിൽ കേട്ടുകേൾവിപോലുമില്ലാതിരുന്ന കാര്യമാണിത്) ഇന്ത്യയിലെ ക്രിസ്തീയപ്രവർത്തനത്തിന്റെ ഒരു ഭാഗമായ പണമിരക്കലിനെയും ഞങ്ങൾ എതിർത്തു. സുവിശേഷപ്രസംഗം ഒരു ഉപജീവനമാർഗ്ഗമാക്കിയവരെയും അങ്ങനെ സ്വന്തസാമ്രാജ്യം പടുത്തുയർത്തിപ്പോന്നവരെയും ഇതു പ്രകോപിപ്പിക്കുകയുണ്ടായി.

സഭയിൽ വ്യക്തിപൂജയ്ക്ക് ഇടം നൽകുന്ന കൾട്ടിസവും അന്ധമായ സഭാവിഭാഗചിന്താഗതിയും ഞങ്ങൾ എതിർത്തിട്ടുണ്ട്. ഇന്ത്യൻ സഭകളുടെ മേലുള്ള പാശ്ചാത്യമേൽക്കോയ്മയെയും പാശ്ചാത്യനേതൃത്വത്തോടുള്ള അനാരോഗ്യകരമായ ആശ്രയത്തെയും ഞങ്ങൾ എതിർക്കുന്നു. ഭാരതീയ സഭകളുടെ വളർച്ചയ്ക്ക് ഇവ ഹാനികരമാണല്ലോ. ഈ നിലപാടും വ്യക്തിപൂജകരെ പ്രകോപിതരാക്കിയിട്ടുണ്ട്.

സാത്താന്റെ ലക്ഷ്യം ദൈവത്തിന്റെ വിശുദ്ധമന്ദിരത്തെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ദുഷിപ്പിക്കണം എന്നതത്രേ. ഇതിലേക്കു ദൈവപ്രവൃത്തിയെ ഉള്ളിൽ നിന്നുകൊണ്ടുതന്നെ നശിപ്പിക്കുവാനായി തന്റെ സൈന്യങ്ങളെ അവൻ സഭയ്ക്കുള്ളിൽത്തന്നെ അണിനിരത്തുന്നു (ദാനിയേൽ 11:31) ഈ സാത്താന്യശക്തികൾ ഗ്രൂപ്പുകളെയും പ്രസ്ഥാനങ്ങളെയും ഒന്നൊന്നായി നശിപ്പിച്ചതെങ്ങനെയെന്നു കഴിഞ്ഞ 20 നൂറ്റാണ്ടുകാലത്തെ ക്രൈസ്തവ ചരിത്രം വെളിപ്പെടുത്തുന്നു.

സഭകളുടെ കാവൽക്കാരായി ദൈവം നിയോഗിച്ചിട്ടുള്ള ആളുകൾ ജാഗ്രതയോടെ ഉണർന്നിരിക്കാത്തതാണു സഭ പരാജയപ്പെട്ടതിന്റെ മുഖ്യകാരണം. ഈ കാവൽക്കാരെ ഉറക്കിക്കളയുവാൻ സാത്താന് എങ്ങനെ സാധിച്ചു? ചില ആളുകളെ വിശേഷിച്ചും സമ്പന്നരും സ്വാധീനശക്തിയുള്ളവരുമായ ചിലരെ നീരസപ്പെടുത്തരുതെന്നു കരുതി സത്യം പറയുവാൻ ഭയപ്പെടുന്നതാണ് ഇതിനുള്ള ഒരു കാരണം. മറ്റു ചിലപ്പോൾ സ്വന്തം ഭാര്യമാരെ പ്രീണിപ്പിക്കുന്ന മനോഭാവവും ദ്രവ്യാഗ്രഹം, ഭക്ഷണപ്രിയം എന്നിവയും ഇതിനു കാരണമായി ഭവിച്ചിട്ടു

ണ്ട്.

ചില സാഹചര്യങ്ങളിൽ ഈ കാവൽക്കാർ സഭയിൽ ദൈവികനില വാരം നിലനിർത്തുവാൻ ശ്രമിക്കുന്നതി നിടയിൽ തങ്ങളുടെ സന്ദേശത്തോ ടുള്ള നിരന്തരമായ എതിർപ്പിനെ നേരി ടേണ്ടിവരുന്നു. അതിന്റെ കാഠിന്യം മൂലം അവർ മനസ്സു മടുത്തു തളർന്നു പോകുന്നു.

എബ്രായർ 12:3 നോക്കുക "നിങ്ങ ളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതി രിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ച വനെ ധ്യാനിച്ചുകൊൾവിൻ." യേശു വിനു വിരോധികളായിത്തീർന്ന ഈ പാപികൾ ആരായിരുന്നു? യിസ്രായേ ലിലെ വേശ്യമാരോ കൊലപാതകി കളോ കൊള്ളക്കാരോ ആയിരുന്നില്ല ഇവർ. എങ്കിൽ റോമാക്കാരോ ഗ്രീക്കു കാരോ ആയിരുന്നോ? ഒരിക്കലുമല്ല. യേശുവിനെ എതിർത്ത പാപികൾ മേശമേൽ മുഷ്ടികൊണ്ടിടിച്ചു പ്രസം ഗിക്കുന്ന യിസ്രായേലിലെ പ്രസംഗ കരും മതമേധാവികളുമായിരുന്നു. അവർ യേശുവിനോട് അസൂയാലുക്ക ളായിത്തീരുകയും ഒടുവിൽ അദ്ദേ ഹത്തെ കൊന്നുകളയുകയുമാണുണ്ടാ യത്.

യേശുവിനെ നാം പിന്തുടരുന്ന പക്ഷം ഇന്നും ഇതേ വിഭാഗ ത്തിൽപ്പെട്ടവരിൽനിന്നു നമുക്ക് എതിർപ്പുണ്ടാകും. ദൈവത്തിന്റെ നില വാരം താഴ്ത്തി സഭയെ ദുഷിപ്പിച്ചി ട്ടുള്ള പ്രസംഗകരിൽനിന്നാണ് ഏറ്റവും വലിയ എതിർപ്പുണ്ടാകുന്നത്. സാത്താന്റെ ഏറ്റവും വലിയ ഏജന്റ ന്മാർ ഇവരാണ്. ഇവരുടെ നിരന്തര വൈരം മൂലം മനസ്സുമടുത്ത് ക്രിസ്തു വിന്റെ വേലക്കാർ തളർന്നുപോകുക എന്നത് സംഭവ്യമായ ഒരു കാര്യമത്രേ.

ഇപ്രകാരം പീഡനംകൊണ്ടു ദൈവഭക്തന്മാരെ തളർത്തിക്കളയു വാൻ സാത്താൻ ശ്രമിക്കുന്നു (ദാനി 7:25). നിരന്തരമായി എതിർപ്പിനെ അഭി മുഖീകരിക്കയും ഒടുവിൽ കൊല്ലപ്പെടു കയും ചെയ്ത യേശുവിനെ നമ്മുടെ ദൃഷ്ടാന്തമായിക്കണ്ട് അവിടുത്തെ മുഖത്തേക്കു നോക്കുന്നതു മാത്രമാണ് ഇതിനെ അതിജീവിക്കാനുള്ള ഏക മാർഗ്ഗം. മരണപര്യന്തം വിശ്വസ്തരായി രിപ്പാൻ വേണ്ടി നമുക്കും മനസ്സുറപ്പി ക്കാം. മരണംവരെയും എതിർപ്പിനെ നേരിടുവാൻ മനസ്സുവയ്ക്കാത്ത ഏതു സുവിശേഷ പ്രവർത്തകനും കാലാന്ത രത്തിൽ കർണ്ണരസമാകുമാറു വചനം പ്രസംഗിക്കുന്ന ഒരുവനായിത്തീർന്നു പോകും. ജനങ്ങളെ തന്റെ പക്ഷം ചേർക്കുവാനായി അയാൾ മുഖ സ്തുതി പ്രയോഗിക്കാം (ദാനി11:32) അങ്ങനെ ഒത്തുതീർപ്പുകാരനായ ഒരു ബിലെയാമായി അയാൾ ജീവിതം അവസാനിപ്പിക്കും.

എന്തു വിലകൊടുത്തും സഭയി ലുള്ള ദൈവികമായ ജീവിതനിലവാ രത്തെ സംരക്ഷിക്കുവാനാണു ദൈവം നമ്മെ വിളിച്ചിട്ടുള്ളത്. അതിനുവേണ്ടി എല്ലാ സമയത്തും എതിർക്രിസ്തു വിന്റെ സൈന്യങ്ങൾക്കെതിരെ നാം ജാഗ്രതയുള്ളവരായിരിക്കണം. പൗലൊസ് എഫെസൊസിലായിരുന്ന മൂന്നു വർഷക്കാലവും അദ്ദേഹം ദൈവ കൃപയിലൂടെ സഭയെ വിശുദ്ധിയിൽ സൂക്ഷിച്ചു. എന്നാൽ അവിടെനിന്നും താൻ പിരിഞ്ഞുപോകുന്ന സമയത്തു തന്റെ വേർപാടിനുശേഷം ദുഷിപ്പുകൾ സഭയിൽ കടന്നുകൂടുമെന്ന് അദ്ദേഹം അവിടുത്തെ മൂപ്പന്മാർക്ക് താക്കീതു നൽകി (അപ്പോ 20:29-31). അദ്ദേഹം പറഞ്ഞതുപോലെ തന്നെ സംഭവിക്കു കയും ചെയ്തു. അതിനെക്കുറിച്ച് എഫേസോസുകാർക്കെഴുതിയ രണ്ടാ മത്തെ കത്തിൽ(വെളി 2:1-5) നാം വായിക്കുന്നു.

**നിരന്തര ഹോമയാഗം നില നിർത്തുക**





**നിങ്ങളുടെ ശരീരത്തെയും സ്വന്തമായ ഇച്ഛയെയും ഇന്നു വീണ്ടും നിങ്ങൾ യാഗമർപ്പിച്ചേ മതിയാവൂ. ഇന്ന് നിങ്ങളുടെ ദുർമ്മോഹങ്ങൾക്ക്, നിങ്ങളുടെ കോപത്തിന്, നിങ്ങളുടെ അഹങ്കാരത്തിന്, ദ്രവ്യാഗ്രഹ ത്തിന്, മനുഷ്യരുടെ മാനം ലഭി ക്കാവാനുള്ള ആഗ്രഹത്തിന്, നിങ്ങളുടെ മനോനീരസത്തിന് ഇവയ്ക്കെല്ലാമെല്ലാം നിങ്ങൾ മരിച്ചേ മതിയാവൂ. ഈ കാരണ ത്താലാണു നിങ്ങളുടെ ഇഹ ലോക ജീവിതത്തിൽ അന്ത്യം വരെയും ഒരു നിരന്തര ഹോമ യാഗം നിങ്ങൾക്ക് ആവശ്യമാ യിരിക്കുന്നത്.**

എതിർക്രിസ്തു നിർത്തലാക്കുന്ന കാര്യങ്ങളിൽ ഒന്ന് നിരന്തര ഹോമയാ ഗമാണെന്നു ദാനി 11:31 ൽ നാം തുടർന്നു വായിക്കുന്നു.

യേശു കൂടെക്കൂടെ ഇപ്രകാര മൊരു പ്രതിദിന യാഗത്തെപ്പറ്റി തന്റെ ശിഷ്യന്മാരോടു സംസാരിച്ചിരുന്നു. താൻ തന്നെ തന്റെ ജീവിതത്തിൽ നാൾ തോറും അനുഷ്ഠിച്ചിരുന്ന ഒരു യാഗമാണിത്. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെ ത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കോസ് 9:23)

ഈ സന്ദേശത്തെ ക്രൈസ്തവസ മൂഹത്തിൽനിന്നു സാത്താൻ നീക്കിക്ക ളഞ്ഞിരിക്കുന്നു. അങ്ങനെ വിശുദ്ധ സ്ഥലം ദുഷിപ്പിക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും സഭയിൽനിന്നു ക്രൂശിന്റെ സന്ദേശം അപ്രത്യക്ഷമാകു മ്പോൾ അവിടെ പാപവും ലോകമയ ത്വവും കടന്നുകയറി കൊടികുത്തി വാഴും.

വിശുദ്ധസ്ഥലത്തേക്കുള്ള വഴി ചീന്തപ്പെട്ട തിരശ്ശീലയിലൂടെ, അതാ യത് ക്രൂശിൽ തറയ്ക്കപ്പെട്ട ജഡത്തി ലൂടെയാണ്. അതിപരിശുദ്ധനായ യേശുവിന് അതു സാധിച്ചത് ഈ വഴി യിലൂടെയാണ്. നമുക്കും അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

ഇന്നലെ നിങ്ങൾ നിങ്ങളുടെ ക്രൂശു വഹിച്ചിരുന്നുവോ? ഒരു പക്ഷേ വഹിച്ചിരുന്നിരിക്കാം. എങ്കിൽ അത് ഇന്നലെ നിങ്ങൾക്കു നേരിടുവാൻ ദൈവം നിശ്ചയിച്ചിരുന്ന ദോഷത്തിന് മാത്രമേ പര്യാപ്തമായിരുന്നുള്ളു (മത്താ: 6:34)

ഇന്നു മറ്റൊരു ദിവസമാണ്. അതി നാൽ നിങ്ങളുടെ ശരീരത്തെയും സ്വന്തമായ ഇച്ഛയെയും ഇന്നു വീണ്ടും നിങ്ങൾ യാഗമർപ്പിച്ചേ മതിയാവൂ. ഇന്ന് നിങ്ങളുടെ ദുർമ്മോഹങ്ങൾക്ക്, നിങ്ങളുടെ കോപത്തിന്, നിങ്ങളുടെ അഹങ്കാരത്തിന്, ദ്രവ്യാഗ്രഹത്തിന്, മനുഷ്യരുടെ മാനം ലഭിക്കാവാനുള്ള ആഗ്രഹത്തിന്, നിങ്ങളുടെ മനോനീര സത്തിന് ഇവയ്ക്കെല്ലാമെല്ലാം നിങ്ങൾ മരിച്ചേ മതിയാവൂ. ഈ കാരണത്താ ലാണു നിങ്ങളുടെ ഇഹലോക ജീവി തത്തിൽ അന്ത്യംവരെയും ഒരു നിര ന്തര ഹോമയാഗം നിങ്ങൾക്ക് ആവശ്യ മായിരിക്കുന്നത്. ഈ ദുഷിച്ച സ്വഭാവ ത്തിന്റെയെല്ലാം കാരണങ്ങളായ ദുർമ്മോഹങ്ങൾ നിങ്ങളുടെ ജഡ ത്തിൽ കുടികൊള്ളുന്നുണ്ട്. നിങ്ങൾ ജീവിക്കുന്ന കാലമത്രയും അവ നിങ്ങ ളിൽ ഉണ്ടായിരിക്കയും ചെയ്യും. ഈ കാരണത്താലാണ് നിങ്ങളുടെ ഇഹ ലോകജീവിതത്തിലെ അവസാന നിമി ഷംവരെയും ഈ നിരന്തരഹോമ യാഗം നിങ്ങൾക്കാവശ്യമായിരിക്കുന്ന ത്.

ഇപ്രകാരമൊരു നിരന്തരയാഗം നിങ്ങളിൽ നടക്കുന്നുണ്ടോ?

ഇല്ലെങ്കിൽ, എതിർക്രിസ്തുവിന്റെ ആത്മാവു നിങ്ങളെ വഞ്ചിച്ചിരിക്കുന്നു, തീർച്ചതന്നേ.

യേശു താൻ ജലത്തിൽ സ്നാനമേറ്റ സമയത്തുതന്നെ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായിത്തീർന്നു. യേശു യോർദ്ദാൻനദിയിൽ മുങ്ങിയ ആ സംഭവം അവിടുന്നു സ്വന്തം മരണവും ശവസംസ്കാരവും സ്വീകരിച്ചതിനെ ദൃഷ്ടാന്തരൂപേണ കുറിക്കുന്നു. ഈ വസ്തുത നമ്മെ പഠിപ്പിക്കുന്ന സത്യം ഇതാണ്: പരിശുദ്ധാത്മാഭിഷേകത്തിൻ കീഴിൽ ജീവിക്കുവാനുള്ള മാർഗ്ഗം നമ്മുടെ അഹന്തയ്ക്ക് അഥവാ ഞാനെന്ന ഭാവത്തിന് മരിക്കുക എന്നതു മാത്രമാണ്.

ജലസ്നാനത്തിന്റെ സമയത്തു ദൈവനാമത്തിൽ നാം ജലത്തിലേക്ക് താഴ്ത്തപ്പെടുന്നു. നമ്മെ ജലത്തിലേക്കു താഴ്ത്തുന്ന ആ ദൈവം തന്നെ നമ്മെ അതിൽ നിന്ന് ഉയർത്തും എന്ന അറിവോടെ നാമതു സ്വീകരിക്കുകയും ചെയ്യുന്നു. പ്രതിദിനജീവിതത്തിൽ ബലം പ്രയോഗിച്ചു നമ്മെ കീഴടക്കുകയും ഞെരുക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ നേരിടുമ്പോൾ അതിനെ നാം അഭിമുഖീകരിക്കുന്നത് ഇങ്ങനെതന്നെ ആയിരിക്കണം. അത്തരം സാഹചര്യങ്ങളിൽ ദൈവം നമ്മെ യേശുവിനുവേണ്ടി മരണത്തിലേക്ക് ഏൽപ്പിച്ചുകൊടുക്കുകയാണെന്ന കാര്യം നാം അംഗീകരിക്കണം (2 കൊരി 4:10,11). അപ്രകാരം നാം അഹന്താജീവിതത്തിന്റെ മരണം ഏറ്റുവാങ്ങുമ്പോൾ ആ മരണത്തിലേക്കു നമ്മെ നയിച്ച ദൈവംതന്നെ നമ്മെ ഉയിർപ്പിക്കുകയും ചെയ്യും. ഇതു നമുക്ക് ഉറപ്പായി വിശ്വസിക്കാം.

കഴിഞ്ഞ ദശകങ്ങളിൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച ആളുകൾ തങ്ങളുടെ ജീവിതത്തിൽ ഇപ്രകാരം നിരന്തര ഹോമയാഗം കഴിച്ചിരുന്നുവെങ്കിൽ അവർ നമ്മുടെ രാജ്യത്തു ദൈവത്തിനുവേണ്ടി അത്ഭുതാവഹമായ ശക്തിയും സ്വാധീനതയും പ്രദർശിപ്പിക്കുമായിരുന്നു. എന്നാൽ അവരിൽ മിക്കവരെയും കേന്ദ്രധാരയിൽനിന്നകറ്റിക്കളയുന്നതിൽ സാത്താൻ വിജയം വരിച്ചു. അവർ ഇവിടെപ്പറഞ്ഞ ക്രൂശിന്റെ വഴിയിൽക്കൂടി മുന്നേറുന്നതിനു പകരം അന്യഭാഷാഭാഷണം, രോഗശാന്തിശുശ്രൂഷ, വികാരപ്രകടനങ്ങൾ, നാനാരൂപമായ ആത്മീയ പ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാം പ്രാധാന്യം കല്പിച്ചതിന്റെ ഫലമായിട്ടാണ് ഇതു സംഭവിച്ചത്.

സാത്താനെ ജയിക്കുവാനും നമ്മുടെ ജീവിതങ്ങളിലും ഭവനങ്ങളിലും സഭകളിലും ദൈവശക്തി നിലനിർത്തുവാനുമുള്ള ഏകമാർഗ്ഗം യാതൊരൊത്തുതീർപ്പും കൂടാതെ എന്തു വിലകൊടുത്തും നിരന്തര ഹോമയാഗം നിറവേറ്റുക എന്നതു മാത്രമാണ്.

“നാൾതോറും ക്രൂശെടുക്കുക” എന്ന ഈ സന്ദേശം വീണ്ടും വീണ്ടും നാം കേട്ടിട്ടുണ്ടായിരിക്കും. എന്നാൽ കേട്ടവരിൽ വളരെക്കുറച്ചു പേർ മാത്രമേ അതിനാൽ പിടിക്കപ്പെട്ടവരായിത്തീർന്നിട്ടുള്ളു.

ഹേരോദാവ് യോഹന്നാൻ സ്നാപകന്റെ പ്രസംഗം പതിവായി കേട്ടിരുന്നു (മർക്കോസ് 6:20) യോഹന്നാൻ മുഷിപ്പന്മാരായ പരീശന്മാരിൽനിന്നു വ്യത്യസ്തനായ ഒരുജ്വല വാഗ്മിയായിരുന്നതുകൊണ്ടും അദ്ദേഹത്തെ കേൾക്കുന്നതു രസകരമായ ഒരനുഭവമായുതുകൊണ്ടുമാണ് ഹേരോദാവ് അപ്രകാരം ചെയ്തത്. ഇതേ കാരണത്താൽ തന്നെയാണു പലരും ഈ സന്ദേശങ്ങൾ വായിക്കുവാൻ ഇഷ്ടപ്പെടുന്നത്. എങ്കിലും ഹേരോദാരാജാവിനുണ്ടായിരുന്നതിൽക്കവിഞ്ഞ ഒരാത്മീയ നിലവാരം അവർക്ക് ഉണ്ടാകുന്നില്ല.

തങ്ങളുടെ പ്രസംഗങ്ങൾക്കായി മറ്റു പുസ്തകങ്ങളിൽ കിട്ടാത്ത





പുതിയ പോയിന്റുകൾ സമ്പാദിക്കുവാനാഗ്രഹിച്ച് ഈ സന്ദേശങ്ങൾ വായിക്കുന്ന ചിലരുണ്ട്. മറ്റുള്ളവരുടെ പ്രസംഗങ്ങൾ മോഷ്ടിക്കുന്നവരോടു താൻ എതിർത്തുനിൽക്കുന്നുവെന്നു ദൈവം തന്നെ പ്രസ്താവിച്ചിട്ടുള്ളതിനാൽ (യിരമ്യാ 23:30) അത്തരം പ്രസംഗകർക്കു പ്രത്യാശയ്ക്കുള്ള അവസരം വളരെച്ചുരുക്കമാണ്. തങ്ങളെത്തന്നെ വിധിക്കുവാനും തങ്ങളുടെ ആവശ്യത്തെപ്പറ്റി തങ്ങളോടു സംസാരിക്കുവാൻ ദൈവത്തെ അനുവദിപ്പാനും വേണ്ടി ഇതു വായിക്കുന്നതിനു പകരം അവർ എപ്പോഴും പ്രസംഗത്തിനുള്ള പോയിന്റുകൾ നേടുക മാത്രമാണു ചെയ്യുന്നത്.

നിങ്ങൾ അർഹിക്കുന്നതെന്നു നിങ്ങൾ തന്നെ കരുതുന്ന ബഹുമാനം നിങ്ങൾക്ക് ഒരാൾ നൽകാതെ വരുമ്പോഴോ സഭയിൽ ഉത്തരവാദിത്വമുള്ള ഒരു സ്ഥാനം നിങ്ങൾക്കു നൽകാത്തപ്പോഴോ നിങ്ങൾ നീരസപ്പെടുന്നപക്ഷം നിങ്ങളുടെ ജീവിതത്തിൽ നിരന്തര ഹോമയാഗം നിന്നുപോയി എന്നതിന് അതൊരു നല്ല തെളിവാണ്. നേരേമറിച്ചു നിങ്ങൾ അഹന്തയ്ക്കു മരിച്ചവനാണെങ്കിൽ യാതൊരു കാരണത്താലും ഒരിക്കലും നിങ്ങൾ നീരസപ്പെടുകയില്ല.

(തുടരും)

## എഡിറ്റോറിയൽ തുടർച്ച......

ഇവ മൂന്നും യേശുവിനു കൈയടക്കാമായിരുന്നു. കല്ലിനെ അപ്പമാക്കുന്ന രഹസ്യവും ഗോപുരത്തിൽ നിന്നു നിരപായം ചാടുന്ന അത്ഭുതവും ലോകത്തിലെ മുഴുവൻ അധികാരവും കൈയാളുന്ന മഹത്വവും യേശുവിനു സ്വന്തമാണെന്നു മറ്റുള്ളവർക്കു മനസ്സിലാകുമായിരുന്നു. അത്ഭുതത്തിന്റെയും രഹസ്യത്തിന്റെയും അധികാരത്തിന്റെയും താക്കോൽ കയ്യിലുള്ളവനായി യേശുവിനു തന്റെ വ്യക്തി പ്രഭാവത്തിനു കീഴിൽ ജനമനസ്സുകളെ തളച്ചിട്ട് അവരെ അടക്കി വാഴാമായിരുന്നു. പക്ഷേ യേശു ഈ സാധ്യതകളെല്ലാം നഷ്ടപ്പെടുത്തി ആളുകളുടെ സ്വാതന്ത്ര്യത്തെ മാനിച്ചു- ഇതാണ് കർദ്ദിനാളിന്റെ വീക്ഷണത്തിൽ യേശു ചെയ്ത കുറ്റം. “പക്ഷേ നീ കാണിച്ച മടയത്തരം ഞങ്ങൾ കാണിച്ചില്ല. ഞങ്ങൾ അത്ഭുതവും രഹസ്യവും അധികാരവും മതത്തിന്റെ ഭാഗമാക്കി. ഫലം ജനങ്ങൾ ഇന്നു ഞങ്ങളുടെ ചൊൽപ്പടിയിലാണ്.”: കർദ്ദിനാൾ വിജയോന്മാദത്തോടെ പ്രസ്താവിച്ചു. നോക്കുക, യേശുവിന്റെ പേരിൽ പടുത്തുയർത്തിയതാണ് പള്ളിമതം. പക്ഷേ അതൊരു വഴിക്ക് ,യേശു മറ്റൊരു വഴിക്ക്.ഇവിടെ യഥാർത്ഥയേശുവിനെ പിന്തുടരുവാൻ ആഗ്രഹിക്കുന്നവൻ മതത്തിന്റെ ചട്ടക്കൂടിനപ്പുറത്ത് തെരുവിൽ അവിടുത്തെ പാത പിന്തുടരും.

പൗലൊസ് യഥാർത്ഥ യേശുവിനോടുള്ള ഭക്തിയെ മനോഹരമായ ഒരു പ്രയോഗം കൊണ്ട് ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്-ലളിതമായ, നിർമ്മലമായ ഭക്തി(2 കൊരി.11:3). ഈ ലാളിത്യത്തെയാണ്, നിർമ്മലതയെയാണ് മതം നഷ്ടപ്പെടുത്തിയത്. യേശുവിനെ തെറ്റായ നിലയിൽ പ്രതിനിധാനം ചെയ്യുകയും സ്വയം നിഷേധമാതൃകയായി മാറുകയും ചെയ്യുന്ന മതത്തെയല്ല, മറിച്ച് ലളിതവും നിർമ്മലവുമായ ഭക്തിയെ ശക്തിപ്പെടുത്തുകയാണ് ഇന്നത്തെ ആവശ്യം. അതുകൊണ്ട് പള്ളിമതത്തോടൊപ്പം നേട്ടത്തിന്റെ പക്ഷത്തു നിൽക്കുവാനല്ല, അധികാരവും മഹത്വവും വേണ്ടെന്നു വെച്ച യേശുവിനോടൊപ്പം പാളയത്തിനു പുറത്തായിരിക്കുവാനാണ് യഥാർത്ഥ ഭക്തൻ താത്പര്യപ്പെടുക.

“ആകയാൽ നാം അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിനു പുറത്ത് അവന്റെ അടുക്കൽ ചെല്ലുക”(എബ്രാ.13:13).

അർത്ഥസമ്പൂർണ്ണമായ ആരാധന II

# യഥാർത്ഥ ആരാധനയുടെ ഘടകങ്ങൾ

എ.ഡബ്ല്യു ടോസർ

**നി**ങ്ങൾ അറിയാതെ ഇരിക്കുമ്പോൾ പോലും നിങ്ങളുടെ ആരാധന അവിടുന്നു സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്നത് എത്ര മനോഹരമായ കാഴ്ചയാണ്! ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ മറ്റുള്ളവരുടെ സമ്മർദ്ദങ്ങൾ ദൈവത്തെപ്പറ്റി ചിന്തിക്കുന്നതിനുപോലും നിങ്ങളെ തടയുമ്പോൾ നിങ്ങളുടെ ഉദ്ദേശ്യശുദ്ധിയുള്ള ചിന്തകളുടെ പരിമളം ദൈവസന്നിധിയിൽ ധൂപവർഗ്ഗമായി ഉയരുന്നുണ്ടാവും. കുറെ സമയത്തേക്ക് ലോകം നിങ്ങളുടെ ശ്രദ്ധ ന്യായമായ കാര്യങ്ങളിൽ പിടിച്ചുപറ്റിയാലും നിങ്ങളുടെ വിശുദ്ധ ചിന്തകളുടെ സൗരഭ്യം ദൈവസന്നിധിയിൽ സ്വീകാര്യമായിരിക്കും.

ഇത്തരത്തിലുള്ള ആരാധന സാധ്യമാകണമെങ്കിൽ നാം ദൈവത്തോട് സഹകരിക്കേണ്ടതുണ്ട്. സ്നേഹം, കൃപ, വാഗ്ദാനങ്ങൾ, പാപമോചനം, പരിശുദ്ധാത്മാവ് ഇവ ദൈവികദാനങ്ങളായി ഒരു വശത്തുള്ളപ്പോൾ നിശ്ചയദാർഢ്യം, അന്വേഷണം, സമർപ്പണം, വിശ്വാസം ഇവ മറുവശത്ത് നമുക്കുണ്ടാകണം. ഇങ്ങനെ സംഭവിക്കുമ്പോൾ സദാസമയവും ഇടമുറിയാത്ത ദൈവികകൂട്ടായ്മയും ആരാധനയും ദൈവസന്നിധിയിലേക്കുയരുന്ന ആലയങ്ങളായി നമ്മുടെ ഹൃദയങ്ങൾ രൂപാന്തരപ്പെടും. ലോകത്തിൽ വിവിധ പ്രവൃത്തികളിൽ വ്യാപൃതരായിരിക്കുമ്പോൾത്തന്നെ നമ്മുടെ മുഴുജീവിതവും സൗരഭ്യം പുറപ്പെടുവിക്കുന്ന ദൈവികാരാധനയുടെ യാഗപീഠമായി പരിണമിക്കും.

ഇത്തരം ആരാധകരെയത്രേ ദൈവം അന്വേഷിക്കുന്നത്. ഇവ്വണ്ണം ആരാധിക്കുമ്പോൾ മാത്രമേ നമ്മുടെ സൃഷ്ടിയുടെ പരമോദ്ദേശ്യം നിവൃത്തിയാകുന്നുള്ളു.

ആരാധനയെക്കുറിച്ചുള്ള ഈ പൊതുവായ ചിന്തകളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇനി പുതിയനിയമസഭയിലെ ആരാധനയുടെ പ്രായോഗികവശങ്ങളെ ദൈവവചനവെളിച്ചത്തിൽ നമുക്കു വിചിന്തനം ചെയ്യാം.

### നഷ്ടപ്പെട്ട വിലയേറിയ രത്നം

ദൈവപുത്രനായ ക്രിസ്തു കന്യകാജനനത്തിലൂടെ മനുഷ്യാവതാരം എടുത്തതെന്തിന്? അവൻ ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതിന്റെ ലക്ഷ്യം എന്തായിരുന്നു? ഇന്ന് യേശു പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തിൽ വാഴുന്നതിന്റെ പ്രസക്തിയെന്ത്?

ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം അന്വേഷിക്കുമ്പോൾ നമുക്ക് ഇപ്രകാരം സമ്മതിക്കേണ്ടിവരും-മത്സരികളായ മനുഷ്യരെ ആരാധകരാക്കുവാൻ; സൃഷ്ടിയിൽ നമുക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്ന ആരാധനയുടെ തലത്തിലേക്ക് നമ്മെ യഥാസ്ഥാനപ്പെടുത്താൻ; ഇതിനാണ് യേശുക്രിസ്തു വന്നത്.

ദൈവികാരാധനയ്ക്കായി നമ്മെ സൃഷ്ടിച്ചിരിക്കുന്നതിനാൽ ആരാധന എന്നത് ധാർമ്മികചിന്തയുള്ള ഏതൊരു മനുഷ്യന്റേയും സാമാന്യപ്ര





വൃത്തിയായിരിക്കും. ഒരു സംഗീതക്കച്ചേരി ശ്രവിക്കുന്നതുപോലെയോ പുഷ്പങ്ങളുടെ മനോഹാരിത ആസ്വദിക്കുന്നതുപോലെയോ തികച്ചും സ്വാഭാവികമായ ഒരു പ്രവൃത്തിയാണ് ആരാധിക്കുക എന്നതും. മനുഷ്യസ്വഭാവത്തിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ഒന്നത്രേ ഇത്. ദൈവവചനത്തിൽ എപ്പോഴൊക്കെ സ്വർഗ്ഗത്തിന്റെ ദർശനങ്ങൾ നൽകപ്പെട്ടിട്ടുണ്ടോ അപ്പോഴൊക്കെ ആരാധനയുടെ ദൃശ്യങ്ങളാണാ നാം കാണുന്നത്.(യെഹ.1:1-5; യെശ.6:1-6; വെളി.4:8-11; 5:6-14 എന്നീ വേദഭാഗങ്ങൾ വായിക്കുക)

ആരാധന ധാർമ്മികമായി അനുപേക്ഷണീയമായ ഒന്നത്രേ. ലൂക്കോ.19:37-40 ഭാഗത്തു ശിഷ്യഗണം യേശുകർത്താവിനെ ആരാധിക്കുമ്പോൾ ചിലർ അവരെ ശാസിക്കുന്ന രംഗം നാം കാണുന്നു. യേശു അപ്പോൾ പ്രതികരിച്ചു: "അവരെ ശാസിക്കേണ്ട, അവർ ആരാധിച്ചില്ലെങ്കിൽ ഈ കല്ലുകൾ ആർത്തുവിളിക്കും."

ആധുനികസുവിശേഷപ്രസ്ഥാനത്തിലെ നഷ്ടപ്പെട്ടുപോയ വിലയേറിയ രത്നമാണ് ആരാധന. നാം ഇന്നു സംഘടിതരാണ്. നമുക്ക് വിവിധപദ്ധതികളും പ്രവർത്തനമേഖലകളും ഉണ്ട്. മിക്കവാറും എല്ലാമുള്ളവരായ നമുക്ക്, സഭകൾക്ക്(സുവിശേഷവിഹിതസഭകൾക്കുപോലും) നഷ്ടപ്പെട്ടിരിക്കുന്നത് ആരാധിക്കാനുള്ള പ്രാപ്തിയാണ്. ആധുനികസഭയ്ക്കു നഷ്ടമായിരിക്കുന്ന ആ തിളക്കമാർന്ന രത്നം കണ്ടെത്തുംവരെ നാം അന്വേഷണം തുടർന്നേ മതിയാകൂ.

ആരാധന എന്താണെന്നും സഭയിൽ ആരാധന എങ്ങനെ ആയിരിക്കണമെന്നതിനെക്കുറിച്ചും അൽപം വിശദീകരിക്കേണ്ടിയിരിക്കുന്നു. ദൈവം തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കയയ്ക്കുമ്പോൾ 'അബ്ബാ'(പിതാവേ) എന്നു നാം പ്രതികരിക്കുന്നു. ഒരർത്ഥത്തിൽ അപ്പോൾ നാം ആരാധിക്കുകയാണ്. എന്നാൽ പുതിയനിയമ അർത്ഥത്തിൽ ആരാധകരായിരിക്കുക എന്നത് കുറേക്കൂടി വ്യത്യസ്തമായ കാര്യമാണ്.

> **അതുകൊണ്ടു തന്നെ ദൈവത്തെ മുകളിലത്തെ നിലയിലുള്ള ഒരു കാരണവരെപ്പോലെ സങ്കൽപിക്കുന്ന പകുതി മാനസാന്തരപ്പെട്ടവരുടെ ആരാധനയിൽ എനിക്കു വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു.˝. യേശുക്രിസ്തുവിന്റെ സഭയെ ബാധിച്ചിരുന്ന ഗുരുതരമായ രോഗം ദൈവത്തെ അവിടുത്തെ മഹത്വത്തിലും ഗരിമയിലും നാം കാണുന്നില്ല എന്നതാണ്. ദൈവവുമായി നമുക്കുണ്ടെന്നു ധരിച്ചിരിക്കുന്ന അതിപരിചയം നമ്മെ ഈ സ്ഥിതിയിൽ എത്തിച്ചിരിക്കുന്നു.**

ആരാധന ഒരു മനോഭാവം ആണ്. മനസ്സിന്റെ ഒരു അവസ്ഥയാണ്. ആരാധനയ്ക്കു വ്യത്യസ്ത അളവിലുള്ള പൂർണ്ണതയും ശക്തിയും ഉണ്ടാവാം. ഹർഷോന്മത്തരായി ദൈവത്തെ ആരാധിക്കുന്നവരുണ്ട്. ഒരിക്കൽ മുഴങ്കാലിന്മേൽ നിന്നു അപ്പവീഞ്ഞുകൾ അനുഭവിക്കുന്ന ഒരുവനെ ഞാൻ ശ്രദ്ധിച്ചു. പെട്ടെന്ന് അവൻ ഹർഷോന്മത്തനായി ദൈവികസാന്നിദ്ധ്യബോധത്താൽ ആനന്ദനിർവൃതിയിൽ തന്റെ നെഞ്ചു പൊട്ടിപ്പോകുമോ എന്നു ഭയപ്പെട്ട് മാറത്ത് കൈകൾ പിണച്ചുവയ്ക്കുന്നതു കണ്ടു. ചില സന്ദർഭങ്ങളിൽ മറ്റു ചിലർ ആരാധനയുടെ ലഹ

രിയിൽ മതിമറന്നുപോകുന്നതും കണ്ടിട്ടുണ്ട്. അതേ സമയം ശുദ്ധമനസ്കരായ ചില പുതിയ വിശ്വാസികൾ "അബ്ബാ പിതാവേ" എന്നു മാത്രം ഉരുവിട്ട് ആരാധിക്കുന്നതും കണ്ടിട്ടുണ്ട്. ഏറ്റവും ലളിതമായ ആരാധന മുതൽ അത്യന്തം ഉദാത്തമായ ആരാധനവരെ എത്രയെത്ര സാധ്യതകളാണ് നമ്മുടെ മുമ്പിൽ തുറന്നു കിടക്കുന്നത്!

**ആരാധനയിലെ അവശ്യഘടകങ്ങൾ**

ആരാധനയിലെ അവശ്യഘടകങ്ങൾ എന്തൊക്കെയാണെന്നു ചിന്തിക്കാം..ഒന്നാമത് ആരാധകന് ആരാധിക്കുന്ന ദൈവത്തിലുള്ള സീമാതീതമായ വിശ്വാസമാണാവശ്യം. നിങ്ങൾക്കു പൂർണ്ണമായും വിശ്വാസമർപ്പിക്കാൻ കഴിയാത്ത ഒരു ദൈവത്തെ നിങ്ങൾക്ക് ആരാധിക്കാൻ കഴിയുകയില്ല. ഇത്തരത്തിലുള്ള ദൃഢവിശ്വാസം ദൈവത്തെക്കുറിച്ചുള്ള വലിയ മതിപ്പിലേക്കും തദ്വാരാ ആരാധനയിലേക്കും വഴി തെളിക്കുന്നു.ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളുടെ അടിസ്ഥാനത്തിലാണ് ഏതൊരു സഭയിലും ആരാധനയുടെ നിലവാരം നിർണ്ണയിക്കപ്പെടുന്നത്. നമ്മിൽ മിക്കവരും ദൈവത്തെ വളരെ ചെറുതാക്കിക്കളഞ്ഞിരിക്കുന്നു. "എന്നോടു ചേർന്നു ദൈവത്തെ മഹിമപ്പെടുത്തുവിൻ" എന്നു ദാവീദ് സങ്കീർത്തനത്തിൽ ആവശ്യപ്പെടുന്നു. മഹിമപ്പെടുത്തുക എന്നാൽ ദൈവത്തെ നാം വലിപ്പമുള്ളവനാക്കിത്തീർക്കുക എന്നല്ല അർത്ഥം. ദൈവത്തെ നമുക്ക് ഒട്ടും വലുതാക്കാൻ കഴിയുകയില്ല. എന്നാൽ തന്നെ വലിയവനായി ദർശിപ്പാൻ നമുക്കു കഴിയും. ഞാൻ പറയുന്നതിന്റെ താത്പര്യം ഇതാണ്: ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയാണ് നമ്മുടെ ആരാധനയുടെ തലം നിർണ്ണയിക്കുന്നത്; ആരാധനയെ ഉദാത്തമാക്കുന്നത് .

അതുകൊണ്ടുതന്നെ ദൈവത്തെ മുകളിലത്തെ നിലയിലുള്ള ഒരു കാരണവരെപ്പോലെ സങ്കൽപിക്കുന്ന പകുതി മാനസാന്തരപ്പെട്ടവരുടെ ആരാധനയിൽ എനിക്കു വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള അവരുടെ സങ്കൽപം തികച്ചും മാന്യതയില്ലാത്തതാണ്. യേശുക്രിസ്തുവിന്റെ സഭയെ ബാധിച്ചിരുന്ന ഗുരുതരമായ രോഗം ദൈവത്തെ അവിടുത്തെ മഹത്വത്തിലും ഗരിമയിലും നാം കാണുന്നില്ല എന്നതാണ്. ദൈവവുമായി നമുക്കുണ്ടെന്നു ധരിച്ചിരിക്കുന്ന അതിപരിചയം നമ്മെ ഈ സ്ഥിതിയിൽ എത്തിച്ചിരിക്കുന്നു.

ദൈവവുമായുള്ള സംസർഗ്ഗം(കൂട്ടായ്മ) വെറും പരിചയമല്ല. നീ എന്നുള്ള ദൈവികസംബോധന തന്നെ(പൂജകബഹുവചനത്തിൽ ആണെങ്കിൽപോലും) എനിക്കിഷ്ടമല്ല. നിങ്ങളിൽ ചിലരുടെ വികാരങ്ങളെ ഈ പ്രസ്താവന വ്രണപ്പെടുത്തിയേക്കാം. സംസാരഭാഷയിൽ നാം ഉപയോഗിക്കുന്ന 'നീ' എന്ന സംബോധനയുടെ സ്ഥാനത്ത് 'അവിടുന്ന്', 'അങ്ങ്' തുടങ്ങിയ പഴഞ്ചൻ പദങ്ങളാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ചിലർക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലും ദൈവത്തോടു സംസാരിക്കുമ്പോൾ നിർമ്മലഭക്തിയുടെ സംബോധനകൾ ത്യജിച്ചുകൂടാതെ വണ്ണം എനിക്കു വിലപ്പെട്ടവയാണ്.

അതുപോലെ നമ്മുടെ രക്ഷകനായ യേശുവിനെക്കുറിച്ച് യേശു എന്നുമാത്രം പരാമർശിക്കാൻ നാം തുനിയരുത്. അവിടുന്ന് ആരാണെന്ന കാര്യം നാമോർക്കണം."അവൻ നിന്റെ കർത്താവാണ് അവനെ ആരാധിക്ക." നമ്മുടെ ഏറ്റവും താണ നഷ്ടാവസ്ഥയിൽ അവിടുന്നു കടന്നുവന്ന് ഒരമ്മ തന്റെ കുഞ്ഞിനെ സാന്ത്വനപ്പെടുത്തുന്നതുപോലെ ആശ്വസിപ്പിക്കുന്നവനെങ്കിലും യേശുവിന്റെ മാർവിൽ ചാരിയിട്ടുള്ള യോഹന്നാൻ പോലും പത്മോസിൽ അവനെ കണ്ടപ്പോൾ മരിച്ചവ





നെപ്പോലെ അവിടുത്തേ കാൽക്കൽ വീണു എന്നു നാം മറന്നുകൂടാ.

പല തരത്തിലുള്ള പ്രസംഗകരെ ഞാൻ കേട്ടിട്ടുണ്ട്. വിവരമില്ലാത്ത പൊങ്ങച്ചക്കാർ, മുഷിപ്പിക്കുന്ന ഉണങ്ങി വരണ്ട പ്രസംഗകർ, വാക്ചാതുര്യം ഉള്ളവർ...എന്നിങ്ങനെ പല തരക്കാർ. എന്നാൽ എന്നെ ഏറ്റവും സഹായിച്ചിട്ടുള്ള പ്രസംഗകർ അവർ പരിചയപ്പെടുത്തുന്ന ദൈവത്തിന്റെ സന്നിധിയിൽ അത്ഭുതപരതന്ത്രരായി നിൽക്കുന്നവരാണ്. അവർ നർമ്മബോധമുള്ളവരും സന്തോഷഭരിതരും ആകാം. എന്നാൽ ദൈവത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ അത്ഭുതകരമായ ഒരു വ്യത്യാസം അവരുടെ ശബ്ദത്തിൽപോലും പ്രകടമാകാറുണ്ട്. കവിണ്ണു വീണ് 'സർവ്വശക്തനാം കർത്താവാം ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു നമ്മെക്കൊണ്ട് ഭയഭക്തിയോടെ പറയിക്കുന്ന, ദൈവവചനത്തിൽ അധിഷ്ഠിതമായ ഒരു ദൈവികവീക്ഷണം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ഒന്നു സംഭവിച്ചാൽ മറ്റെന്തിനേക്കാളും അധികം അതു സഭയെ സഹായിക്കും.

ആരാധനയുടെ രണ്ടാമത്തെ ഘടകം ദൈവികമഹത്വത്തെക്കുറിച്ചുള്ള വർദ്ധിച്ച മതിപ്പിൽ നിന്നുമുളവാകുന്ന ആരാധനാമനോഭാവം ആണ്. ദൈവികസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനാണ് മറ്റേതൊരു ദൈവികസൃഷ്ടിയേക്കാളും ദൈവത്തെ വിലമതിക്കാൻ കഴിവുള്ളത്. ദൈവത്തെക്കുറിച്ചുള്ള വർദ്ധമാനമായ ഈ അഭിനന്ദനം മനുഷ്യഹൃദയത്തെ അത്ഭുതാനന്ദങ്ങളാൽ നിറക്കുന്നു. (ആധുനികസുവിശേഷവിഹിതസഭകളിലെ ദൈവം ആരെയും അത്ഭുതപ്പെടുത്താറില്ല. ഭരണഘടനയുടെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന ഒരു

**പലചരക്കുകടയിൽ ഒരു നീണ്ട ലിസ്റ്റുമായി ഒരു ബാലനെ വിടുന്നതുപോലെയാണ് നാം പ്രാർത്ഥനയിൽ ദൈവത്തോട് നമ്മുടെ ആവശ്യങ്ങൾ നിരത്തിവയ്ക്കുന്നത്. ആർദ്രതയുള്ളദൈവം മിക്കസമയങ്ങളിലും നാം ആഗ്രഹിക്കുന്നതൊക്കെ നൽകുന്നവനുമാണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഉപാധി എന്നതിലധികം നാം ദൈവത്തെ വിലമതിക്കാത്തതിൽ അവിടുന്ന് ദുഃഖിതനാണ്. ഏതാവശ്യങ്ങളും നിറവേറ്റുന്ന ഒരുവനായിട്ടാണ് കർത്താവായ യേശുവിനെപ്പോലും നാം അവതരിപ്പിക്കുന്നത്.**

ദൈവം! നമ്മുടെ നിയമാവലിയെ മറികടക്കാത്ത ഒരു ദൈവം! നമ്മുടെ സഭാവിഭാഗത്തോടു കൂറുപുലർത്തുന്ന സൽസ്വഭാവിയായ, നമ്മിൽ ഒരുവനായ ഈ ദൈവം ബുദ്ധിമുട്ടിൽ നമ്മുടെ സഹായത്തിന് ഓടിയെത്തുന്നവനും നാം ഉറങ്ങുമ്പോൾ നമ്മെ കാക്കുന്നവനുമാണ്.) ഇന്നത്തെ പല സുവിശേഷവിഹിതസഭകളുടെ ദൈവത്തെക്കുറിച്ച് എന്റെ ഉള്ളിൽ വലിയ ബഹുമാനം ഒന്നുമില്ല. എന്നാൽ പരിശുദ്ധാത്മാവ് സാക്ഷാൽ ദൈവത്തെ നമുക്കു വെളിപ്പെടുത്തുമ്പോൾ അത്ഭുതത്തോടും അത്യധികം ആനന്ദത്തോടും നാം അവിടുത്തേക്കു പുകഴ്ച അർപ്പിക്കും.

യഥാർത്ഥ ആരാധനയിലെ മറ്റൊരു പ്രധാനഘടകം നമ്മുടെ മനം കവരുന്ന ആകർഷണമാണ്. നാം ആരാധിക്കുന്ന ദൈവത്താൽഹൃദയം പിടിക്കപ്പെട്ടവരായി, ഹർഷോന്മത്തരായിത്തീരുന്ന ഒരവസ്ഥ. നാം വലിയവരായി

ത്തീർന്നുകൊണ്ടിരിക്കുന്നു എന്ന തോന്നലോ സ്തോത്രകാഴ്ച വർദ്ധിക്കുന്നതോ അല്ല ഈ ഉണർവിനു പ്രേരകം. സഭയിൽ വരുന്നവരുടെ എണ്ണവും ഈ ആരാധനയിൽ പ്രസക്തമല്ല. സർവ്വശക്തനായ ദൈവത്തിന്റെ അപ്രമേയമായ മഹത്വവും ഉയർച്ചയും ഉളവാക്കുന്ന അത്ഭുതപരതന്ത്രതയാണ് ആരാധനയുടെ ഒരു പ്രധാന അടിസ്ഥാനം. ഇത്തരത്തിലുള്ള ഒരു ദൈവികദർശനം ആദ്യമായി ലഭിച്ചത് ഞാൻ ഒരു ചെറുപ്പക്കാരനായ ക്രിസ്ത്യാനി ആയിരുന്നപ്പോഴാണ്. പടിഞ്ഞാറൻ വെർജീനിയയിൽ വനമദ്ധ്യേയുള്ള ഒരു ഉരുളൻതടിക്കഷണത്തിൽ പ്രായമുള്ള ഒരു സുവിശേഷകനോടൊപ്പം ഇരുന്ന് തിരുവചനം വായിച്ചുകൊണ്ടിരുന്ന സന്ദർഭം. വായനയ്ക്കുശേഷം തനിയെ പ്രാർത്ഥിക്കാനായി അൽപം വേറിട്ടു മുന്നോട്ടുപോയി. ബൈബിളിലെ ഏറ്റവും വിരസമായ ചില ഭാഗങ്ങൾ-മിസ്രയീമിൽനിന്നു യിസ്രയേൽമക്കൾ പുറപ്പെട്ടുവന്നശേഷം ദൈവം അവരെ തുല്യചതുർഭുജാകൃതിയിൽ പാളയമടിപ്പിച്ച വിവരണം-അപ്പോൾ വായിക്കാനിടയായി. ലേവിഗോത്രത്തെ മദ്ധ്യഭാഗത്തും രൂബേൻ ഗോത്രത്തെ മുമ്പിലും ബന്യാമിൻഗോത്രത്തെ പിറകിലുമായി ദൈവം പാർപ്പിച്ചു. തുല്യചതുർഭുജാകൃതിയിൽ മദ്ധ്യത്തിൽ അഗ്നിജ്വാലയാൽ പ്രകാശിപ്പിക്കപ്പെട്ട ചലിക്കുന്ന ഒരു പട്ടണമായിരുന്നു യിസ്രായേൽപാളയം. പെട്ടെന്നു ദൈവം ഒരു ക്ഷേത്രഗണിതശാസ്ത്രജ്ഞൻ അല്ലെങ്കിൽ ഭാവനാസമ്പന്നനായ ഒരു കലാകാരൻ ആണല്ലോ എന്ന ചിന്ത എന്റെ ഉള്ളിലേക്കു കടൽത്തിരപോലെ കടന്നു വന്നു. ദൈവം എത്ര മനോഹരനാണ്! ദൈവികമായ കലാനൈപുണ്യത്തെയും കാവ്യസംഗീതമാധുര്യത്തേയും ധ്യാനിച്ച് തനിയേ ഒരു മരച്ചുവട്ടിൽ ഞാൻ ദൈവത്തെ ആരാധിച്ചു. ഈ അനുഭവത്തിനു ശേഷം പഴയ ക്രിസ്തീയകീർത്തനങ്ങൾ, മഹത്തായ ക്രൈസ്തവഗാനങ്ങൾ എനിക്കു പ്രിയങ്കരമായിത്തീർന്നു.

ആരാധനയുടെ മറ്റൊരു ഘടകം പൂർണ്ണശക്തിയോടെ ദൈവത്തെ സ്നേഹിക്കുന്നതിലൂടെ ഉളവാകുന്ന ഭയഭക്തിയാണ്. ഭയത്തോടും അത്ഭുതത്തോടും വാഞ്ഛയോടും വിസ്മയത്തോടും കൂടെ സ്നേഹിക്കുക എന്നു പറഞ്ഞാൽ ഒരേസമയം അത്യന്തം ആനന്ദകരവും വേദനാജനകവുമായ അവസ്ഥയാണ്. ചിലപ്പോൾ ഇത്തരം ആരാധന നമ്മെ തികഞ്ഞ നിശ്ശബ്ദതയിലേക്കു നയിക്കും. ഏറ്റവും മഹത്തരമായ ചില പ്രാർത്ഥനകൾ ഒരു വാക്കുപോലും ഉച്ചരിക്കാത്ത ഒരു കൊച്ചുകാര്യംപോലും ആവശ്യപ്പെടാത്തവയാണ്. നാം ചോദിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുകയും പ്രാർത്ഥനയ്ക്കു മറുപടി തരികയും ചെയ്യുന്നവനത്രേ ദൈവം. തിരുവെഴുത്തു വിശ്വസിക്കുന്ന ആരും ഈ കാര്യം സമ്മതിച്ചേ തീരൂ. എന്നാൽ ഈ കാര്യം പ്രാർത്ഥനയുടെ ഒരുവശം മാത്രമാണ്, പരമപ്രധാനമായ അംശം അല്ലതാനും. ചിലപ്പോൾ ഞാൻ ദൈവത്തിന്റെ സന്നിധിയിൽ ചെന്നു പറയാറുണ്ട്: "ദൈവമേ ഇനിയുള്ള എന്റെ നാളുകളിൽ ഒരു പ്രാർത്ഥനയ്ക്കുപോലും അവിടുന്നു മറുപടി നൽകിയില്ലെങ്കിലും എനിക്കുവേണ്ടി അങ്ങു ചെയ്തുകഴിഞ്ഞ കാര്യങ്ങളോർത്ത് ഇഹലോകജീവിതത്തിലും വരുവാനുള്ള നിത്യയുഗങ്ങളിലും ഞാൻ അങ്ങയെ ആരാധിച്ചുകൊണ്ടിരിക്കും" കോടാനുകോടി വർഷങ്ങൾ ജീവിച്ചിരുന്നാലും കൊടുത്തുതീർക്കാൻ കഴിയാത്ത കടപ്പാട് ദൈവം ഇതുവരെ ചെയ്ത കാര്യങ്ങൾ ചിന്തിച്ചാലുണ്ട്.

പലചരക്കുകടയിൽ ഒരു നീണ്ട ലിസ്റ്റുമായി ഒരു ബാലനെ വിടുന്നതു

(ശേഷം പേജ് 42ൽ)







# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-13

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു. ഇതിനിടെ ഇസ്രായേൽ വീണ്ടും ജയിലിലായി. ദൈവനിയോഗപ്രകാരം വിൽക്കേഴ്സൺ സഭാശുശ്രൂഷ മതിയാക്കി ന്യൂയോർക്കിലെത്തി ടീനേജ് ഇവാൻജലിസത്തിനു തുടക്കം കുറിച്ചു. .തുടർന്നു വായിക്കുക*

**ഫെ**ബ്രുവരിയിലെ ഒരു പ്രഭാതം. രണ്ടുവർഷം മുൻപ് ഫെബ്രുവരിയിലാണ് ഞാൻ ടി. വി വിൽക്കാൻ തീരുമാനിച്ചത്, രണ്ടു വർഷത്തിനുശേഷം ഇതാ ഞാൻ തീർത്തും അപരിചിതമായ ഒരു സാഹസോദ്യമത്തിൽ മുഴുകിയിരിക്കുന്നു.

സ്റ്റേറ്റൻ ദ്വീപിലേക്കുള്ള കടത്തുബോട്ടിലാണു ഞാൻ. കടൽത്തിര ഡെക്കിൽ അടിച്ചുകയറുന്നതു നോക്കി നിൽക്കുമ്പോൾ എന്റെ സ്വപ്നം പൂവണിയുന്നതിലേക്കു ഞാൻ ഒരു കനത്ത ചുവടുവയ്ക്കുകയാണെന്ന് എനിക്കു തീരെ ബോധ്യം ഉണ്ടായിരുന്നില്ല. കരയിൽ സ്വാതന്ത്ര്യ പ്രതിമ തലയുയർത്തി നിൽക്കുന്നു. സ്റ്റേറ്റൻ ഐലൻഡിലേക്ക് ഒരു പ്രത്യേക ഉദ്ദേശ്യത്തോടെയാണ് എന്റെ യാത്ര- കൗമാരക്കാർക്കു

വേണ്ടിയുള്ള ഞങ്ങളുടെ പുതിയ ശുശ്രൂഷയ്ക്കായി ഓഫീസുകൾ വാടകയ്ക്കെടുക്കുക.

എന്റെ പോക്കറ്റിൽ ഒരു മേൽവിലാസം ഉണ്ടായിരുന്നു: 1865 വിക്ടറി ബൗളിവാർഡ്. ഇതാണ്ഞങ്ങളുടെ ആസ്ഥാന ഓഫീസ് മന്ദിരത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ അഡ്രസ്സ്. പക്ഷേ ആസ്ഥാനമന്ദിരം കണ്ടപ്പോൾ എനിക്കു ചിരിയടക്കാൻ കഴിഞ്ഞില്ല. ആശാസ്യമല്ലാത്ത ചുറ്റുപാടിൽ അനാകർഷകമായ മൂന്നു മുറികൾ. പുറത്തെ മുറി, അറ്റത്തെ മുറി, പിന്നെ സാധനങ്ങൾ സൂക്ഷിക്കാൻ ഒരു മുറി.

'കൊള്ളാം കർത്താവേ, ഏതായാലും ഇതൊരു സങ്കൽപ്പമല്ല. യാഥാർത്ഥ്യമായല്ലോ. ഒരു സാങ്കൽപ്പികസ്ഥാനത്ത് എങ്ങനെയാണു പെരുമാറേണ്ടതെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു" ഞാൻ പറഞ്ഞു.

'ടീൻഏജ്-ഇവാൻജലിസം'- ഈ മൂന്നു മുറികളിലാണ് തുടക്കം കുറിച്ചത്. ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരനേ ഞങ്ങൾക്കുള്ളൂ - മറ്റാരുമല്ല ഞാൻ തന്നെ. ആ ശമ്പളം കൊണ്ട് എനിക്ക് ഏറ്റവും ചെലവു കുറഞ്ഞ ഒരു ലോഡ്ജിൽ ഏറ്റവും ചെലവു കുറഞ്ഞ ഒരു മുറിപോലും വാടകയ്ക്കെടുക്കുവാൻകഴിയുമായിരുന്നില്ല. അതുകൊണ്ട് നടുക്കുള്ള ഓഫീസ് മുറിയിലെ എന്റെ ഡസ്കിനോടു ചേർന്ന് ഒരു കട്ടിൽ പിടിച്ചിട്ടു കിടപ്പിനുള്ള വട്ടം കൂട്ടി. ഒരു ഹോട്ട്പ്ലേറ്റു കൊണ്ടു പാചകം ചെയ്യാവുന്നതു മാത്രം ഞാൻ ഭക്ഷിച്ചു. പ്രത്യേക സന്ദർഭങ്ങളിൽ ന്യൂയോർക്കിനു ചുറ്റുമുള്ള എന്റെ ചില സുഹൃത്തുക്കൾ എന്റെ മെലിഞ്ഞ ശരീരം കണ്ട് തങ്ങളോടൊപ്പം ഭക്ഷണം കഴിക്കാൻ എന്നെ ക്ഷണിക്കുമായിരുന്നു.

പക്ഷേ ഈ സംവിധാനത്തിലെ ഏറ്റവും കഠിനമായ കാര്യം എന്റെ കുടുംബം വിഭജിക്കപ്പെട്ടുപോയി എന്നതാണ്. പിറ്റ്സ്ബർഗ്ഗിൽ തന്റെ ആളുകളോടൊപ്പമായിരുന്നു ജെൻ കഴിഞ്ഞിരുന്നത്. ആദ്യം ലഭ്യമാകുന്ന സാഹചര്യത്തിൽ തന്നെ എന്നോടൊപ്പം ചേരുവാനായിരുന്നു അവളുടെ ആഗ്രഹം.

"ഡേവ്, നിങ്ങൾ ചെയ്യുന്നതാണു ശരി എന്നെനിക്കറിയാം". ജെൻ ഒരിക്കൽ ടെലിഫോൺ സംഭാഷണത്തിനിടെ പറഞ്ഞു: "പക്ഷേ ഞാൻ ഇവിടെ ഒറ്റയ്ക്കാണ്. പോരെങ്കിൽ നിങ്ങളുടെ ആകൃതി എന്താണെന്നു പോലും അറിയാതെയാണു ഗാരി വളരുന്നത്".

ബോണിക്കും ഡെബിക്കും സ്കൂൾ അടച്ചാൽ ഉടനെ എല്ലാവരും ന്യൂയോർക്കിലേക്കു മാറാമെന്നു ഞങ്ങൾ അന്യോന്യം പറഞ്ഞു സമ്മതിച്ചു. പാർക്കിലെ ബഞ്ചിൽ കിടന്നുറങ്ങാനും ഞങ്ങൾ തയ്യാർ. പക്ഷേ ഇതിനിടെ എന്റെ 'സന്ന്യാസ ജീവിതം' കൊണ്ടു ചില മെച്ചമുണ്ടെന്നു ഞാൻ കണ്ടെത്തി. എന്റെ ഇപ്പോഴത്തെ കൊച്ചു പാർപ്പിടം പ്രാർത്ഥനയ്ക്കുള്ള നല്ല ഒരിടമായി ഞാൻ കണ്ടു. ശ്രദ്ധ പതറിപ്പോകത്തവണ്ണം ഭൗതികസുഖങ്ങളൊന്നും അവിടെ ഉണ്ടായിരുന്നില്ല. ആ പത്ത് ഗുണം പന്ത്രണ്ട് മുറിയിൽ ഒരു മേശയും കുത്തനെ മാത്രം ചാരി ഇരിക്കാവുന്ന ഒരു പരുക്കൻ കസേരയും എന്റെ കട്ടിലും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ പരിമിതമായ സാഹചര്യത്തിൽ ഇരുന്നു പ്രാർത്ഥിക്കുന്നതിൽ ഞാൻ സന്തോഷം കണ്ടെത്തി. എന്റെ ടെലിവിഷൻ കാണുന്ന പഴയ സമയത്തെ- അർദ്ധരാത്രി മുതൽ വെളുപ്പിനെ രണ്ടുവരെ- ഞാൻ പ്രാർത്ഥനയ്ക്കായി താത്പര്യത്തോടെ ഉറ്റുനോക്കുവാൻ തുടങ്ങി. പുതുക്കവും ഉത്സാഹവും ഉണർവും ലഭ്യമാകാതെ ഞാൻ ഒരിക്കൽ പോലും ആ പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റിട്ടില്ല.

ആ ആദ്യനാളുകൾ ആവേശ





ത്തിന്റെ ദിനങ്ങളായിരുന്നു. ന്യായോർക്കുമേഖലയിലുള്ള സ്പാനിഷ്, ഇംഗ്ലീഷ് സഭകൾ ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ 1000 ഡോളർ തന്നു. ഈ പണത്തിൽ മുഖ്യ പങ്കും രണ്ടു പരീക്ഷണങ്ങൾക്കാണു ഞാൻ വിനിയോഗിച്ചത്. ഒന്ന് നഗരത്തിലെ പ്രശ്നഭരിതമായ മേഖലയിലെ ഓരോ ഹൈസ്ക്കൂളിലെയും വിദ്യാർത്ഥികളെ സുവിശേഷ സാഹിത്യവുമായി സന്ധിക്കുന്നതായിരുന്നു ആദ്യപ്രോഗ്രാം. ആ സുവിശേഷ സന്ദേശങ്ങളിൽ ലഹരി മരുന്നുകളുടെ ഉപയോഗം, മദ്യപാനം, ലൈംഗിക അരാജകത്വം, സംഘം ചേർന്നുള്ള അക്രമങ്ങൾ എന്നിങ്ങനെയുള്ള പ്രശ്നങ്ങൾക്ക് ബൈബിളിലൂടെ പോംവഴി നിർദ്ദേശിച്ചിരുന്നു. ഈ പരിപാടിയുടെ വിജയത്തിനായി ഞങ്ങൾ അഹോരാത്രം അധ്വാനിച്ചു. പ്രാദേശിക സഭകളിൽ നിന്ന് നൂറുകണക്കിനു യുവജനങ്ങളെ ഈ സുവിശേഷപ്രതികൾ വിതരണം ചെയ്യുന്നതിനായി ഞങ്ങൾ തിരഞ്ഞെടുത്തു. എന്നാൽ മൂന്നു മാസത്തെ പ്രവർത്തനത്തിനുശേഷവും അതിന്റെ ഫലമായി യഥാർത്ഥമായി മനംതിരിഞ്ഞവർ വിരലിലെണ്ണാവുന്ന ആൺകുട്ടികളും പെൺകുട്ടികളും മാത്രമായിരുന്നു.

അതുകൊണ്ടു ഞങ്ങൾ രണ്ടാമത്തെ പരീക്ഷണത്തിലേക്കു തിരിഞ്ഞു: ടെലിവിഷൻ. ലഹരിമരുന്നിന്റെ ലോകത്തിൽ പെട്ടശേഷം വിടുതൽ കണ്ടെത്തിയ നൂറ് ആൺകുട്ടികളെയും പെൺകുട്ടികളേയും ഞാൻ ഒന്നിച്ചു കൂട്ടി. ഞങ്ങൾ അങ്ങനെ കൗമാരക്കാരുടെ ഒരു ഗായകസംഘത്തിനു രൂപം നൽകി. തുടർന്നു 13 ആഴ്ച തുടർച്ചയായി ഞങ്ങൾ ടെലിവിഷൻ ഷോ നടത്തി. പരിപാടി ലളിതവും അതേസമയം പുതുമയുള്ളതുമായിരുന്നു. കുട്ടികൾ ചേർന്നുപാടും. പിന്നെ ആൺകുട്ടികളിൽ നിന്നോ പെൺകുട്ടികളിൽ നിന്നോ ഒരാൾ തന്റെ അനുഭവം പങ്കിടും.

ഈ ഷോയ്ക്കു ലഭിച്ച റേറ്റിംഗ് ഞങ്ങളെ ഉത്സാഹഭരിതരാക്കി. ഞങ്ങൾ നഗരത്തിലെ കൗമാരക്കാരുടെ ഇടയിൽ പെട്ടെന്നു തന്നെ പോപ്പുലറായി. ഒരൊറ്റ തകരാറേ ഉണ്ടായിരുന്നുള്ളൂ. ടെലിവിഷൻ വലിയ പണച്ചെലവുള്ളതാണ്. നഗരത്തിലെ കുഞ്ഞുങ്ങളെല്ലാം അവരുടെ ചില്ലറ നാണയത്തുട്ടുകൾ ഞങ്ങൾക്ക് അയച്ചുതന്നിട്ടും 13 ആഴ്ചയ്ക്കു ശേഷം ഞങ്ങൾ 4500 ഡോളർ കടത്തിലാണ് എത്തിച്ചേർന്നത്.

ഈ പ്രതിസന്ധി ചർച്ചചെയ്യാനായി അടിയന്തരമായി വിളിച്ച കമ്മിറ്റി മീറ്റിംഗിൽ ഞാൻ പറഞ്ഞു "ഇതിന്റെ ഫലം യഥാർത്ഥത്തിൽ കണ്ടെത്തുന്നതിനു മുൻപുതന്നെ ഈ പരമ്പര നമുക്കു റദ്ദു ചെയ്യേണ്ടിവരുമെന്നാതോന്നുന്നത്".

എല്ലാവരും അതു സമ്മതിക്കുന്നതുപോലെ തോന്നി. വാസ്തവത്തിൽ 13 ആഴ്ചകൂടി ആ പ്രോഗ്രാം തുടരാൻ ഞങ്ങൾ ആഗ്രഹിച്ചു. പക്ഷേ അതിന് ഒരു വഴിയും കണ്ടെത്താൻ കഴിയുമെന്നു തോന്നിയില്ല.

പൊടുന്നനെ യോഗത്തിന്റെ പിന്നിൽ ഒരാൾ എഴുന്നേറ്റു നിന്നു. ഞാൻ അദ്ദേഹത്തെ മുൻപു കണ്ടിട്ടുണ്ടായിരുന്നില്ല. അദ്ദേഹം കഴുത്തിൽ വട്ടത്തിലുള്ള ഒരു കോളറാണു ധരിച്ചിരുന്നത്. അതുകൊണ്ട് അദ്ദേഹം ഒരു എപ്പിസ്കോപ്പൽ സഭാപുരോഹിതനാണെന്നു ഞാൻ കരുതിപ്പോയി.

അദ്ദേഹം സ്വയം പരിചയപ്പെടുത്തി. റവ. ഹെറാൾഡ് ബ്രഡിസൺ, ന്യൂയോർക്ക് മൗണ്ട് വെർണോണിൽ നിന്നുള്ള ഒരു ഡച്ച് ഉണർവു സഭാ ശുശ്രൂഷകനാണ്. "എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്. ഞാൻ നിങ്ങളുടെ പ്രോഗ്രാമുകൾ ടി.വി യിൽ

കണ്ടു. അവയ്ക്ക് പുതുമയുണ്ട്. എനിക്ക് ഇഷ്ടമായി. അതു റദ്ദു ചെയ്യാൻ തീരുമാനിക്കുന്നതിനു മുൻപ് നിങ്ങൾ എന്റെ ഒരു സുഹൃത്തിനെ കണ്ടിരുന്നെങ്കിൽ നന്നായിരുന്നു".

എന്താ കാര്യമെന്നു ശരിക്കു മനസ്സിലായില്ലെങ്കിലും സമ്മതിച്ചു. കാരണം പരിശുദ്ധാത്മാവിന്റെ നിഗൂഢ വഴികളെക്കുറിച്ച് ഞാൻ അറിഞ്ഞു തുടങ്ങിയിരുന്നു. അവിടുന്നു ഞങ്ങൾക്കുവേണ്ടി പുതിയ വാതിൽ തുറന്നേക്കാം.

പിറ്റേന്നു ഞാനും ഹെറാൾഡും മാൻഗാട്ടനിലെ ഒരു മാസികയുടെ പത്രാധിപർ ചേസ് വാക്കറെ കാണാൻ പോയി. ഞങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും അതു തുടങ്ങാൻ ഇടയായ സാഹചര്യങ്ങളെക്കുറിച്ചും ഒക്കെ ഞാൻ പറഞ്ഞത് അദ്ദേഹം ശ്രദ്ധയോടെ കേട്ടു. അദ്ദേഹത്തിനു താത്പര്യമായി. പക്ഷേ സംഭാഷണത്തിന്റെ അന്ത്യത്തിൽ അദ്ദേഹം എന്തുചെയ്യണമെന്നറിയാതെ കുഴങ്ങിയതുപോലെ.

"ആട്ടെ ഞാൻ എന്തു ചെയ്യണമെന്നാണു നിങ്ങൾ ആഗ്രഹിക്കുന്നത്? അദ്ദേഹം ഒടുവിൽ ചോദിച്ചു.

ഹെറാൾഡ് തുറന്നു പറഞ്ഞു: സത്യം പറഞ്ഞാൽ ഞങ്ങൾക്കു 10,000 ഡോളർ വേണം".

വാക്കർ വല്ലാതായി;ഞാനും

പിന്നെ വാക്കർ ചിരിച്ചു: "ഏതായാലും നിങ്ങൾക്ക് എന്നെക്കുറിച്ചുള്ള മതിപ്പിന് എനിക്ക് നന്ദിയുണ്ട്. പക്ഷേ സത്യത്തിൽ എന്റെ പക്കൽ 10,000 ഡോളർ എടുക്കാനില്ല. ഫണ്ട് പിരിവ് എന്റെ ലൈനല്ല താനും. ആട്ടെ, ഈ ആവശ്യം സംബന്ധിച്ച് നിങ്ങൾ എന്നെക്കുറിച്ചു ചിന്തിക്കാൻ എന്താണു കാരണം?"

"എനിക്ക് ശരിക്ക് അതിനൊരു മറുപടി ഇല്ല". ഹെറാൾഡ് പറഞ്ഞു:" ഈ പ്രോഗ്രാം കാൻസൽ ചെയ്യേണ്ടി വന്നേക്കുമെന്ന് ആദ്യം കേട്ടപ്പോൾ മുതൽ ഈ പ്രശ്നത്തിന്റെ താക്കോൽ താങ്കളുടെ കൈയിലുണ്ടെന്ന് എനിക്കു വളരെ ശക്തമായി തോന്നാൻ തുടങ്ങി. എപ്പോഴൊക്കെ ഈ കാര്യത്തെക്കുറിച്ചു ചിന്തിക്കുമോ അപ്പോഴെല്ലാം ഞാൻ 'ചേസ് വാക്കറെ' ഓർക്കാറുണ്ടായിരുന്നു. ഇതിനെക്കാൾ വ്യക്തമായ ഉത്തരമൊന്നും എനിക്കു പറയാനില്ല".

ഹെറാൾഡ് പ്രതീക്ഷയോടെ പറഞ്ഞു നിർത്തി. പക്ഷേ വാക്കർ ഒന്നും ഉരിയാടിയില്ല.

ഹെറാൾഡ് വീണ്ടും സ്വന്ത നിലപാട് ഇങ്ങനെ വിശദീകരിച്ചു "എനിക്കു തെറ്റുപറ്റിയിരിക്കാം. പക്ഷേ ഈ തോന്നലുകൾ പ്രത്യേകിച്ചും അതിത്ര ശക്തമായി വരുമ്പോൾ അതിനെന്തെങ്കിലും അർത്ഥം ഉണ്ടാകാം".

മിസ്റ്റർ വാക്കർ തന്റെ കസേരയിൽ നിന്നെഴുന്നേറ്റു. ഞങ്ങൾക്കനുവദിച്ച സമയം അവസാനിച്ചുവെന്നു വ്യക്തം. എനിക്കെന്തെങ്കിലും ആശയം കിട്ടിയാൽ ഞാൻ നിങ്ങളെ അറിയിക്കാം. ഏതായാലും കഥ എന്നോടു പങ്കിട്ടതിനു നന്ദി".

ഞങ്ങൾ മെല്ലെ ഓഫീസിൽ നിന്നിറങ്ങുവാൻ ഭാവിച്ചു: പക്ഷേ വാതിൽക്കലായപ്പോഴേക്കും വാക്കർ ഞങ്ങളെ തിരിച്ചു വിളിച്ചു: "ഹെറാൾഡ്, ഡേവിഡ്, ഒരു നിമിഷം നിൽക്കണേ''. ഞങ്ങൾ തിരിഞ്ഞു നിന്നു. വാക്കറുടെ മേശയ്ക്കരികിലേക്കു തിരിച്ചു നടന്നു.

"രസകരമായ ഒരു കാര്യം അൽപം മുൻപുണ്ടായി. എനിക്ക് ഒരു ടെലിഗ്രാം കിട്ടി. പക്ഷേ അത് എന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല''. എന്നു പറഞ്ഞ് വാക്കർ തന്റെ മേശമേൽ തിരഞ്ഞ് അതു കണ്ടെടുത്തു. അത് വാക്കറുടെ ഒരു സുഹൃത്തും ഷിക്കാഗോയിലെ കംബൈൻഡ് ഇൻഷ്വറൻസ് കമ്പനിയുടെ പ്രസിഡന്റുമായ ഡബ്ല്യൂ ക്ലമന്റ് സ്റ്റോണിന്റെ കമ്പിയായിരുന്നു. അത് ഇങ്ങനെയായിരുന്നു: 'എന്റെ ആദ്യ ടെലിഗ്രാം കളഞ്ഞേക്കുക. ഞാൻ ബുധനാഴ്ച സാവോയി ഹിൽട്ടണിലായിരിക്കും ഉണ്ടായിരിക്കുക.'

"ബുധനാഴ്ച എന്നു പറയുന്നത് ഇന്നാണ്. പക്ഷേ എനിക്ക് ആദ്യത്തെ ടെലിഗ്രാം കിട്ടിയിട്ടില്ല. ഞങ്ങൾ ഒത്തുചേരാൻ പരിപാടി ഒന്നും ഇട്ടിട്ടില്ലാത്തതിനാൻ, അദ്ദേഹം ടൗണിലുണ്ടെന്ന് എന്നെ അറിയിച്ചത് എന്തിനാണ്? അദ്ദേഹത്തിന്റെ സെക്രട്ടറി മറ്റാർക്കോ അയയ്ക്കാനുള്ള ടെലിഗ്രാം പിശകായി എന്റെ പേരിൽ അയച്ചുപോയതാവും". വാക്കർ വിശദീകരിച്ചു.

പിന്നെ അദ്ദേഹം ഒരു നിമിഷം ഹെറാൾഡിനെ കൗതുകത്തോടെ നോക്കിയിരുന്നിട്ട് ഒരു കടലാസു കഷണം എടുത്തു ധൃതിയിലെന്തോ കുറിച്ചു. അതു കവറിലാക്കി ഞങ്ങൾക്കു നേരെ നീട്ടി കൊണ്ടു പറഞ്ഞു" ഹോട്ടൽ സാവോയിയിലേക്കു പോകുക. അവിടെ ചെന്ന് മിസ്റ്റർ ക്ലമന്റ് സ്റ്റോണിന് ഇതു കൊടുക്കുക. ഇത് ഒരു പരിചയപ്പെടുത്തൽ കുറിപ്പായി ഉപയോഗിക്കാം. എന്തു സംഭവിക്കുന്നുവെന്നു നമുക്കു നോക്കാം. വേണമെങ്കിൽ ഞാൻ അദ്ദേഹത്തിന് എഴുതിയതൊന്നു വായിച്ചോളൂ".

ചേസ് വാക്കറുടെ ഓഫീസിൽ നിന്നു താഴേക്കു പോകാൻ ലിഫ്റ്റിനായി കാത്തുനിൽക്കുമ്പോൾ ഞങ്ങൾ അതു തന്നെയാണു ചെയ്തത്. കത്ത് ഇങ്ങനെയായിരുന്നു

പ്രിയ ക്ലെം,

നഗരത്തിൽ കൗമാരക്കാർക്കു വേണ്ടി ശ്രദ്ധേയമായ ഒരു ശുശ്രൂഷ ചെയ്യുന്ന ഡേവിഡ് വിൽക്കേഴ്സനെ പരിചയപ്പെടുത്താനാണ് ഈ കുറിപ്പ്. തന്റെ പ്രവർത്തനങ്ങൾക്ക് ഡേവിഡിന് 10000 ഡോളർ വേണം. ഇദ്ദേഹത്തിന്റെ കഥ ദയവായി ശ്രദ്ധയോടെ കേൾക്കുക. താത്പര്യം തോന്നുന്നുവെങ്കിൽ അദ്ദേഹത്തെ സഹായിക്കുക.

ചേസ്.

"ഇതാകപ്പാടെ ഒരസംബന്ധമായി തോന്നുന്നു. ആട്ടെ നമ്മൾ ഇദ്ദേഹത്തെ പോയി കാണേണ്ടതുണ്ടെന്നു വാസ്തവത്തിൽ താങ്കൾക്ക് അഭിപ്രായമുണ്ടോ?" ഞാൻ ഹെറാൾഡിനോടു തുറന്നു ചോദിച്ചു.

"തീർച്ചയായും" ഹെറാൾഡിനു തരിമ്പും സംശയം ഇല്ലായിരുന്നു.

ഇരുപതു മിനിറ്റു കഴിഞ്ഞപ്പോൾ ഞങ്ങൾ സാവോയ് ഹോട്ടലിലെ ക്ലെമിന്റെ മുറിയുടെ കതകിനു മുട്ടിക്കൊണ്ടു നിൽക്കുകയാണ്. അപ്പോൾ സമയം വൈകുന്നേരം അഞ്ചര. കഴുത്തിൽ ഒരു വലിയ ടൈ കെട്ടിക്കൊണ്ട് ഒരു മാന്യൻ വന്നു കതകു തുറന്നു. അദ്ദേഹം ഡിന്നറിനു പോകാൻ ധൃതിയിൽ ഒരുങ്ങിക്കൊണ്ടിരിക്കുകയാണെന്നു വ്യക്തം.

"മിസ്റ്റർ സ്റ്റോണല്ലേ?"

ഉവ്വെന്ന് അദ്ദേഹം തലയാട്ടി. ''ക്ഷമിക്കണം ചേസ് വാക്കർ, താങ്കൾക്ക് ഒരു കുറിപ്പു തന്നയച്ചിട്ടുണ്ട്".

വാതിൽക്കൽ നിന്നു തന്നെ അദ്ദേഹം ആ കുറിപ്പ് വായിച്ചു. പിന്നെ ഞങ്ങളെ മുറിയിലേക്കു ക്ഷണിച്ചു. എന്താ ചെയ്യേണ്ടതെന്ന് ഞങ്ങളെപ്പോലെ അദ്ദേഹവും കുഴങ്ങുകയാണെന്നു തോന്നി. തനിക്കു ചില നിമിഷങ്ങൾക്കകം താഴത്തെ നിലയിൽ ഡിന്നറിനു പോകേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ താൻ ഡ്രസ്സുചെയ്യുന്നതിനിടയിൽ പറയാനുള്ളതു പറഞ്ഞാൽ കേൾക്കാൻസന്തോഷമേയുള്ളൂ: അദ്ദേഹം നയം വ്യക്തമാക്കി.

പതിനഞ്ചു മിനിറ്റു കഴിഞ്ഞപ്പോൾ മിസ്റ്റർ സ്റ്റോൺ പോകാൻ ഒരുങ്ങിക്കഴിഞ്ഞു. ഞാനാകട്ടെ കഥയിൽ ടീൻ–

ഏയ്ജ് – ഇവാൻജലിസം രൂപീകരിച്ച തിലേക്കു വരുന്നതേയുള്ളൂ.

"എനിക്ക് ഇപ്പോൾ പോയേ പറ്റൂ" സ്റ്റോൺ മൃദുവായി പറഞ്ഞു". പക്ഷേ ചേസ് വാക്കർ നിങ്ങളെ ശുപാർശ ചെയ്ത സ്ഥിതിക്ക് എനിക്കതു ധാരാളം മതി. നിങ്ങളുടെ പ്രവർത്തന ത്തിന്റെ ഊന്നൽ എനിക്ക് ഇഷ്ടമായി. നിങ്ങളുടെ ബില്ലുകൾ അയച്ചോളൂ. ഞാൻ പതിനായിരം ഡോളർവരെ തന്നോളാം."

ഹെറാൾഡും ഞാനും അന്തം വിട്ടു പരസ്പരം നോക്കി. "അപ്പോൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ ഞാൻ പോകട്ടെ". സ്റ്റോൺ വാതിലിലേക്കു നടക്കുന്നതിനിടയിൽ പറഞ്ഞു: "ആട്ടെ കഥയുടെ ബാക്കി ഭാഗം കൂടി ടേപ്പിലാക്കി ഒന്നയച്ചുതരാമോ? അടുത്ത തവണ ന്യൂയോർക്കിൽ വരുമ്പോൾ ഞാൻ നിങ്ങളെ സന്ദർശിക്കുകയും ചെയ്യാം.... നമുക്ക് വിശദാംശങ്ങൾ അപ്പോൾ പറയാമല്ലോ" അദ്ദേഹം പോയിക്കഴിഞ്ഞു.

അങ്ങനെ കിട്ടിയ 10000 ഡോളർ കൊണ്ട് ഞങ്ങൾ കടം വീട്ടി. അടുത്ത 13 ആഴ്ച ടി. വി പ്രാഗ്രാം തുടർന്നു. ന്യൂയോർക്കിലെ കൗമാരക്കാരുടെ ഇടയിലെ ലഹരി മരുന്ന് ഉപഭോഗത്തെപ്പറ്റി 'കഴുകൻ എന്റെ ഞരമ്പിൽ' എന്നൊരു പടവും എടുത്തു. എന്നാൽ ഈ പണം കേവലം പടവും ടെലിവിഷൻ പ്രോഗ്രാമും മാത്രമല്ല ഞങ്ങൾക്ക് സമ്മാനിച്ചത്. ഈ ശുശ്രൂഷയെപ്പറ്റി ഒരു പുതിയ ആദരവും അതു ഞങ്ങൾക്കു തന്നു. ഞങ്ങളുടെ പ്രവർത്തനത്തിൽ ദൈവത്തിന്റെ കരം ഉണ്ടെന്നു കൂടുതൽ വ്യക്തമാകുകയായിരുന്നു. അവിടുന്നു തന്നെ ഞങ്ങളെ നയിക്കാൻ അനുവദിക്കുന്ന പക്ഷം മുന്നോട്ടുള്ള പാതയിൽ ഞങ്ങളെ കൂടുതൽ അത്ഭുതങ്ങൾ കാത്തിരിക്കുന്നുണ്ടെന്ന് വ്യക്തമായിരുന്നു.

(തുടരും).

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

## Just a minute



You searchth the scriptures, for you believe they give you eternal life! And the scriptures point to Me. Yet you won't come to Me, so that I can give you this life eternal

( Jn.5:39,40)

Pheba Cleetus





# പരിശീലിപ്പിച്ച് വിട്ടയയ്ക്കുക (പേജ് 21ൽ നിന്നു തുടർച്ച)

നേടുകയും, പിന്നെ പുതിയ ഒരു കുടുംബം പണിയുകയും ചെയ്യണം. ഇപ്രകാരം പ്രായപൂർത്തിയായ മക്കൾ മാതാപിതാക്കളുടെ അധീനതയിൽ നിന്നും വിട്ടയയ്ക്കപ്പെടുക, പുതിയ കുടുംബം സ്ഥാപിക്കുക, സന്തതിപരമ്പരകൾക്കു ജന്മം നൽകുക ഇതെല്ലാം ദൈവിക പ്ലാനിൽപ്പെട്ട കാര്യങ്ങളത്രേ

ദൈവം വീണ്ടും മനുഷ്യനോട് തന്റെ പദ്ധതി അറിയിക്കുകയാണ്. "അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും. അവർ ഏകദേഹമായിത്തീരും.(ഉല്പ 2:24) വിവാഹപ്രായമായ മക്കൾ വിവാഹം ചെയ്ത് മാതാപിതാക്കളെ വിട്ടുപിരിയുക എന്നുള്ളത് മനുഷ്യന്റെ ആശയമല്ല, ദൈവത്തിന്റെ ആശയമാണെന്ന തിരിച്ചറിവ് പല മാതാപിതാക്കൾക്കും ഉണ്ടായിട്ടില്ല എന്നതാണ് സത്യം. മക്കൾ വിവാഹത്തോടെ അമ്മയപ്പന്മാരെ ഉപേക്ഷിക്കണമെന്നല്ല, പ്രത്യുത, അവരുടെ അധികാര പരിധിയിൽ നിന്നും നിയന്ത്രണക്കുടക്കീഴിൽ നിന്നും വിമോചിതരാകുന്നു എന്നാണർത്ഥം.

മക്കൾ പ്രായപൂർത്തിയായിക്കഴിഞ്ഞാൽ മാതാപിതാക്കൾ അവർക്ക് തക്ക ജീവിതപങ്കാളികളെ കണ്ടെത്താൻ ഉത്സാഹിക്കുകയും വിവാഹം കഴിപ്പിച്ച് 'വിട്ടയയ്ക്കുകയും' ചെയ്യണം. ഇനി അവരുടെ മേൽനിന്ന് നിങ്ങളുടെ കൈ വലിക്കുക. അവർ സ്വതന്ത്രരായി ജീവിക്കട്ടെ.

### വിട്ടയയ്ക്കാൻ വിഷമം?

ഏതാണ്ട് രണ്ടു ദശാബ്ദക്കാലത്തോളം സ്വന്തമായി വച്ചുകൊണ്ടിരുന്ന പൊന്നുംകുടത്തിനെ അല്ലെങ്കിൽ പുന്നാരമുത്തിനെ വിട്ടുകൊടുക്കേണ്ട സന്ദർഭം വന്നെത്തുമ്പോൾ പല രക്ഷിതാക്കൾക്കും ഉള്ളിൽ വ്യഥയും വേദനയും ഇച്ഛാഭംഗവും നേരിടാറുണ്ട്. ഇത് ഒട്ടൊക്കെ സ്വാഭാവികംതന്നെ; എന്നാൽ ഏറെയും മനോവികാരപരമോ(sentimental) പ്രകൃതിനിയമം സംബന്ധിച്ച അജ്ഞതയോ നിമിത്തമാണ് ഉണ്ടാവുക. പ്രായപൂർത്തിയായ മക്കളെ നമ്മുടെ നിയന്ത്രണം ഒഴിഞ്ഞ് വിട്ടയയ്ക്കാൻ വിഷമം തോന്നുന്നതിന് പല കാരണങ്ങളുണ്ട്:

1. <u>ഉടമസ്ഥാവകാശം</u> : മക്കൾ ദൈവം നൽകുന്ന ദാനങ്ങൾ അഥവാ സമ്മാനങ്ങളാകുന്നു. അവരുടെ ആത്യന്തികമായ ഉടമസ്ഥാവകാശം നമ്മിലല്ല, ദൈവത്തിൽ തന്നെയാണ് നിക്ഷിപ്തമായിരിക്കുന്നത്. സകല ജഡത്തിന്റെയും ഉടയവൻ ഒരു കാലയളവിലേക്ക് ചില കുഞ്ഞുങ്ങളുടെ ഉത്തരവാദിത്വം നമ്മെ ഏൽപിച്ചിരിക്കുകയാണ്. അവരെ ആയുഷ്ക്കാലം മുഴുവൻ നമ്മുടെ സ്വന്തമാക്കി വയ്ക്കാനല്ല, സമയമാകുമ്പോൾ തിരുഹിതപ്രകാരം വിട്ടയയ്ക്കാനാണ് ദൈവം താൽപ്പര്യപ്പെടുന്നത്. കുഞ്ഞുങ്ങളെക്കുറിച്ച് അവർ എന്റേതും എന്റേതുമാത്രവുമാണ് എന്നീ വിധം ഉടമസ്ഥാവകാശപ്പെടുന്നവർക്ക്(possessive) വിട്ടയയ്ക്കൽ അതീവദുഷ്ക്കരമായിരിക്കും.

കുഞ്ഞുങ്ങളെ യാഗപീഠത്തിൽവച്ച് ദൈവത്തിനു സമർപ്പിക്കുകയാണ് ഇതിനുള്ള മറുമരുന്ന്. ഇടയ്ക്കിടെ അപ്രകാരം ചെയ്യുന്നതായി നിങ്ങൾ ഭാവനകാണണം. അങ്ങനെ ചെയ്യുന്നപക്ഷം ഇയ്യോബിനെപ്പോലെ ‘‘കർത്താവു തന്നു, കർത്താവു തിരികെ എടുത്തു; അവിടുത്തെ നാമം മഹത്വപ്പെടട്ടെ" എന്ന മനോഭാവം നമുക്കും ലഭ്യമാകും.

2. <u>മക്കളിൽ ജീവിക്കുന്നവർ</u> : ചില

മാതാപിതാക്കൾ തങ്ങളുടെസകല ആശയും പ്രതീക്ഷയും മക്കളിലാണ് അർപ്പിച്ചിരിക്കുന്നത്. ചെറുപ്പത്തിൽ തങ്ങൾക്ക് നേടാൻ കഴിയാത്ത കാര്യങ്ങൾ ഇപ്പോൾ മക്കളിലൂടെ യാഥാർത്ഥ്യമാക്കാൻ അവർ ആഗ്രഹിക്കുന്നു. ഉദാഹരണമായി സംഗീതം, .സ്പോർട്സ്, സൗന്ദര്യം, വിദ്യാഭ്യാസം, ഉന്നതസ്ഥാനമാനങ്ങൾ, ധനശേഷി ഇത്യാദി. അവർ ഇന്ന് മക്കളിലൂടെ തങ്ങളുടെ വ്യക്തിത്വം/ അനന്യത(identity) കണ്ടെത്തി അനുഭവിച്ച് ജീവിക്കുകയാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ അവർ മക്കളിലേക്ക് കയറിക്കൂടി ജീവിക്കുകയാണ്. തികച്ചും തെറ്റായ ഒരു ജീവിതദർശനമത്രേ ഇത്.

മറ്റൊരു കൂട്ടരാകട്ടെ, സകലവും മക്കൾക്കായി ഉഴിഞ്ഞുവച്ച് അവർക്കായി മാത്രം ജീവിക്കുന്നവരാണ്. രാപകലില്ലാതെ അപ്പനുമമ്മയും അധ്വാനിച്ച് പണമുണ്ടാക്കി മക്കൾ എന്ന ഏകലക്ഷ്യവും സ്വപ്നവുമായി മുന്നോട്ടു പോകുന്നു. മക്കൾക്കെന്തെങ്കിലും സംഭവിച്ചാൽ, അഥവാ അവരെ പിരിയേണ്ടിവന്നാൽ.. ഓ അതവർക്ക് ചിന്തിക്കാൻപോലും സാധ്യമല്ല. അല്ല, നിങ്ങൾ മക്കൾക്കും കുടുംബത്തിനും വേണ്ടിയല്ല, ദൈവത്തിനുവേണ്ടിയാണ് ജീവിക്കേണ്ടത്.

3. ബന്ധങ്ങൾക്ക് സ്ഥാനഭ്രംശം: വിവാഹത്തിലുള്ള ദൈവത്തിന്റെ പദ്ധതി, ഭാര്യയും ഭർത്താവും ആജീവനാന്തപങ്കാളികൾ ആയിരിക്കുക എന്നതാണ്. എഫെസ്യർ 5:22-33 വചനങ്ങൾ വിവാഹിതർക്കുവേണ്ടിയുള്ളതാണ് അവിടെ കുഞ്ഞുങ്ങളെക്കുറിച്ച് യാതൊരു പരാമർശവുമില്ലെന്ന വസ്തുത ശ്രദ്ധിക്കുക. എന്നാൽ ചില കുടുംബങ്ങളിലെങ്കിലും മക്കളുടെ ആഗമനത്തോടെ ബന്ധങ്ങളിൽ പുതിയ സമവാക്യങ്ങൾ ഉടലെടുക്കു

**24 മണിക്കൂറും പഠിത്തം, പരീക്ഷ, ഉയർന്ന റാങ്ക്. ഉയർന്ന ഉദ്യോഗം, മാന്യമായ ജീവിതം ഇവ മാത്രമാണവർ കേട്ടു വളർന്നു വന്നത്. കടയിൽ പോയി നല്ല സാധനങ്ങൾ നോക്കി വാങ്ങാനോ ഭക്ഷണം പാചകം ചെയ്യാനോ അത്യാവശ്യംവേണ്ട തയ്യലോ രോഗീപരിചരണമോ ഒന്നും മകളെ പരിശീലിപ്പിച്ചില്ല ആ മാതാവ്; ഇപ്പോൾ സംതൃപ്തിയോടെ എങ്ങനെ വിട്ടയയ്ക്കും? മക്കളെ പ്രായോഗിക ജീവിത പാഠങ്ങൾ പഠിപ്പിച്ചിട്ടില്ലാത്ത മാതാപിതാക്കളെ, നിങ്ങൾക്കു ഹാ കഷ്ടം! ലജ്ജയും അപമാനവും കുറ്റബോധവും നിങ്ങളെ കാത്തിരിക്കുന്നു.**

ന്നു. 'അമ്മയും മക്കളും' അല്ലെങ്കിൽ 'അപ്പനും മക്കളും' എന്ന അവസ്ഥ കൂടുതൽ ശക്തമാവുകയും 'ഭർത്താവും ഭാര്യയും' എന്ന സ്ഥിതി വിസ്മൃതമാകുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ കുടുംബബന്ധത്തിന്റെ നിലനിൽപ്പ് മക്കൾ എന്ന കണ്ണിയെ ആശ്രയിച്ചാകുന്ന ഒരവസ്ഥ. ഇവിടെ മക്കളെ സ്വതന്ത്രരായി വിട്ടയയ്ക്കാൻ മാതാപിതാക്കൾ വളരെ വിമുഖരായിരിക്കും. എന്താണ് പോംവഴി? അവസാനംവരെ നിങ്ങൾ 'ഭർത്താവും ഭാര്യയും' ആകുന്നുവെന്നും 'പിതാവും മാതാവും' എന്ന സ്ഥിതി ഇടക്കു ലഭിച്ച അഭിനയഭാഗം(role) മാത്രമാണെന്നും തിരിച്ചറിയുക.

4 മക്കളിലൂടെ നേട്ടങ്ങൾ : യിസ്ഹാക്ക് മൂത്തമകനായ ഏശാവ് കൊണ്ടുവന്നിരുന്ന വേട്ടയിറച്ചിയിൽ രുചി പിടിച്ച് അവനെ കൂടുതൽ സ്നേഹിച്ചിരുന്നു (ഉല് 27:3-4) മുതിർന്ന മക്കളിലൂടെ ലഭിക്കുന്ന





സാമ്പത്തിക നേട്ടങ്ങൾ, സ്ഥാനമാനങ്ങൾ, സ്വാധീനശേഷി എന്നിവകളിൽ മതി മറന്നു പോകുന്ന മാതാപിതാക്കളെയും അവിടവിടെ കണ്ടെത്താൻ കഴിയും. സ്വാർത്ഥലക്ഷ്യങ്ങളിൽ കണ്ണുനട്ടിരിക്കുന്ന ഇക്കൂട്ടർക്ക് മക്കൾ കറവപ്പശുവാണ്, സാമ്പത്തികവും വൈകാരികവുമായ നേട്ടങ്ങളാകുന്ന പൊൻമുട്ടയിടുന്ന താറാവാണ്. തന്നിമിത്തം അവരെ സ്വതന്ത്രരായി വിട്ടയയ്ക്കാൻ അവർ ഒരുക്കമല്ല. കഴിയുന്നേടത്തോളം അവരെ തങ്ങളൊപ്പം നിർത്താൻ ശ്രമിക്കും.

അപ്പൊസ്തലനായ പൗലൊസ് നല്ലൊരു ആത്മീയപിതാവായിരുന്നു. അദ്ദേഹം പറയുകയാണ് "ഈ മൂന്നാം പ്രാവശ്യം നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു; നിങ്ങൾക്കു ഭാരമായിത്തീരുകയുമില്ല; നിങ്ങൾക്കുള്ളതിനെയല്ല നിങ്ങളെത്തന്നെ ഞാൻ അന്വേഷിക്കുന്നു. മക്കൾ അമ്മയപ്പന്മാർക്കല്ല അമ്മയപ്പന്മാർ മക്കൾക്കായിട്ടല്ലോ ചരതിക്കേണ്ടത് (സമ്പാദിക്കേണ്ടത്) (1കൊരി12:14) വൃദ്ധമാതാപിതാക്കളെ മക്കൾ സംരക്ഷിക്കേണ്ടതില്ല എന്നല്ല ഇതിനർത്ഥം.

5. കുറ്റബോധം : ഇക്കാലത്ത് പല മാതാപിതാക്കളും മക്കളെ വിട്ടയയ്ക്കുന്നത് കുറ്റബോധം നിറഞ്ഞ മനസ്സോടെയാണ്. അതിനു കാരണവുമുണ്ട്. മക്കളെ പഠിപ്പിച്ച് ഉയർന്ന ഉദ്യോഗം നേടിക്കൊടുത്തു. എന്നാൽ അവർക്ക് ആകെ അറിയാവുന്നത് ജോലി ചെയ്ത് ശമ്പളം വാങ്ങുക മാത്രമാണ്; ഉത്തരവാദിത്വം ഏറ്റെടുക്കാനോ കാര്യങ്ങൾ നടത്താനോ വീട്ടുകാര്യം നോക്കാനോ അവരെ അഭ്യസിപ്പിച്ചില്ല. 24 മണിക്കൂറും പഠിത്തം, പരീക്ഷ, ഉയർന്ന റാങ്ക്. ഉയർന്ന ഉദ്യോഗം, മാന്യമായ ജീവിതം ഇവ മാത്രമാണവർ കേട്ടു വളർന്നു വന്നത്. കടയിൽ പോയി നല്ല സാധനങ്ങൾ നോക്കി വാങ്ങാനോ ഭക്ഷണം പാചകം ചെയ്യാനോ അത്യാവശ്യംവേണ്ട തയ്യലോ രോഗപരിചരണമോ ഒന്നും മകളെ പരിശീലിപ്പിച്ചില്ല ആ മാതാവ്; ഇപ്പോൾ സംതൃപ്തിയോടെ എങ്ങനെ വിട്ടയയ്ക്കും? മക്കളെ പ്രായോഗിക ജീവിതപാഠങ്ങൾ പഠിപ്പിച്ചിട്ടില്ലാത്ത മാതാപിതാക്കളേ, നിങ്ങൾക്കു ഹാ കഷ്ടം! ലജ്ജയും അപമാനവും കുറ്റബോധവും നിങ്ങളെ കാത്തിരിക്കുന്നു.

നിയന്ത്രണമൊഴിഞ്ഞ് മക്കളെ വിട്ടയച്ചശേഷവും അവരുമായി നല്ല ബന്ധം പുലർത്തുക. ഏതാവശ്യത്തിലും സഹായിക്കാൻ നിങ്ങൾ ഒരുക്കമുള്ളവരും ആയിരിക്കണം. എന്നാൽ വീണ്ടും നിയന്ത്രണം ഏറ്റെടുക്കാൻ ഒരിക്കലും ശ്രമം നടത്തരുത്. അത് ദുരന്തത്തിലേ കലാശിക്കൂ. മാത്രമല്ല പുതിയ കുടുംബം സ്ഥാപിച്ച മക്കൾക്കായി നിരന്തരം ദൈവമുമ്പാകെ പ്രാർത്ഥനയിൽ ജാഗരിക്കുകയും വേണം. ദൈവപുരുഷനായ ഇയ്യോബ് മക്കൾക്കുവേണ്ടി തുടർച്ചയായി പ്രാർത്ഥിക്കുകയും യാഗമർപ്പിക്കുകയും ചെയ്തുപോന്നുവല്ലോ.

**സംക്ഷേപം** : മക്കളെ ശരിയായി പരിശീലിപ്പിച്ച് വിട്ടയയ്ക്കാനുള്ള ദീർഘവീക്ഷണം മാതാപിതാക്കൾക്ക് ആവശ്യമാണ്. ഇന്നത്തെ ദുഷിച്ച തലമുറയിൽ തിന്മയെ അതിജീവിക്കുവാൻ മതിയായ അഭ്യസനം മക്കൾക്ക് നൽകണം. സ്വയം ചിന്തിച്ചു വളരാൻ കുട്ടികളെ അനുവദിക്കുക. മുതിർന്ന മക്കളെ വിട്ടയയ്ക്കുന്നതിനുള്ള തടസ്സങ്ങൾ കണ്ടെത്തി പരിഹരിക്കുന്നപക്ഷം തൃപ്തിയോടും സന്തോഷത്തോടും കൂടെ അവരെ സ്വതന്ത്രരാക്കാൻ കഴിയും.

(തുടരും)

## യഥാർത്ഥ ആരാധനയുടെ ഘടകങ്ങൾ (പേജ് 32 ൽ നിന്ന്)

പോലെയാണ് നാം പ്രാർത്ഥനയിൽ ദൈവമുമ്പാകെ നമ്മുടെ ആവശ്യങ്ങൾ നിരത്തിവയ്ക്കുന്നത്. ആർദ്രതയുള്ളദൈവം മിക്കസമയങ്ങളിലും നാം ആഗ്രഹിക്കുന്നതൊക്കെ നൽകുന്നവനുമാണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഉപാധി എന്നതിലധികം നാം ദൈവത്തെ വിലമതിക്കാത്തതിൽ അവിടുന്ന് ദുഃഖിതനാണ്. ഏതാവശ്യങ്ങളും നിറവേറ്റുന്ന ഒരുവനായിട്ടാണ് കർത്താവായ യേശുവിനെപ്പോലും നാം അവതരിപ്പിക്കുന്നത്. ഇന്നത്തെ സുവിശേഷവിളംബരത്തിന്റെ സ്പന്ദിക്കുന്ന ഹൃദയം ഇവിടെയാണ്. നിങ്ങൾ ആവശ്യത്തിലായിരിക്കുന്നു. ആ ആവശ്യം നിറവേറ്റുന്ന ഒരു യേശു. അത്രമാത്രം! എന്നാൽ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരുവനിൽനിന്നും എത്രയോ മഹത്വപൂർണ്ണനാണ് ദൈവം!

### ആന്തരിക പ്രാർത്ഥന

മേൽപ്പറഞ്ഞ മാനസികവും വൈകാരികവും ആത്മീയവുമായ ഘടകങ്ങൾ വ്യത്യസ്തഅളവുകളിൽ ഉണ്ടായിരിക്കുകയും ഗാനങ്ങളിലൂടെയോ സ്തുതിയിലൂടെയോ പ്രാർത്ഥനയിലൂടെയോ അതു പ്രകടമാക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ആരാധിക്കുകയത്രേ. ആന്തരികപ്രാർത്ഥന എന്താണെന്നു നിങ്ങൾക്കു അറിയാമോ? ആന്തരികപ്രാർത്ഥന ഇടവിടാതെയുള്ള പ്രാർത്ഥന സാധ്യമാക്കുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന സഹോദരൻ ലോറൻസ് 'ദൈവസാന്നിദ്ധ്യപരിശീലനം'എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയം ആണ്. "ഞാൻ അടുക്കളയിൽ പാത്രങ്ങൾ വൃത്തിയാക്കുമ്പോഴോ നിലത്തുനിന്നു ഒരു വൈക്കോൽ എടുക്കുമ്പോഴോ ദൈവികകൂട്ടായ്മയിലാണ്. ആശ്രമത്തിലെ നിയമം അനുശാസിക്കുമ്പോലെ പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കാറുണ്ട്. എന്നാൽ അത്തരം സമയങ്ങൾ എന്റെ തുടർമാനമായ ദൈവികകൂട്ടായ്മയുടെ സമയത്തിൽനിന്നും ഭിന്നമല്ല." തുടർമാനമായ ദൈവികകൂട്ടായ്മയുടെ രഹസ്യം സഹോദരൻ ലോറൻസ് സ്വായത്തമാക്കിയിരുന്നു.

പ്രസംഗപീഠത്തിൽ പ്രവേശിക്കുമ്പോൾ തൊട്ടുമുമ്പുള്ളതിൽനിന്നു വ്യത്യസ്തനായിരിക്കുന്ന ഒരു ശുശ്രൂഷകനെക്കുറിച്ചു ഞാൻ ഭയപ്പെടുന്നു. പ്രസംഗപീഠത്തിലേക്കു കൊണ്ടുവരാൻ കഴിയാത്ത ഒരു ചിന്തയോ പ്രവൃത്തിയോ ഒരു ശുശ്രൂഷകനും വെച്ചുപുലർത്തിക്കൂടാ. പ്രസംഗപീഠത്തിൽ കയറുമ്പോൾ നീ വ്യത്യസ്തനായ ഒരുവനായി ഭയഭക്തി വെളിപ്പെടുത്തുന്ന ഒരു പുതിയ ശബ്ദത്തിന്റെ ഉടമ ആകേണ്ടതില്ല. സാമാന്യജീവിതത്തെ ബാധിക്കുന്ന എന്തെങ്കിലും വിഷയം മറ്റൊരാളോട് അല്പം മുമ്പ് സംസാരിച്ചുകൊണ്ടിരുന്ന അതേ ആത്മാവിൽ നിനക്കു പ്രസംഗപീഠത്തിൽ പ്രവേശിപ്പാൻ കഴിയണം. മോശെ പർവ്വതത്തിൽ നിന്നു ജനത്തോടു സംസാരിക്കാനായി താഴേക്കിറങ്ങി വന്നു. ജനത്തോടു സംസാരിക്കാൻ ശുശ്രൂഷകൻ പ്രസംഗപീഠത്തിലേക്കു താഴെനിന്നു കയറിച്ചെല്ലുമ്പോൾ ആ സഭയ്ക്കു അയ്യോ കഷ്ടം! ദൈവികശുശ്രൂഷ ചെയ്യുന്നവൻ എപ്പോഴും പ്രസംഗപീഠത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നവൻ ആയിരിക്കേണം. ജോൺ വെസ്ലി സാധാരണ ദൈവജനത്തോടു കൂടെ വസിക്കുകയും ചിലപ്പോഴൊക്കെ ജനത്തോടു സംസാരിക്കാൻ ഇറങ്ങിവരികയും ചെയ്യുമായിരുന്നു എന്നു മറ്റുള്ളവർ പറഞ്ഞിരുന്നു. സത്യാരാധനക്കാരായ എല്ലാവരുടേയും അനുഭവം ഇതു തന്നെ ആയിരിക്കണം.

(അവസാനിച്ചു)



# God's Commandments

*"Now by this we know that we know Him, if we keep His commandments. He who says, "I know Him," and does not keep His commandments, is a liar, and the truth is not in him." (1 John 2:3-4)*

Our response to God's commandments reveals our true spiritual condition. Obeying them is proof that we know God. The Bible contains many commandments covering various areas of our lives, but Jesus sums them all up in one that takes precedence over all others: *"A new commandment I give to you, that you love one another; as I have loved you, that you also love one another. By this all will know that you are My disciples, if you have love for one another." (John 13:34-35)*

By obeying this commandment we fulfil the entire law: "For all the law is fulfilled in one word, even in this: 'You shall love your neighbour as yourself'" (Galatians 5:14). Love is the end purpose for which all other commandments were given: "Now the purpose of the commandment is love from a pure heart, from a good conscience, and from sincere faith, from which some, having strayed, have turned aside to idle talk . . ." (1 Timothy 1:5-6). Any religious activity which does not produce love is merely wasted effort. It is on this basis that we must assess our obedience to God's commandments. We need to ask ourselves: Is my life an expression of God's love?

## പഠനസമയം

A Joyful 'toon by Mike Waters




സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നിൽപാൻ ശ്രമിക്കുക-2 തിമൊ.2:15

JEEVA MOZHIKAL RNI/KERBIL/-2003/21404
October 2009 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# കാർമേഘത്തിനിടയിലെ മഴവില്ല്

'കാർമേഘവും സൂര്യപ്രകാശവും'(Cloud and sunshine)-ഒരു ഗ്രന്ഥത്തിന്റെ പേരാണ്. ഹന്ന ഹിഗ്ഗിൻസ് എന്ന വനിതയാണ് പ്രശസ്തമായ ഈ ഗ്രന്ഥം എഴുതിയത്'ക്ലേശങ്ങൾക്കു നടുവിലും കർത്താവിൽ എപ്പോഴും സന്തോഷിപ്പാൻ കഴിയും' എന്ന സന്ദേശം നൽകുന്ന ഈ ഗ്രന്ഥം എഴുതിയ ഹന്നയുടെ ജീവിതം അരനൂറ്റാണ്ടോളം കിടക്കയിൽത്തന്നെ ആയിരുന്നു.

വളരെ ചെറിയ പ്രായത്തിൽ തന്നെ അസ്ഥിരോഗം മൂലം ഹന്നയ്ക്ക് കാൽപ്പാദങ്ങൾ മുറിച്ചുമാറ്റേണ്ടിവന്നു. പിന്നീട് തളർച്ച ബാധിച്ച് 50 വർഷം അവർ കിടക്കയിൽത്തന്നെ ചെലവഴിച്ചു. കഠിനമായ വേദന പലപ്പോഴും അവർക്കു അനുഭവിക്കേണ്ടിവന്നു. എന്നാലും അതിനിടയിലും യേശുവിലുള്ള ലളിതമായ വിശ്വാസത്തിലും ആശ്രയത്തിലും അവർ കിടക്കയിൽ സന്തോഷത്തോടെ കഴിഞ്ഞത് അനേകർക്കും വെല്ലുവിളി ആയിരുന്നു. 'നന്ദി പറയുന്ന സ്ഥലം' എന്നായിരുന്നു അവർ തന്റെ കിടക്കയ്ക്ക് ഇട്ടിരുന്ന പേര്.

കിടക്കയിലായിരിക്കുമ്പോൾ ഹന്ന അനേകർക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഇരുനൂറോളം പേരെ സ്ഥിരമായി ഓർത്തിരുന്നു. ഇടയ്ക്കിടെ അവർക്കു പ്രോത്സാഹജനകമായ കത്തുകളും എഴുതും.

'കാർമേഘവും സൂര്യപ്രകാശവും ' എന്ന തന്റെ കൃതി എഴുതുന്നത് ഹന്നയ്ക്ക് 77 വയസ്സുള്ളപ്പോഴാണ്. വാർദ്ധക്യത്തിലേക്കു കടന്നപ്പോൾ അവർ പറഞ്ഞു-'പ്രശ്നങ്ങളുടെ നടുവിലും സന്തോഷമായി ജീവിക്കുവാൻ കഴിയും. അങ്ങനെ സാധിക്കുമെന്ന് കർത്താവിന്റെ കൃപയാൽ എനിക്കു തെളിയിക്കുവാൻ കഴിഞ്ഞല്ലോ'. തുടർന്ന് അവർ തന്റെ അനുഭവങ്ങൾ അനേകരുമായി പങ്കുവയ്ക്കുവാനാണ്'കാർമേഘവും സൂര്യപ്രകാശവും' എഴുതിയത്.

കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു'(ഫിലി.4:4)

കാർമേഘങ്ങൾക്കിടയിലും മഴവില്ലു കാണാൻ സ്നേഹിതാ താങ്കൾക്കു കഴിയുന്നുണ്ടോ?.

Printed, Published and owned by T. Ipe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.